# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## തൃക്കൊടിത്താനം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001

ഇ-മെയിൽ: doktm.ksad@kerala.gov.in

ഫോൺ : 0481-2564886

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.കെ.ടി.എം.പി.10/676/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001
തീയ്യതി: 31/05/2022
ഇ-മെയിൽ: doktm.ksad@kerala.gov.in
ഫോൺ: 0481-2564886

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
തുക്കൊടിത്താനം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : തൃക്കൊടിത്താനം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തൃക്കൊടിത്താനം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോട്ടയം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.കെ.ടി.എം.പി.10/676/2022 തീയ്യതി: 31/05/2022

## കോട്ടയം ജില്ലയിലെ തുക്കൊടിത്താനം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ തുക്കൊടിത്താനം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-03-2021 മുതൽ 31-03-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 24 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 24 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 12-04-2022 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. രാധാകൃഷ്ണൻ എം എൻ | ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ) | 04-04-2022 | 12-04-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 04-04-2022 | 12-04-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.പ്രസാദ്.പി.ജി.,ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
ശ്രീമതി ലേഖ വി, ഓഡിറ്റ് ഓഫീസർ
ശ്രീമതി അമ്പിളി എം,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി ദർശന.വി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ സുനിൽ കുമാർ.ജി, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ എമിൽ റ്റി എബ്രഹാം,സീനിയർ ഗ്രേഡ് ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.എൻ രാജു | പ്രസിഡന്റ് | 01-04-2020 | 11-11-2020 |

| | | | |
|---|---|---|---|
| ശ്രീമതി.കെ എൻ സുവർണ്ണകുമാരി | പ്രസിഡന്റ് | 30-12-2020 | 31-03-2021 |
| ശ്രീ..എൻ ആർ മുരളീധരൻ നായർ | സെക്രട്ടറി | 01-04-2020 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.അനൂപ് കൃഷ്ണൻ | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീമതി.ലക്ഷ്മി എസ് | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2020 | 01-11-2020 |
| ശ്രീമതി.ദീപ്തി വി | ഐ സി ഡി എസ് സൂപ്പർവൈസർ | 02-11-2020 | 31-03-2021 |
| ശ്രീമതി.അനീസ എ | വി ഇ ഒ | 01-04-2020 | 31-03-2021 |
| ശ്രീ.ബിജു റ്റി എസ് | വി ഇ ഒ | 01-04-2020 | 31-03-2021 |
| ഡോ രേവതി റ്റി ആർ | വെറ്റിനറി സർജൻ | 01-04-2020 | 28-09-2020 |
| ഡോ.അഞ്ജു ശേഖർ | വെറ്റിനറി സർജൻ | 29-09-2020 | 31-03-2021 |
| ഡോ.സജിത്ത് | മെഡിക്കൽ ഓഫീസർ, ആയുർവ്വേദം | 01-04-2020 | 31-05-2020 |
| ഡോ.ഷേർളി ദിവാനി | മെഡിക്കൽ ഓഫീസർ, ആയുർവ്വേദം | 01-06-2020 | 23-11-2020 |
| ഡോ.ഗീത ദേവി | മെഡിക്കൽ ഓഫീസർ, ആയുർവ്വേദം | 24-11-2020 | 31-03-2021 |
| ഡോ പ്രീത | മെഡിക്കൽ ഓഫീസർ ,ഹോമിയോ | 01-04-2020 | 31-03-2021 |
| ഡോ സിനി തോമസ് | മെഡിക്കൽ ഓഫീസർ പി എച്ച് സി | 01-04-2020 | 23-04-2020 |
| ഡോ.ഷീജാ ഫിലിപ്പ് | മെഡിക്കൽ ഓഫീസർ പി എച്ച് സി | 24-04-2020 | 31-03-2021 |
| ശ്രീ.എസ് പ്രകാശ് | ഹെഡ്മാസ്റ്റർ | 01-04-2020 | 31-03-2021 |
| ശ്രീമതി.ഉഷാഭായി | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീമതി.ബിൻസി ചെറിയാൻ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2020 | 31-03-2021 |
| ശ്രീമതി.ലൈല ബി | അസി.എഞ്ചിനീയർ | 01-04-2020 | 31-03-2021 |

12.11.2020 മുതൽ 29.12.2020 വരെ അഡ്മിനിസ്ട്രേറ്റീവ് ഭരണത്തിലായിരുന്നു.

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്-വിശകലനം<br>Written By: Emil T Abraham (Senior Grade Auditor, On 07-04-2022)<br>Last Updated By: Emil T Abraham (Senior Grade Auditor, On 11-04-2022) | 1-1 |
| 2 | വാർഷിക കണക്കുകളുടെ പരിശോധന<br>Written By: Lekha V (Audit Officer, On 12-04-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 31-05-2022) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: Emil T Abraham (Senior Grade Auditor, On 07-04-2022)<br>Last Updated By: Sinimol Francis (Computer Assistant, On 26-05-2022) | 1-3 |
| 4 | ഫണ്ട് വിനിയോഗം<br>Written By: Lekha V (Audit Officer, On 12-04-2022)<br>Last Updated By: M.N.Radhakrishnan (Deputy Director, On 31-05-2022) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: Prasad P G (Audit Officer, On 12-04-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 31-05-2022) | 1-5 |
| 6 | മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പുപദ്ധതി<br>Written By: Emil T Abraham (Senior Grade Auditor, On 07-04-2022)<br>Last Updated By: Sinimol Francis (Computer Assistant, On 26-05-2022) | 1-6 |
| 7 | സാമൂഹ്യക്ഷേമ പദ്ധതികൾ<br>Written By: Emil T Abraham (Senior Grade Auditor, On 07-04-2022)<br>Last Updated By: Emil T Abraham (Senior Grade Auditor, On 11-04-2022) | 1-7 |
| 8 | ക്യാഷ്ബാലൻസ് പരിശോധന<br>Written By: Emil T Abraham (Senior Grade Auditor, On 07-04-2022)<br>Last Updated By: Emil T Abraham (Senior Grade Auditor, On 07-04-2022) | 1-8 |
| 9 | ആഭ്യന്തരനിയന്ത്രണം<br>Written By: Prasad P G (Audit Officer, On 12-04-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 31-05-2022) | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Emil T Abraham (Senior Grade Auditor, On 07-04-2022)<br>Last Updated By: Emil T Abraham (Senior Grade Auditor, On 11-04-2022) | 1-10 |
| 11 | ഇടപാടുകൾ ഇല്ലാത്ത ബാങ്ക് അക്കൗണ്ടുകൾ .<br>Written By: Lekha V (Audit Officer, On 12-04-2022)<br>Last Updated By: Sinimol Francis (Computer Assistant, On 26-05-2022) | 1-11 |
| 12 | ഇ-പേയ്മെന്റ് അക്കൗണ്ട് - പലിശ ലഭിക്കുന്നില്ല.<br>Written By: Lekha V (Audit Officer, On 12-04-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 26-05-2022) | 1-12 |
| 13 | വസ്തുനികുതി കുടിശ്ശിക അവശേഷിക്കുന്നു.<br>Written By: Darsana V (Senior Grade Auditor, On 12-04-2022)<br>Last Updated By: M.N.Radhakrishnan (Deputy Director, On 31-05-2022) | 1-13 |
| 14 | ക്രമവൽക്കരിക്കുകയോ നികുതി ഈടാക്കുകയോ ചെയ്തിട്ടില്ലാത്ത കെട്ടിടത്തിൽ സൂപ്പർമാർക്കറ്റ് പ്രവർത്തിക്കുന്നു.<br>Written By: Emil T Abraham (Senior Grade Auditor, On 12-04-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 26-05-2022) | 1-14 |
| 15 | വസ്തുനികുതി - കെട്ടിടത്തിന്റെ ഉപയോഗക്രമം കൃത്യമല്ല.<br>Written By: Darsana V (Senior Grade Auditor, On 12-04-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 31-05-2022) | 1-15 |
| 16 | വസ്തുനികുതി പുനർനിർണ്ണയിച്ചു. ഓഡിറ്റ് ഇംപാക്ട്<br>Written By: Darsana V (Senior Grade Auditor, On 12-04-2022)<br>Last Updated By: Prasad P G (Audit Officer, On 13-04-2022) | 1-16 |
| 17 | ഒറ്റത്തവണ കെട്ടിടനികുതി - സർക്കാർ നിർദ്ദേശം പാലിക്കേണ്ടതാണ്.<br>Written By: Darsana V (Senior Grade Auditor, On 12-04-2022)<br>Last Updated By: Prasad P G (Audit Officer, On 13-04-2022) | 1-17 |
| 18 | ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല<br>Written By: Emil T Abraham (Senior Grade Auditor, On 11-04-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 31-05-2022) | 1-18 |
| 19 | സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | 1-19 |

| | | |
|---|---|---|
| | Written By: Emil T Abraham (Senior Grade Auditor, On 11-04-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 31-05-2022) | |
| 20 | തൊഴിൽ നികുതി ലഭിച്ചതിൽ കുറവ്<br>Written By: Emil T Abraham (Senior Grade Auditor, On 11-04-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 31-05-2022) | 1-20 |
| 21 | വ്യവസായങ്ങൾക്കും വ്യാപാര-ഫാക്ടറി സംരംഭക പ്രവർത്തനങ്ങൾക്കും ലൈസൻസ് - അപാകതകൾ.<br>Written By: Emil T Abraham (Senior Grade Auditor, On 11-04-2022)<br>Last Updated By: M.N.Radhakrishnan (Deputy Director, On 31-05-2022) | 1-21 |
| 22 | ക്ഷേമ പെൻഷൻ മരണ തീയതിക്ക ശേഷമുള്ള മാസങ്ങളിലും പെൻഷണറുടെ ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തത് - 144900 രൂപ<br>Written By: Emil T Abraham (Senior Grade Auditor, On 11-04-2022)<br>Last Updated By: M.N.Radhakrishnan (Deputy Director, On 31-05-2022) | 1-22 |
| 23 | സർവ്വീസ് പെൻഷൻ/കുടുംബപെൻഷൻ കൈപ്പറ്റുന്നവർ അനർഹമായി സാമൂഹ്യ സുരക്ഷാപെൻഷൻ തുകയും കൈപ്പറ്റി<br>Written By: Emil T Abraham (Senior Grade Auditor, On 11-04-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 27-05-2022) | 1-23 |
| 24 | പെൻഷനറുടെ (ഡയറക്റ്റ് റ്റു ഹോം സ്കീം ) മരണ തീയതിക്ക ശേഷമുള്ള മാസങ്ങളിലും പെൻഷൻ തുക സഹകരണബാങ്കിന് നൽകുന്നു.<br>Written By: Emil T Abraham (Senior Grade Auditor, On 11-04-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 27-05-2022) | 1-24 |
| 25 | റോഡ് കട്ടിങ്ങ് റിസ്റ്റോറേഷൻ ചാർജ്-ജി.എസ്.ടി. പഞ്ചായത്തിന്റെ വരവായി അക്കൗണ്ട് ചെയ്തു.<br>Written By: Emil T Abraham (Senior Grade Auditor, On 11-04-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 27-05-2022) | 1-25 |
| 26 | ബഡ്സ് സ്കൂളിന് വാങ്ങിയ ഉപകരണങ്ങൾ സ്റ്റോക്കിലെടുത്തില്ല.<br>Written By: Darsana V (Senior Grade Auditor, On 12-04-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 27-05-2022) | 1-26 |
| 27 | മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) നിർവ്വഹണം നടത്തിയ മരുന്നുവാങ്ങൽ പ്രോജക്ടുകൾ- മരുന്നുകൾ പൂർണ്ണമായും ലഭിച്ചിട്ടില്ല.<br>Written By: Lekha V (Audit Officer, On 12-04-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 27-05-2022) | 1-27 |
| 28 | ദുരിതാശ്വാസനിധി രൂപീകരിച്ചിട്ടില്ല<br>Written By: Lekha V (Audit Officer, On 12-04-2022)<br>Last Updated By: Prasad P G (Audit Officer, On 13-04-2022) | 1-28 |
| 29 | ലൈഫ് ഭവനപദ്ധതി - ഭവനനിർമ്മാണം പൂർത്തിയായില്ല.<br>Written By: Darsana V (Senior Grade Auditor, On 12-04-2022)<br>Last Updated By: Prasad P G (Audit Officer, On 13-04-2022) | 1-29 |
| 30 | കന്നുകുട്ടി പരിപാലന പദ്ധതി- വിനിയോഗവിവരം ലഭ്യമാക്കിയിട്ടില്ല.<br>Written By: Darsana V (Senior Grade Auditor, On 12-04-2022)<br>Last Updated By: Prasad P G (Audit Officer, On 13-04-2022) | 1-30 |
| 31 | ഒരേ ദിവസം അവിദഗ്ധ-വിദഗ്ധ പ്രവൃത്തികൾ നിർവ്വഹിച്ചതായി രേഖപ്പെടുത്തി തൊഴിലാളികൾക്ക് വേതനം അനുവദിച്ചു<br>Written By: Emil T Abraham (Senior Grade Auditor, On 11-04-2022)<br>Last Updated By: M.N.Radhakrishnan (Deputy Director, On 31-05-2022) | 1-31 |
| 32 | നിർമ്മാണ സാധനസാമഗ്രികൾ ആർജിക്കുന്നതിൽ സർക്കാർ ഉത്തരവ് പാലിക്കുന്നില്ല.<br>Written By: Emil T Abraham (Senior Grade Auditor, On 11-04-2022)<br>Last Updated By: Prasad P G (Audit Officer, On 13-04-2022) | 1-32 |
| 33 | ഇ-ടെണ്ടർ ഫീസ് പഞ്ചായത്തിന് ലഭ്യമായിട്ടില്ല<br>Written By: Ambily M (Asst. Audit Officer, On 12-04-2022)<br>Last Updated By: Prasad P G (Audit Officer, On 13-04-2022) | 1-33 |
| 34 | നിക്ഷേപ പ്രവൃത്തികൾ നടപ്പാക്കാത്തത്<br>Written By: Prasad P G (Audit Officer, On 12-04-2022)<br>Last Updated By: Prasad P G (Audit Officer, On 13-04-2022) | 1-34 |
| 35 | ആസ്തി പരിപാലനം<br>Written By: Ambily M (Asst. Audit Officer, On 13-04-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 27-05-2022) | 1-35 |
| 36 | കരാറിലേർപ്പെടുന്നതിലെ കാലതാമസം - പിഴ ഈടാക്കിയിട്ടില്ല.<br>Written By: Ambily M (Asst. Audit Officer, On 12-04-2022) | 1-36 |

| | | |
|---|---|---|
| | Last Updated By: Ramamol Velayudhan (Computer Assistant, On 27-05-2022) | |
| 37 | കാലി ബാരൽ വിലയും ജി എസ് ടി യും തനത് ഫണ്ടിൽ സൂക്ഷിക്കുന്നു.<br>Written By: Ambily M (Asst. Audit Officer, On 12-04-2022)<br>Last Updated By: Prasad P G (Audit Officer, On 13-04-2022) | 1-37 |
| 38 | ലേല നടപടികൾ സ്വീകരിച്ച് തുക മുതൽക്കൂട്ടിയില്ല.<br>Written By: Ambily M (Asst. Audit Officer, On 13-04-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 31-05-2022) | 1-38 |
| 39 | പഞ്ചായത്ത് ഓഫീസ് ഫർണ്ണിഷിംഗ് - അളവ് രേഖപ്പെടുത്തലിലെ അപാകത മൂലം കരാറുകാരന് അധിക തുക നൽകി.<br>Written By: Ambily M (Asst. Audit Officer, On 13-04-2022)<br>Last Updated By: M.N.Radhakrishnan (Deputy Director, On 31-05-2022) | 1-39 |
| 40 | ടോയ് ലറ്റ് ബ്ലോക്ക് നിർമ്മാണം - വിബിയുപി സ്കൂൾ - ജി എസ് ടി കോംപൻസേഷൻ ഇനത്തിൽ നൽകിയ തുക തിരികെ ഈടാക്കേണ്ടതാണ്.<br>Written By: Ambily M (Asst. Audit Officer, On 12-04-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 31-05-2022) | 1-40 |
| 41 | കപ്പാറി മക്ക് ഫില്ലിംഗ്-തെറ്റായി കണക്കാക്കി കരാറുകാരന് അധികതുക നല്കിയത്.<br>Written By: Prasad P G (Audit Officer, On 12-04-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 31-05-2022) | 1-41 |
| 42 | ബില്ലിൽ തെറ്റായ ഇനം ഉൾപ്പെടുത്തി അധിക തുക നല്കി.<br>Written By: Prasad P G (Audit Officer, On 12-04-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 31-05-2022) | 1-42 |
| 43 | അങ്കണവാടി - കേന്ദ്രസഹായം പൂർണ്ണമായും വിനിയോഗിച്ചില്ല.<br>Written By: Lekha V (Audit Officer, On 12-04-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 28-05-2022) | 1-43 |
| 44 | കോവിഡ് 19 പ്രതിരോധ നടപടികൾ.<br>Written By: Prasad P G (Audit Officer, On 12-04-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 28-05-2022) | 1-44 |
| 45 | സെക്രട്ടറി നിർവഹണം നടത്തിയ പദ്ധതികൾ - വിനിയോഗ സാക്ഷ്യപത്രം ലഭിച്ചില്ല<br>Written By: Sunil Kumar G (Senior Grade Auditor, On 13-04-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 31-05-2022) | 1-45 |
| 46 | പബ്ലിക് ലൈബ്രറി ഫർണീച്ചർ വാങ്ങൽ - ഫർണീച്ചർ കൈപ്പറ്റിയതായി രേഖയില്ല.<br>Written By: Sunil Kumar G (Senior Grade Auditor, On 13-04-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 28-05-2022) | 1-46 |
| 47 | പകൽ വീട് - ഭൗതിക സാഹചര്യങ്ങൾ വർദ്ധിപ്പിച്ചെങ്കിലും പ്രവർത്തനക്ഷമമായില്ല<br>Written By: Sunil Kumar G (Senior Grade Auditor, On 13-04-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 28-05-2022) | 1-47 |
| 48 | തെരുവ് വിളക്ക്, പൊതു ടാപ്പുകൾ - സംയുക്ത പരിശോധന നടത്തിയില്ല<br>Written By: Sunil Kumar G (Senior Grade Auditor, On 13-04-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 28-05-2022) | 1-48 |
| 49 | വാഹനത്തിന്റെ ലോഗ് ബുക്കിൽ മാസാന്ത്യം സംക്ഷിപ്തം തയ്യാറാക്കുന്നില്ല<br>Written By: Sunil Kumar G (Senior Grade Auditor, On 13-04-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 28-05-2022) | 1-49 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| 1 | പഞ്ചായത്ത് ഓഫീസ് ഫർണ്ണിഷിംഗ് - അളവ് രേഖപ്പെടുത്തലിലെ അപാകത മൂലം കരാറുകാരന് അധിക തുക നൽകി.<br>Written By: Ramamol Velayudhan (Computer Assistant, On 27-05-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 31-05-2022) | 3-1 |
| 2 | ടോയ് ലറ്റ് ബ്ലോക്ക് നിർമ്മാണം - വിബിയുപി സ്കൂൾ - ജി എസ് ടി കോംപൻസേഷൻ ഇനത്തിൽ നൽകിയ തുക തിരികെ ഈടാക്കേണ്ടതാണ്.<br>Written By: Ramamol Velayudhan (Computer Assistant, On 27-05-2022)<br>Last Updated By: Sunil Kumar G (Senior Grade Auditor, On 31-05-2022) | 3-2 |
| 3 | കപ്പാറി മക്ക് ഫില്ലിംഗ്-തെറ്റായി കണക്കാക്കി കരാറുകാരന് അധികതുക നല്കിയത്.<br>Written By: Ramamol Velayudhan (Computer Assistant, On 27-05-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 31-05-2022) | 3-3 |
| 4 | ബില്ലിൽ തെറ്റായ ഇനം ഉൾപ്പെടുത്തി അധിക തുക നല്കി.<br>Written By: Ramamol Velayudhan (Computer Assistant, On 28-05-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 31-05-2022) | 3-4 |

| ഭാഗം **4** | | |
|---|---|---|
| 1 | വാർഷിക ധനകാര്യ പത്രിക-ഓഡിറ്റ് സർട്ടിഫിക്കറ്റുകളുടെ വിവരം<br>Written By: Emil T Abraham (Senior Grade Auditor, On 07-04-2022)<br>Last Updated By: Emil T Abraham (Senior Grade Auditor, On 07-04-2022) | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിനിയോഗം<br>Written By: Emil T Abraham (Senior Grade Auditor, On 07-04-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 31-05-2022) | 4-2 |
| 3 | ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Emil T Abraham (Senior Grade Auditor, On 07-04-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 31-05-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ്<br>Written By: Emil T Abraham (Senior Grade Auditor, On 07-04-2022)<br>Last Updated By: Emil T Abraham (Senior Grade Auditor, On 07-04-2022) | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ്<br>Written By: Emil T Abraham (Senior Grade Auditor, On 07-04-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 28-05-2022) | 4-5 |
| 6 | സ്ഥിര നിക്ഷേപങ്ങൾ<br>Written By: Emil T Abraham (Senior Grade Auditor, On 07-04-2022)<br>Last Updated By: Emil T Abraham (Senior Grade Auditor, On 13-04-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Emil T Abraham (Senior Grade Auditor, On 07-04-2022)<br>Last Updated By: Emil T Abraham (Senior Grade Auditor, On 07-04-2022) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Emil T Abraham (Senior Grade Auditor, On 07-04-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 31-05-2022) | 4-8 |
| 9 | ചാർജ്/സർചാർജ് നടപടികളുടെ വിവരം<br>Written By: Emil T Abraham (Senior Grade Auditor, On 07-04-2022)<br>Last Updated By: Emil T Abraham (Senior Grade Auditor, On 07-04-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Emil T Abraham (Senior Grade Auditor, On 07-04-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 31-05-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ്റിപ്പോർട്ടുകളുടെ വിവരം<br>Written By: Emil T Abraham (Senior Grade Auditor, On 07-04-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 31-05-2022) | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്-വിശകലനം

2020-21 വർഷത്തെ ബജറ്റ് പഞ്ചായത്ത് ഭരണസമിതിയുടെ 27/03/2020 ലെ 1(1)-ാം നം. തീരുമാനപ്രകാരവും പുതുക്കിയ ബജറ്റ് 26/02/2021 ലെ 1(1)-ാം നം. തീരുമാനപ്രകാരവും അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള വരവ് ചെലവ് വിവരവും ധനകാര്യ പത്രിക റസീറ്റ് & പേമെന്റ് പത്രിക(R&P) പ്രകാരമുള്ള വരവ്-ചെലവ് കണക്കുകളും ചുവടെ ചേർക്കുന്നു.

| ഇനം | പ്രതീക്ഷിച്ചത് | പുതുക്കിയത് | R&P പ്രകാരം |
|---|---|---|---|
| മുന്നിരിപ്പ് | 25382358 | 27611875 | 50839490 |
| വരവ് | 252889000 | 153644700 | 110073160 |
| ആകെ | 278271358 | 181256575 | 160912650 |
| ചെലവ് | 274647500 | 156482600 | 141086796 |
| നീക്കിയിരിപ്പ് | 3623858 | 24773975 | 19825854 |

ബജറ്റ് പ്രകാരം 25.28 കോടി രൂപയുടെ പ്രതീക്ഷിത വരവും 27.46 കോടി രൂപയുടെ പ്രതീക്ഷിത ചെലവുമാണ് കണക്കാക്കിയത്. പഞ്ചായത്തിന്റെ 2020-21 ഇൻകം & എക്സ്പെൻഡിച്ചർ പത്രിക(I&E) പ്രകാരം വരുമാനം 13.20 കോടി രൂപയും ചെലവ് 13.12 കോടി രൂപയുമാണ്. 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 214-ൽ വ്യവസ്ഥ ചെയ്തിരിക്കുന്ന പ്രകാരം ആവശ്യമായ മുന്നൊരുക്കം നടത്തി ബജറ്റ് തയ്യാറാക്കാൻ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ശ്രദ്ധിക്കേണ്ടതാണ്.

### 1-2 വാർഷിക കണക്കുകളുടെ പരിശോധന

2020-21 സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1)26-7-11-ലെ ജി.ഒ (എം.എസ്)152/11-ലെ നിർദ്ദേശങ്ങൾക്കനുസൃതമായി ആസ്തികൾ അക്കൗണ്ടിംഗ് നടത്തിയിട്ടില്ല. ആസ്തികൾക്ക് ഡിപ്രീസിയേഷൻ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും അക്കൗണ്ട്സ് ചട്ടങ്ങൾ പ്രകാരമുള്ള നിരക്കിലാണോ എന്ന് വർക്ക് ഷീറ്റിന്റെ അഭാവത്തിൽ വ്യക്തമല്ല.

2.31/03/2021 തീയതിയിലെ ഗ്രാമപഞ്ചായത്തിന്റെ ജനറൽ ഫണ്ട്, ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ എന്നിവയുടെ കൃത്യത വ്യക്തമാക്കുന്ന അടിസ്ഥാന രേഖകളും വിശദീകരണവും ലഭ്യമല്ല.

3.ഗ്രാമപഞ്ചായത്ത് ഫണ്ടിൽ 31/03/2021-ൽ നിലനിൽക്കുന്നതും 2020-21 വർഷം ഇടപാടുകളുണ്ടായിരുന്നതുമായ പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ എ.സി.ആർ. സൂക്ഷിച്ചിട്ടുണ്ടെങ്കിലും ആയത് വാർഷിക കണക്കുകളിലെ ബി4 ഷെഡ്യൂളുമായി പൊരുത്തപ്പെടുന്നില്ല.

4.ലൈസൻസ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുള്ള ഡിമാന്റ്,കളക്ഷൻ തുകകൾ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.

5. 2011-ലെ കേരള പഞ്ചായത്ത്രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 58(4) എച്ച് പ്രകാരം തൻവർഷ കുടിശ്ശിക തുകകൾക്ക് ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല( ഷെഡ്യൂൾ I-16).

6.320800199 എന്ന ഹെഡിൽ എം.എൻ ലക്ഷം വീട് നിർമ്മാണത്തിനായി മുൻ വർഷങ്ങളിൽ ലഭിച്ചതുകയുടെ നീക്കിയിരുപ്പ് 2019-20 വർഷം B4 ഷെഡ്യൂൾ പ്രകാരം നീക്കിയിരുപ്പ് 721860/-രൂപയായിരുന്നു. എന്നാൽ 2020-21 വർഷവും നീക്കിയിരുപ്പ് രേഖപ്പെടുത്തിയിരിക്കുന്നത് 721860/-രൂപയാണ്. പലിശ വരവ് നീക്കിയിരുപ്പിൽ ഉൾപ്പെടുത്തിയിട്ടില്ല. 31.3.21 ൽ പ്രസ്തുത ബാങ്ക് അക്കൗണ്ടിലെ നീക്കിയിരുപ്പ് 750819/- രൂപയാണ്.

7.320700304എന്ന ഹെഡിൽ ബ്ലോക്ക് പഞ്ചായത്തിൽ നിന്നും സംയുക്ത പ്രോജക്ടിനായി ലഭിച്ച തുകയുടെ നീക്കിയിരുപ്പ് 2019-20 വർഷം 3477655/-രൂപയാണ്.RP7 പ്രകാരം ബ്ലോക്ക് പഞ്ചായത്തിൽ നിന്നും സംയുക്ത പ്രോജക്ടുകൾക്കായിട്ട്3071519/-രൂപ വരവ് ലഭിച്ചിട്ടുണ്ടെങ്കിലും സുലേഖ ചെലവ് പത്രികപ്രകാരം മുൻ വർഷത്തേത് ഉൾപ്പെടെയുള്ള ചെലവ് തുകയാണ് 3071519/-രൂപ. ഗ്രാമ പഞ്ചായത്തിൽ സൂക്ഷിച്ചിട്ടുള്ള എ.സി.ആർ പ്രകാരം ടി ഹെഡിലെ നീക്കിയിരുപ്പ് 3477655/- രൂപയാണ്. എന്നാൽ വാർഷികകണക്കിൽ നീക്കിയിരുപ്പ് രേഖപ്പെടുത്തിയിട്ടുള്ളത് 3677655/-രൂപയാണ്.

8.320100115എന്ന ഹെഡിൽ 31.3.21ലെ നീക്കിയിരുപ്പ് B4ഷെഡ്യൂൾ പ്രകാരമുള്ള നീക്കിയിരുപ്പ് 196518/-രൂപയാണ്. ടി തുക 31.3.20ലെ നീക്കിയിരുപ്പ് തുകയാണ്. തൻവർഷവരവായ 3449691 രൂപയും, തൻവർഷ ചെലവായ 849180/-രൂപയും കണക്കുകളിൽ ഉൾപ്പെട്ടിട്ടില്ല. 31.3.21 ലെ യഥാർത്ഥ നീക്കിയിരുപ്പ് 2797029/-രൂപയാണ്.

9.ഹഡ്കോ വായ്പയിനത്തിൽ ഗ്രാമപഞ്ചായത്തിനുള്ള യഥാർത്ഥ ബാദ്ധ്യത 10545333/-രൂപയാണ്. എന്നാൽ B5ഷെഡ്യൂൾ പ്രകാരം ബാദ്ധ്യത രേഖപ്പെടുത്തിയിട്ടുള്ളത് 10565800/- രൂപയാണ്. 20467/- രൂപയുടെ വ്യത്യാസം കാണുന്നു. ടി തുക പലിശയിനത്തിൽ അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്ത തുകയാണ്. B5 ഷെഡ്യൂളും B16 ഷെഡ്യൂളും തമ്മിൽ 60,000/-രൂപയുടെ വ്യത്യാസം കാണുന്നു.

10.സർക്കാർ/മറ്റു സ്ഥാപനങ്ങൾ എന്നിവയിലേക്ക് ഒടുക്കാനുള്ള തുകകളുടെ കൃത്യത വ്യക്തമാക്കുന്ന Government/Other ഡ്യൂസ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

11.ആസ്തികളുടെ മൂല്യശോഷണം അക്കൗണ്ട് ചെയ്തതിന്റെ ആധികാരികത കാൽക്കുലേഷൻ ഷീറ്റിലൂടെ വ്യക്തമാക്കിയിട്ടില്ല.

12. സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച തുകയുടെ വിവരം വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.

വാർഷിക കണക്കുകളിന്മേലുള്ള മേൽ പരാമർശിച്ച അപാകതകൾക്ക് രേഖാമൂലം വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 23)മറുപടി ലഭ്യമാക്കിയില്ല. അപാകതകൾ പരിഹരിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 50839490 |
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 110073160 |
| ആകെ | 160912650 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 141086796 |
| നീക്കിയിരിപ്പ് | 19825854 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 147429 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 5546036 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | പ്രാരംഭ ബാക്കി | വരവ് (സ്രോതസ്സിൽ കുറവ് ചെയ്ത തുകയുൾപ്പടെ) | ആകെ | ചെലവ് | നീക്കിയിരുപ്പ് (ലാപ്സായ തുക) | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട്(പൊതുവിഭാഗം) | 0 | 19157625 | 19157625 | 19144587 | 13038 | 99.9% |
| വികസനഫണ്ട്(എസ്.സി.പി) | 0 | 9071000 | 9071000 | 8704169 | 366831 | 95.95 |
| വികസനഫണ്ട്(ടി.എസ്.പി) | 0 | 227000 | 227000 | 134730 | 92270 | 59.35 |
| മെയിന്റനൻസ് ഗ്രാന്റ് (റോഡ്) | 0 | 19785000 | 19785000 | 19202728 | 582272 | 97.05 |
| മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്) | 0 | 6199000 | 6199000 | 5996289 | 202711 | 96.7 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ്(ടൈഡ്) | 0 | 7460000 | 7460000 | 3381239 | 4078761 | 45.32 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് | 0 | 13706641 | 13706641 | 11384126 | 2322515 | 83.05 |

| | | | | | | |
|---|---|---|---|---|---|---|
| (അൺടൈഡ്) | | | | | | |
| പൊതുഅവശ്യഗ്രാന്റ് | | 16621097 | 16621097 | 10085688 | 6535409 | |
| ഐ.സി.ഡി.എസ് സെൻട്രൽ ഷെയർ | 1282870 | 839844 | 2122714 | 1200000 | 922714 | |
| ദേശീയ തൊഴിലുറപ്പ് പദ്ധതി | 1746 | 22974016 | 22975762 | 22911407 | 64355 | |
| ജില്ലാപഞ്ചായത്ത് വിഹിതം | 1211979 | 0 | 1211979 | 40000 | 1171979 | |
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 3477655 | 3071519 | 6549174 | 3071519 | 3477655 | |
| സമ്പൂർണ്ണ ശുചിത്വം | 196518 | 3449691 | 3646209 | 849180 | 2797029 | |

1.ജി ഒ പ്രോജക്ടായി സ്രോതസ്സിൽ കുറവ് ചെയ്ത തുകകൾ വാർഷികകണക്കിൽ (RP 7) ഉൾപ്പെടുത്താത്തതിനാൽ പൊതുവിഭാഗം വികസനഫണ്ട്, എസ്.സി.പി, റ്റി.എസ്.പി ഫണ്ട് ചെലവ് തുകകൾ ഗ്രാന്റ് സ്റ്റേറ്റ്മെന്റ്, അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ , വാർഷികകണക്ക് എന്നിവയുമായി പൊരുത്തപ്പെടുന്നില്ല.

2. വോട്ടിങ്ങ് മെഷീൻ വിലയിനത്തിൽ മെയിന്റനൻസ് ഗ്രാന്റിൽ നിന്നും കിഴിവ് ചെയ്ത തുകയ്ക്ക് പ്രോജക്ട് തയ്യാറാക്കിയിരുന്നില്ല.

3. ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ വിവിധ ഫണ്ടിനങ്ങളുടെ ബാലൻസ് തുകകൾ രേഖപ്പെടുത്തിയിട്ടുള്ളത് എ.സി.ആർ./ചെലവു പത്രികയുമായി പൊരുത്തപ്പെടുന്നില്ല. ചെലവ് തുകകൾ സുലേഖ പത്രികയുമായി പൊരുത്തപ്പെടുന്നുണ്ട്. സംസ്ഥാന കേന്ദ്രാവിഷ്കൃത ഫണ്ടുകളുടെ വരവ്ചെലവ്, നീക്കിയിരിപ്പ് തുകകളും എസിആറുമായി പൊരുത്തപ്പെടുന്നില്ല. തന്മൂലം ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വകയിരുത്തൽ, നീക്കിയിരിപ്പ് തുകകളുടെ കൃത്യത നിർണ്ണയിക്കാൻ കഴിഞ്ഞിട്ടില്ല.

മേൽ അപാകതകൾക്ക് വിധേയമായാണ് ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം (അനുബന്ധം 2) നൽകിയിരിക്കുന്നത്.

## 1-5 പദ്ധതി അവലോകനം

കോവിഡ് 19 സാഹചര്യത്തിൽ വാർഷികപദ്ധതി രൂപീകരണ മാർഗ്ഗനിർദ്ദേശങ്ങളിൽ ആവശ്യപ്പെടും പ്രകാരമുള്ള മീറ്റിംഗുകൾ നടക്കുകയുണ്ടായില്ല. പദ്ധതി ആസൂത്രണ വർക്കിംഗ് ഗ്രൂപ്പ് മീറ്റിംഗുകൾ 23-01-2020ൽ കൂടിയിട്ടുണ്ട്. പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ച വാർഷികപദ്ധതിക്ക് ജില്ലാ ആസൂത്രണ സമിതിയുടെ 28-01-2021 ലെ 80898/20 /DPC/DPO/KTM നമ്പർ ഉത്തരവ് പ്രകാരം അംഗീകാരം ലഭിച്ചു.

വാർഷികപദ്ധതിയുടെ വിവരം.

| അംഗീകാരം ലഭിച്ച പ്രോജക്ടുകളുടെ എണ്ണം | നടപ്പിലാക്കിയ പ്രോജക്ടുകളുടെ എണ്ണം. | പദ്ധതി അടങ്കൽ | പദ്ധതി ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|
| 366 | 281 | 190505853 | 90612207 | 47.56 |

അംഗീകാരം ലഭിക്കുകയും നടപ്പിലാക്കുകയും ചെയ്ത പ്രോജക്ടുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | നിർവഹണ ഉദ്യോഗസ്ഥൻ | അംഗീകാരം ലഭിച്ച പ്രോജക്ടുകൾ | നടപ്പിലാക്കിയത് | പ്രോജക്ടുകൾക്കായി വകയിരുത്തിയ തുക. | ചെലവ്. |
|---|---|---|---|---|---|
| 1 | കൃഷി ഓഫീസർ | 15 | 14 | 4292970 | 2682914 |
| 2 | വെറ്ററിനറി സർജൻ | 8 | 8 | 2015000 | 1760000 |
| 3 | മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) | 7 | 6 | 2666000 | 1801853 |
| 4 | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 1 | 1 | 75000 | 75000 |
| 5 | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 1 | 1 | 700000 | 700000 |

| | | | | | |
|---|---|---|---|---|---|
| 6 | വില്ലേജ് എക്സ്റ്റൻഷൻഓഫീസർ | 22 | 20 | 71634063 | 18442430 |
| 7 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 13 | 8 | 8782200 | 6941371 |
| 8 | സെക്രട്ടറി | 70 | 43 | 33046304 | 13763347 |
| 9 | അസിസ്റ്റന്റ് എൻജിനീയർ. | 198 | 157 | 54867337 | 38166124 |
| 10 | ഡയറി ഫാം ഇൻസ്ട്രക്ടർ | 5 | 3 | 32115988 | 1810510 |
| 11 | ഹെഡ്മാസ്റ്റർ | 7 | 5 | 1528090 | 1121410 |
| 12 | അസിസ്റ്റന്റ് സെക്രട്ടറി. | 18 | 14 | 7921901 | 3647248 |
| 13 | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 1 | 1 | 861000 | 0 |
| | ആകെ | 366 | 281 | 190505853 | 90612207 |

അംഗീകാരം ലഭിച്ച ആകെ 366 പ്രോജക്ടുകളിൽ 85 എണ്ണം നടപ്പിലാക്കിയില്ല. കൂടാതെ പ്രോജക്ടുകൾക്കായി വകയിരുത്തിയ തുകയിൽ 47.56 ശതമാനം മാത്രമാണ് ചെലവഴിച്ചത്. വകയിരുത്തുന്ന തുകയെക്കാൾ വളരെ കുറച്ചുമാത്രം ചെലവഴിക്കുന്നതിൽ നിന്ന് തുകയുടെ ലഭ്യതയ്ക്ക് ആനുപാതികമായല്ല പ്രോജക്ടുകൾ നടപ്പിലാക്കുന്നതെന്ന് വ്യക്തമാകുന്നു. സ്പിൽ ഓവറായി ഏറ്റെടുക്കുന്ന പ്രോജക്ടുകൾ പോലും പൂർത്തീകരിക്കുന്നില്ല. സ്പിൽ ഓവറായി നടപ്പാക്കുന്നതിന് അംഗീകാരം ലഭിച്ച 142 പ്രോജക്ടുകളിൽ 26 എണ്ണം നടപ്പാക്കിയില്ല.

13-ാം പഞ്ചവത്സരപദ്ധതിയുടെ പൊതുലക്ഷ്യമായ തുടർച്ചാസാധ്യതയോടെയുള്ള പരിസ്ഥിതി സുരക്ഷ, സാമൂഹ്യനീതി, സാമ്പത്തികവളർച്ച എന്നിവ സാധിക്കുന്നതിന് ഗ്രാമപഞ്ചായത്തിലെ ജനങ്ങളെ സജ്ജരാക്കാൻ പാകത്തിലുള്ള പ്രോജക്ടുകളാണ് വാർഷികപദ്ധതിയിൽ രൂപീകരിച്ച് നടപ്പാക്കാൻ ശ്രമിച്ചത്.സംസ്ഥാന സർക്കാർ ആവിഷ്കരിച്ച് നടപ്പാക്കിവരുന്ന ആർദ്രം, ലൈഫ്, പൊതുവിദ്യാഭ്യാസ സംരക്ഷണം, ഹരിതകേരളം എന്നീ മിഷനുകളെ വാർഷിക പദ്ധതിയുമായി ഏകോപിപ്പിച്ച് നടപ്പിലാക്കുന്നവിധം പ്രോജക്ടുകൾ വിഭാവനം ചെയ്തുവെങ്കിലും പൂർണ്ണലക്ഷ്യപ്രാപ്തി കൈവരിച്ചില്ല.

സ്ത്രീകൾ, കുട്ടികൾ, ശാരീരികമാനസിക വെല്ലുവിളി നേരിടുന്നവർ, വൃദ്ധർ എസ്.സി,എസ്.ടി വിഭാഗങ്ങൾ എന്നിവർക്ക് സേവനം നല്കാനായി ആവിഷ്കരിച്ച പ്രോജക്ടുകളാണ് ഐ.സി.ഡി.എസ് സൂപ്പർവൈസർ, അസി.സെക്രട്ടറി എന്നിവർ നടപ്പിലാക്കിയത്. തെരുവ് വിളക്ക് മെയിന്റനൻസ്, വൃദ്ധജനങ്ങൾക്ക് കട്ടിൽ വിതരണം, പുതിയ കുടിവെള്ളപൈപ്പ് ലൈൻ സ്ഥാപിക്കൽ, നിലവിലുള്ളത് മാറ്റി സ്ഥാപിക്കൽ, ഹരിതസഹായസംഘങ്ങൾക്ക് ധനസഹായം, എസ്.സി കോളനികളിൽ സ്ട്രീറ്റ് ലൈറ്റ്സ്ഥാപിക്കൽ തുടങ്ങി വൈവിദ്ധ്യമാർന്ന പ്രോജക്ടുകൾ സെക്രട്ടറി നടപ്പിലാക്കിയിട്ടുണ്ട്.

റോഡുകളുടെ കോൺക്രീറ്റിംഗാണ് മരാമത്ത് പ്രവൃത്തികളിൽ നടപ്പാക്കിയവയിലേറെയും. കൂടാതെ ടാറിംഗ് പ്രവൃത്തികൾ, കലുങ്കുകളുടെയും, സംരക്ഷണഭിത്തികളുടെയും നിർമ്മാണം, പി.എച്ച്.സി.യുടെ നിർമ്മാണ പ്രവൃത്തികൾ, അങ്കണവാടികൾ, സ്കൂളുകൾ എന്നിവയുടെ നിർമ്മാണ പുനരുദ്ധാരണ പ്രവർത്തനങ്ങൾ, കുളങ്ങളുടെ നവീകരണം, കുട്ടികളുടെ പാർക്ക്, ഇൻഡോർ സ്റ്റേഡിയം പൂർത്തീകരണം തുടങ്ങി വ്യത്യസ്ത പ്രോജക്ടുകൾ നടപ്പിലാക്കിയിട്ടുണ്ട്. പ്രോജക്ട് തുകകൾ വാർഡടിസ്ഥാനത്തിൽ വീതം വച്ച് പ്രോജക്ടുകൾ തയ്യാറാക്കുന്നതുമൂലം തുച്ഛമായ തുക മാത്രം വകയിരുത്തുന്ന സാഹചര്യവും പ്രോജക്ട് പലവർഷങ്ങൾ കഴിഞ്ഞാലും ഫലപ്രാപ്തിയിലെത്താത്ത സാഹചര്യവും നിലനിൽക്കുന്നു. കൂടാതെ പ്രവൃത്തിയുടെ ഗുണനിലവാരം, ഫലപ്രാപ്തി, കാര്യക്ഷമത എന്നിവയെ പ്രതികൂലമായി ബാധിക്കുന്നു. പ്രവൃത്തികളുടെ അനിവാര്യത, തുടർപുരോഗതിയുടെ സാധ്യത എന്നിവയായിരിക്കണം മരാമത്ത് പ്രവൃത്തികൾ ഏറ്റെടുക്കുന്നതിൽ മാനദണ്ഡമാക്കേണ്ടത്. എന്നാൽ വാർഡടിസ്ഥാനത്തിൽ ഫണ്ട് വീതം വയ്ക്കുന്നതുമൂലം ഇപ്രകാരമുള്ള മാനദണ്ഡങ്ങൾ പ്രാവർത്തികമാക്കാനാവുന്നില്ല.

മരാമത്ത് പ്രവൃത്തികൾക്ക് പുറമേ ഉല്പാദന ,സേവന മേഖലകളിലെ പ്രോജക്ടുകളിലൂടെ ഗ്രാമപഞ്ചായത്തിൽ സാധാരണജീവിത നിലവാരം മെച്ചപ്പെടുന്ന സാഹചര്യം സൃഷ്ടിക്കപ്പെട്ടെങ്കിലും പഞ്ചായത്തിന്റെ സമഗ്രവികസനത്തിനുതകുന്ന കാര്യക്ഷമമായ നടപടികൾ ഇനിയും ഉണ്ടാവണം.

വാർഷിക പദ്ധതിയിൽ ഏറ്റെടുക്കുന്ന പ്രോജക്ടുകളുടെ ഫലപ്രദമായ മോണിറ്ററിംഗ് നടക്കുന്നില്ല.വർക്കിംഗ് ഗ്രൂപ്പുകൾ പ്രോജക്ടുകളുടെ നിർവഹണ ഘട്ടത്തിൽ മോണിറ്ററിംഗ് സമിതികളായി പ്രവർത്തിക്കണമെന്ന് പദ്ധതി മാർഗരേഖാ നിർദ്ദേശങ്ങൾ പ്രാവർത്തികമാകുന്നില്ല. ഭരണസമിതി,സ്റ്റാന്റിംഗ് കമ്മിറ്റികൾ, വർക്കിംഗ് ഗ്രൂപ്പുകൾ എന്നിവയുടെ

കാര്യക്ഷമമായ ഇടപെടലുകളിലൂടെ മാത്രമെ വാർഷികപദ്ധതിയുടെ ഫലപ്രാപ്തി സാധ്യമാവുകയുള്ളു.

സർക്കാർ ഗ്രാന്റുകൾ ലാപ്സായത്

പ്രോജക്ടുകൾ നടപ്പാകാത്തത് മൂലം ചുവടെ ചേർക്കും പ്രകാരം 7658398 രൂപയുടെ സർക്കാർ ഗ്രാന്റുകൾ ലാപ്സാവുകയുണ്ടായി. വാർഷികപദ്ധതി നിർവഹണത്തിനായി ലഭിക്കുന്ന സർക്കാർ ഗ്രാന്റുകൾ ലാപ്സാവുന്ന സാഹചര്യം ഒഴിവാക്കേണ്ടതാണ്.

| ഇനം | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായത് |
|---|---|---|---|
| വികസന ഫണ്ട്-പൊതു വിഭാഗം | 19157625 | 19144587 | 13038 |
| വികസന ഫണ്ട്-എസ്.സി.പി | 9071000 | 8704169 | 366831 |
| വികസന ഫണ്ട്-ടി.എസ്.പി | 227000 | 134730 | 92270 |
| ധന.കമ്മീഷൻ ഗ്രാന്റ്, (ടൈഡ്) | 7460000 | 3381239 | 4078761 |
| ധന.കമ്മീഷൻ ഗ്രാന്റ്, (അൺടൈഡ്) | 13706641 | 11384126 | 2322515 |
| മെയിന്റനൻസ് ഗ്രാന്റ്, (റോഡിതരം) | 6199000 | 5996289 | 202711 |
| മെയിന്റനൻസ് ഗ്രാന്റ്, (റോഡ്) | 19785000 | 19202728 | 582272 |
| ആകെ | 75606266 | 67947868 | 7658398 |

1-6 മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പുപദ്ധതി

തൊഴിലുറപ്പ് പദ്ധതിയുടെ 2020-21 വർഷത്തെ ലേബർ ഗ്രാമസഭ ഗ്രാമപഞ്ചായത്തിലെ എല്ലാ വാർഡുകളിലെയും തൊഴിലാളികളെയും ഉൾപ്പടുത്തി കൂടുകയും ലേബർ ബജറ്റ് തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. 2020-21 വർഷത്തെ ലേബർ ബജറ്റ് പ്രകാരം ആകെ 499 പ്രോജക്ടുകളാണ് വിഭാവനം ചെയ്തത്. സാങ്കേതികാനുമതി ലഭിച്ച 295 പദ്ധതികളിൽ 126 എണ്ണം പൂർത്തീകരിച്ചു. 2020-21 വർഷം 20 ഗ്രാമസഭകൾ കൂടുകയും സോഷ്യൽ ഓഡിറ്റ് നടത്തുകയും റിപ്പോർട്ട് അവതരിപ്പിക്കുകയും ചെയ്തിട്ടുണ്ട്. തൻവർഷം 60318 തൊഴിൽദിനങ്ങൾ സൃഷ്ടിക്കപ്പെട്ടു. 1342 കുടുംബങ്ങൾ പദ്ധതിയുമായി സഹകരിച്ചു. റോഡ് കോൺക്രീറ്റിംഗ്, മണ്ണ്, ജല സംരക്ഷണ പ്രവർത്തികളാണ് തൻവർഷം നടപ്പാക്കിയ പ്രധാന പ്രവൃത്തികൾ. 2020-21 വർഷത്തെ വരവുചെലവ് കണക്കുകളുടെ സംക്ഷിപ്തം (വാർഷിക കണക്ക് പ്രകാരമുള്ളത് ) ചുവടെ ചേർക്കുന്നു.

| മുന്നിരിപ്പ് | | | 1746 |
|---|---|---|---|
| വരവ് | 2019-20 EFMS വരവ് | 22407047 | 22974016 |
| | ക്യാഷ് വരവ് (പലിശ ഉൾപ്പടെ) | 566969 | |
| | ആകെ വരവ് | 22974016 | |
| ആകെ (മുന്നിരിപ്പും വരവും ഉൾപ്പടെ) | | | 22975762 |
| ചെലവ് | തൊഴിലാളികളുടെ വേതനം | 17909915 | 22911407 |

| | | |
|---|---|---|
| വിദഗ്ദ തൊഴിലാളികളുടെ വേതനം | 1049392 | |
| ഉപകരണ വില, വാടക | 3447740 | |
| ഭരണച്ചെലവ് (ശമ്പളം ഉൾപ്പടെ) | 504360 | |
| ആകെ ചെലവ് | 22911407 | |
| നീക്കിയിരിപ്പ് | | 64355 |

MNREGS ക്യാഷ് ബുക്കിലെ കണക്കുകൾ പഞ്ചായത്തിന്റെ 2019-20 വാർഷികകണക്കുമായി പൊരുത്തപ്പെടുന്നില്ല.

## 1-7 സാമൂഹ്യക്ഷേമ പദ്ധതികൾ

2020-21 വർഷം തുക്കൊടിത്താനം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികൾക്കായി ചെലവഴിച്ച തുകയുടെ വിശദാംശം, ഗുണഭോക്താക്കളുടെ എണ്ണം എന്നിവ താഴെ ചേർത്തിരിക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 25200 | 29 |
| വാർദ്ധക്യകാലപെൻഷൻ | 3940500 | 2824 |
| കർഷകതൊഴിലാളി പെൻഷൻ | 567600 | 413 |
| വിധവാപെൻഷൻ | 1718400 | 1198 |
| 50 വയസിലധികം പ്രായമുള്ള അവിവാഹിത പെൻഷൻ | 52500 | 36 |
| വികലാംഗപെൻഷൻ | 522000 | 360 |
| വിവാഹ ധനസഹായം | 120000 | 4 |

## 1-8 ക്യാഷ്ബാലൻസ് പരിശോധന

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 6(4)-ാം വകുപ്പ് പ്രകാരം സംസ്ഥാന ഓഡിറ്റ് വകുപ്പ് തുക്കൊടിത്താനം ഗ്രാമപഞ്ചായത്തിന്റെ ക്യാഷ് ബാലൻസ് പരിശോധന 04/04/2022-ന് 03:00 PM സമയത്ത് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പ്രസ്തുത പരിശോധനയിൽ 70/-രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റ ആഭ്യന്തരനിയന്ത്രണസംവിധാനം പൊതുവെ മെച്ചപ്പെട്ടിരുന്നതായാണ് കാണപ്പെട്ടത്. ഓരോജീവനക്കാരുടെയും ജോലികൾ കൃത്യമായി നിർവചിക്കുക,അവ ഉത്തരവുകളായി എഴുതി ആധികാരികമാക്കുക, ക്രമക്കേടുകൾക്കിടയാകാത്ത വിധം ഉദ്യോഗസ്ഥരുടെയിടയ്ക്ക് ജോലിവിഭജനം നടത്തുക എന്നിങ്ങനെ കാര്യക്ഷമമായ ആഭ്യന്തരനിയന്ത്രണം സാധ്യമാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വ്യക്തമായി നിർവചിച്ച അക്കൗണ്ടിംഗ് സംവിധാനമാണ് സ്ഥാപനത്തിൽ ബാധകമാക്കിയിട്ടുള്ളത്. പണസംബന്ധമായും ബാങ്ക് ഇടപാടുകളുമായും ബന്ധപ്പെട്ട് ക്രമക്കേടുണ്ടാകാത്തവിധം നിയന്ത്രണങ്ങൾ ബാധകമാക്കിയിട്ടുണ്ട്. ജീവനക്കാരുടെ ശമ്പളം,സേവനരേഖകൾ, എന്നിവ കൃത്യമായി പരിശോധിച്ച് ഉറപ്പുവരുത്തുന്നുണ്ട്. നികുതി നികുതിയേതര വരുമാനങ്ങൾ കൃത്യമായി തിട്ടപ്പെടുത്താനും ഈടാക്കാനും നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിലും കൃത്യമായ ഡി.സി.ബി തയ്യാറാക്കി കുടിശിക ഉൾപ്പെടെ ഈടാക്കുന്നതിൽ ഇനിയും പുരോഗതി കൈവരിക്കേണ്ടതുണ്ട്. സാധനങ്ങളുടെയും സേവനങ്ങളുടെയും വാങ്ങലിനും, സംഭരണത്തിനും സർക്കാർ ഉത്തരവുകളും നടപടിക്രമങ്ങളും പാലിച്ചിട്ടുണ്ടെങ്കിലും പ്രൊക്യൂവർമെന്റ് കമ്മിറ്റി മിനിറ്റ്സിൽ വിവരങ്ങൾ രേഖപ്പെടുത്തുന്നതിൽ വ്യക്തതയില്ല. ഡെപ്പോസിറ്റ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ, അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ, സ്റ്റോക്ക് രജിസ്റ്റർ, ആസ്തി രജിസ്റ്റർ തുടങ്ങിയവയുടെ സൂക്ഷിപ്പിൽ അപാകതകൾ നിലനിൽക്കുന്നു. അടിസ്ഥാന രജിസ്റ്ററുകളുടെ സൂക്ഷിപ്പിലെ അപാകത വാർഷികകണക്കുകളിലും പ്രതിഫലിക്കുന്നുണ്ട്. വാർഷികപദ്ധതി പ്രോജക്കുകൾ നടപ്പിലാക്കുന്നതിലെ വീഴ്ചകൾ സർക്കാർ ഗ്രാന്റ് ലാപ്സാകുന്നതിനും കാരണമായി. വാർഷിക പദ്ധതി പ്രോജക്കുകളുടെ മോണിട്ടറിംഗ് കാര്യക്ഷമമായിരുന്നില്ല. മരാമത്ത് പ്രവൃത്തികളുടെ ഫയലുകളിൽ ടെന്റർ രേഖകൾ, പ്രവൃത്തിയുടെ നിർവഹണ കലണ്ടർ, കരാറുകാരനുള്ള സെലക്ഷൻ നോട്ടീസ് തുടങ്ങി അവശ്യരേഖകൾ ഉൾപ്പെടുത്തുന്നില്ല. വർക്കിംഗ് ഗ്രൂപ്പുകൾ

മോണിട്ടറിംഗ് സമിതിയായി പ്രവർത്തിക്കണമെന്ന് വാർഷികപദ്ധതിയുമായി ബന്ധപ്പെട്ട ഉത്തരവുകളിൽ നിഷ്കർഷിക്കുന്നെങ്കിലും അപ്രകാരം ഉണ്ടായില്ല. ആഭ്യന്തരനിയന്ത്രണ സംവിധാനം കൂടുതൽ മെച്ചപ്പെടുത്തേണ്ടതാണ്.

1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് നമ്പർ/ തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 27.12.21 To 29.12.21 | 08/20 മുതൽ 06/21 വരെ | ലഭിച്ചില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 12.09.18 To 22.09.18 | 2014-15 To 2017-18 | LBA(HQ)11/I/08 A-102/2018-19/223 |

1-11 ഇടപാടുകൾ ഇല്ലാത്ത ബാങ്ക് അക്കൗണ്ടുകൾ .

തൃക്കൊടിത്താനം ഗ്രാമപഞ്ചായത്തിലെ വാർഷിക കണക്കുകളുടെ പരിശോധനയിൽ ഇടപാടുകൾ ഇല്ലാത്ത അക്കൗണ്ടുകൾ സൂക്ഷിക്കുന്നു എന്ന് വ്യക്തമായിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| അക്കൗണ്ടിന്റെ ആവശ്യം | അക്കൗണ്ട് നം. | 31.3.21 ൽ ബാലൻസ് | ബാങ്കിന്റെ പേര് |
|---|---|---|---|
| എം.എൻ ലക്ഷം വീട് | 0112050006679 | 750819 | SCB LtdNo.178 |
| പൈക്ക | 67091924881 | 90902 | SBT ,തൃക്കൊടിത്താനം |

ഇടപാടുകൾ ഇല്ലാത്ത മേൽപരാമർശിച്ച അക്കൗണ്ടുകളിൽ അവശേഷിക്കുന്ന തുക സർക്കാരിലേയ്ക്ക് തിരികെ അടവാക്കി അക്കൗണ്ട് ക്ലോസ്സ് ചെയ്യാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-12 ഇ-പേയ്മെന്റ് അക്കൗണ്ട് - പലിശ ലഭിക്കുന്നില്ല.

ഗ്രാമപഞ്ചായത്തിൽ ഇ പേയ്മെന്റിന് ഉപയോഗിക്കുന്ന എസ്.ബി.ഐ.തൃക്കൊടിത്താനം ശാഖയിലെ 67385965598 നമ്പർ കറന്റ് അക്കൗണ്ടിൽ 31.3.21 ൽ 6589970.85/-രൂപ നീക്കിയിരുപ്പുണ്ട്. പ്രസ്തുത തുകയ്ക്ക് പലിശ ലഭിക്കത്തക്ക രീതിയിൽ പഞ്ചായത്തിന്റെ തനത് ഫണ്ട് അക്കൗണ്ടിലേയ്ക്ക് മാറ്റി നിക്ഷേപിക്കാതിരുന്നതിന് വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 19) മറുപടിയായി തുക പലിശ ലഭിക്കുന്ന അക്കൗണ്ടിലേയ്ക്ക് മാറ്റി നിക്ഷേപിക്കുന്നതാണെന്ന് അറിയിച്ചു. ഇ-പേയ്മെന്റ് അക്കൗണ്ടിലെ തുക പലിശ ലഭിക്കുന്ന രീതിയിൽ പുന:ക്രമീകരിക്കുന്നത് പഞ്ചായത്തിന്റെ സാമ്പത്തിക താൽപര്യത്തിന് ഉതകുന്നതായിരിക്കും.

1-13 വസ്തുനികുതി കുടിശ്ശിക അവശേഷിക്കുന്നു.

ഗ്രാമപഞ്ചായത്തിന്റെ 2020-21 വർഷത്തെ വാർഷികധനകാര്യ പത്രിക പ്രകാരം വസ്തുനികുതി ഇനത്തിൽ 2652247/-രൂപ കുടിശ്ശികയുള്ളതായി കാണുന്നു. കുടിശ്ശിക ഈടാക്കി വിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

1-14 ക്രമവൽക്കരിക്കുകയോ നികുതി ഈടാക്കുകയോ ചെയ്യിട്ടില്ലാത്ത കെട്ടിടത്തിൽ സൂപ്പർമാർക്കറ്റ് പ്രവർത്തിക്കുന്നു.

ലൈസൻസ് രജിസ്റ്റർ, ലൈസൻസ് അപേക്ഷ എന്നിവ പരിശോധിച്ചതിൽ റോയി ജോസഫിന്റെ ഉടമസ്ഥതയിലുള്ള 17/112 നമ്പർ കെട്ടിടത്തിൽ ജെസീക്ക ബിഗ് ഷോപ്പി എന്ന പേരിലുള്ള സൂപ്പർമാർക്കറ്റിന് ലൈസൻസ് നൽകിയതായി കാണുന്നു . സഞ്ചയ പ്രകാരം കേവലം 12 M2 മാത്രമാണ് കെട്ടിടത്തിന്റെ വിസ്തീർണ്ണം. വിശദ പരിശോധനയിൽ 17/109,111, 114, 115 എന്നീ മുറികൾ സൂപ്പർ മാർക്കറ്റിന്റെ ഭാഗമാണെന്നും ഒന്നാം നിലയുടെ 243 M2 ഭാഗം പെർമിറ്റില്ലാതെ നിർമ്മിച്ചതാണെന്നും റെഗുലൈറൈസ് ചെയ്യുന്നതിനായി പഞ്ചായത്തിൽ അപേക്ഷ നൽകിയിട്ടുണ്ട് എന്നും ബോധ്യമായി. എന്നാൽ ടി കെട്ടിടം KPBR ചട്ടങ്ങൾ പാലിക്കാത്തതിനാൽ

തുടർനടപടികൾക്കായി ടൗൺ പ്ലാനർക്ക് നൽകിയിട്ടുള്ളതായി കാണുന്നു . നിലവിൽ ക്രമവൽക്കരിച്ച് ലഭിക്കുകയോ 235 AA പ്രകാരം നികുതി ഈടാക്കാത്തതോ ആയ കെട്ടിടത്തിന്റെ ഒന്നാം നിലയിലും സൂപ്പർ മാർക്കറ്റ് പ്രവർത്തിക്കുകയാണ് .

ക്രമവൽക്കരണ നടപടികൾ ത്വരിതപ്പെടുത്താൻ നടപടി സ്വീകരിക്കേണ്ടതും ചട്ടങ്ങൾ പാലിച്ച് സൂപ്പർമാർക്കറ്റ് പ്രവർത്തിക്കുന്നുവെന്ന് ഉറപ്പാക്കേണ്ടതുമാണ്. ക്രമവത്കരണം നടത്തുന്നതുവരെ UA നമ്പർ നല്കി 3 ഇരട്ടി വസ്തുനികുതി ഈടാക്കേണ്ടതുമാണ്. തുടർ നടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

(എൻക്വയറി നമ്പർ - 22 / 11.04.22)

## 1-15 വസ്തുനികുതി - കെട്ടിടത്തിന്റെ ഉപയോഗക്രമം കൃത്യമല്ല.

ഗ്രാമപഞ്ചായത്തിൽ സഞ്ചയ സോഫ്റ്റ് വെയറിൽ ലഭ്യമായ അസസ്മെന്റ് രജിസ്റ്റർ പ്രകാരം സൂപ്പർ മാർക്കറ്റ് എന്ന ഉപയോഗക്രമത്തിൽ കെട്ടിടങ്ങളെ ഉൾപ്പെടുത്തിയതായി കാണുന്നില്ല. എന്നാൽ ലൈസൻസ് നൽകിയിട്ടുള്ളതും റോയി ജോസഫ്, ജിജിമോൾ ജോസഫ് എന്നിവരുടെ ഉടമസ്ഥതയിലുള്ളതും 17/112 എന്ന നമ്പരുള്ളതുമായ കെട്ടിടത്തിന്റെ ഉപയോഗക്രമം സൂപ്പർമാർക്കറ്റ് എന്നാണ് അപേക്ഷയിൽ രേഖപ്പെടുത്തിയിട്ടുള്ളത്. സഞ്ചയ പ്രകാരം 17/112 എന്ന കെട്ടിടം 100ച.മീറ്ററിൽ താഴെ തറവിസ്തീർണ്ണം ഉള്ള ഉപയോഗക്രമത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള കെട്ടിടമാണ്. വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.22) നല്കിയ മറുപടിയിൽ സൂപ്പർമാർക്കറ്റ് പ്രവർത്തിക്കുന്നതായി വ്യക്തമാക്കിയിട്ടുണ്ട്. ഗ്രാമ പഞ്ചായത്തിൽ 100ച.മീറ്ററിൽ താഴെ തറവിസ്തീർണ്ണം ഉള്ള കെട്ടിടത്തിന്റെ അടിസ്ഥാന നികുതി നിരക്ക് ച.മീറ്ററിന് 45/- രൂപയും 200 ച.മീറ്ററിന് മുകളിൽ തറവിസ്തീർണ്ണം ഉള്ള കെട്ടിടത്തിന്റെ അടിസ്ഥാന നികുതി നിരക്ക് ച.മീറ്ററിന് 80/- രൂപയും ആയതിനാൽ നികുതി നിർണ്ണയം കൃത്യമാക്കുന്നതിനായി ശരിയായ ഉപയോഗ ക്രമത്തിൽ കെട്ടിടത്തെ ഉൾപ്പെടുത്തേണ്ടതാണ്. സഞ്ചയയിൽ കെട്ടിടത്തെ കൃത്യമായ ഉപയോഗക്രമത്തിൽ ഉൾപ്പെടുത്തി വിശദാംശങ്ങൾ രേഖകൾ സഹിതം ലഭ്യമാക്കേണ്ടതാണ്.

## 1-16 വസ്തുനികുതി പുനർനിർണ്ണയിച്ചു. ഓഡിറ്റ് ഇംപാക്ട്

ഗ്രാമപഞ്ചായത്തിന്റെ 14 -ാം വാർഡിൽ ഉദയൻ സി എന്ന ആളിന്റെ ഉടമസ്ഥതയിലുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തിന്റെ ഒന്നാം നില & രണ്ടാം നിലയിലെ 115.18 ച.മീ തറവിസ്തീർണ്ണത്തിന് 232 F എന്ന കെട്ടിടനമ്പർ നൽകി 100 ച.മീറ്ററിന് മുകളിൽ തറവിസ്തീർണ്ണമുള്ള കെട്ടിടത്തിന് ബാധകമായ 60 /- രൂപ അടിസ്ഥാനനികുതി നിരക്ക് ചുമത്തി 2020-21 രണ്ടാം അർദ്ധ വർഷം വസ്തുനികുതി നിർണ്ണയിച്ചിട്ടുണ്ട്. കെട്ടിടത്തിന്റെ കംപ്ളീഷൻ പ്ലാൻ പ്രകാരം നിലവിലുണ്ടായിരുന്നതായി രേഖപ്പെടുത്തിയിരിക്കുന്ന കെട്ടിടത്തിന് (232 F നമ്പർ കെട്ടിടത്തിന്റെ താഴത്തെ നില ) 234 A ,B,C,D എന്നീ കെട്ടിട നമ്പരുകൾ നൽകി 100 ച.മീറ്റർ വരെ തറവിസ്തീർണ്ണമുള്ള കെട്ടിടത്തിന് ബാധകമായ 45 /- രൂപ അടിസ്ഥാനനികുതി നിരക്ക് ചുമത്തി 81 ച.മീറ്ററിന് നികുതി നിർണ്ണയിച്ചതായി സഞ്ചയ പ്രകാരം കാണുന്നു. ഒരേ ആളിന്റെ ഉടമസ്ഥതയിലുള്ളതും ഒരേ ഉപയോഗക്രമത്തിലുള്ളതുമായ കെട്ടിടത്തിന്റെ തറവിസ്തീർണ്ണത്തിൽ കൂട്ടിച്ചേർക്കലിന്റെ ഭാഗമായി വ്യത്യാസം വരുമ്പോൾ വസ്തുനികുതി പുനർനിർണ്ണയിക്കാതിരുന്നതിന്റെ കാരണം വ്യക്തമാക്കാനാവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറി (നം .20 )യുടെ അടിസ്ഥാനത്തിൽ അടിസ്ഥാനനികുതിനിരക്ക് 45/- രൂപയ്ക്ക് പകരം 60/- രൂപ ചുമത്തി വസ്തുനികുതി പുനനിർണ്ണയിച്ച് രേഖകൾ ലഭ്യമാക്കിയിട്ടുണ്ട്.

## 1-17 ഒറ്റത്തവണ കെട്ടിടനികുതി - സർക്കാർ നിർദ്ദേശം പാലിക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്തിൽ പുതിയ കെട്ടിങ്ങൾക്ക് നമ്പർ അനുവദിക്കുമ്പോഴും നിലവിലുള്ള കെട്ടിടങ്ങളോട് കൂട്ടിച്ചേർക്കലുകൾ വരുത്തി കൂട്ടിച്ചേർക്കുന്ന ഭാഗത്തിന് അധിക വസ്തുനികുതി ഈടാക്കുമ്പോഴും സ.ഉ (എം.എസ് ) നം.231 /15/ ത.സ്വ.ഭ.വ തീയതി 9/7/2015 പ്രകാരം 1975 ലെ കേരള കെട്ടിടനികുതി നിയമത്തിലെ വകുപ്പ് 5(1) പ്രകാരമുള്ള ഒറ്റത്തവണ കെട്ടിടനികുതിയുടെ ആദ്യഗഡു അടച്ചതിന്റെ രസീതിന്റെ പകർപ്പോ അല്ലെങ്കിൽ വകുപ്പ് 7 പ്രകാരമുള്ള റിട്ടേൺ ഫയൽ ചെയ്തതിന്റെ ആധികാരികമായ രേഖയോ ഹാജരാക്കിയാൽ മാത്രമേ നമ്പർ അനുവദിച്ച് വസ്തുനികുതി ഈടാക്കാവൂ എന്ന് വ്യവസ്ഥ ചെയ്യുന്നു. ഗ്രാമപഞ്ചായത്തിൽ വസ്തുനികുതി നിർണ്ണയം നടത്തുമ്പോൾ പ്രസ്തുത സർക്കാർ നിർദ്ദേശം പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-18 ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 204 (1), (I) (Ii) (Iii) പ്രകാരം ഒരു വ്യക്തി ഓരോ അർദ്ധവർഷവും തുടർച്ചയായോ പലപ്പോഴായോ, 60 ദിവസം ജോലി/തൊഴിൽ ചെയ്യുമ്പോഴും ഒരു കമ്പനി അറുപത് ദിവസത്തിൽ കുറയാതെ ഇടപാട് നടത്തുമ്പോഴും ഒരു വ്യക്തി തൊഴിൽ, കല, ബിസിനസ്സ്, ജോലി എന്നിവയിലേതെങ്കിലും ഏർപ്പെടുമ്പോഴും വ്യക്തിക്ക് മുതൽ മുടക്കുകളിൽ നിന്ന് ആദായം ലഭിക്കുമ്പോഴും തൊഴിൽ നികുതിക്ക്

വിധേയമാകുന്നതാണ്. ഗ്രാമപഞ്ചായത്തിലെ തൊഴിൽ നികുതിയുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു .

| ക്രമ നം . | സ്ഥാപനത്തിന്റെ പേര് | ജീവനക്കാരുടെ തൊഴിൽ നികുതി ലഭിക്കാനുള്ള കാലയളവ് |
|---|---|---|
| 1 | വ്യാപാര വ്യവസായി എംപ്ലോയിസ് വെൽഫെയർ കോ.ഓപ്പറേറ്റീവ് സൊസൈറ്റി | ഒന്ന് , രണ്ട് അർദ്ധ വർഷങ്ങൾ |
| 2 | ശ്രീകുമാർ നഴ്സിംഗ് ഹോം | ഒന്ന് , രണ്ട് അർദ്ധ വർഷങ്ങൾ |
| 3 | ഗുഡ്‌വിൽ കൺസ്ട്രക്ഷൻ | ഒന്ന് , രണ്ട് അർദ്ധ വർഷങ്ങൾ |
| 4 | എ കെ കൺസ്ട്രക്ഷൻ | ഒന്ന് , രണ്ട് അർദ്ധ വർഷങ്ങൾ |
| 5 | അഷ്ടാംഗ ആയുർവേദ നഴ്സിംഗ് ഹോം | ഒന്ന് , രണ്ട് അർദ്ധ വർഷങ്ങൾ |
| 6 | മണപ്പുറം ഫിനാൻസ് | ഒന്ന് , രണ്ട് അർദ്ധ വർഷങ്ങൾ |
| 7 | ഡെൻസ്കെയർ ഡെന്റൽ ക്ലിനിക്ക് 2 | രണ്ടാം അർദ്ധ വർഷം |

കൂടാതെ പഞ്ചായത്ത് പരിധിയിലുള്ള പെട്രോൾ പമ്പ് , കള്ള് ഷാപ്പുകൾ , റേഷൻ കടകൾ , ക്ഷീരസംഘങ്ങൾ , കരാറുകാർ എന്നിവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല . ഈ വിഷയത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.08/07.04.2022) മേൽ സൂചിപ്പിച്ച എല്ലാ സ്ഥാപനങ്ങൾക്കും നോട്ടീസ് നൽകിയിട്ടുണ്ടെന്ന് മറുപടി നൽകി . കേരള പഞ്ചായത്ത് രാജ് ആക്റ്റ് 204,205 വകുപ്പുകൾ , കേരള പഞ്ചായത്ത് രാജ് തൊഴിൽ നികുതി ചട്ടങ്ങൾ എന്നിവ പ്രകാരം തൊഴിൽ നികുതി പരിധിയിൽ വരുന്ന എല്ലാ സ്ഥാപനങ്ങൾ /ട്രേഡേഴ്സ് / ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതും മേൽപ്പറഞ്ഞ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ 2020-21 വർഷത്തെ തൊഴിൽ നികുതി ഈടാക്കി വിവരങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ് .

1-19 സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 204 (1), (I) (Ii) (Iii) പ്രകാരം ഒരു വ്യക്തി ഓരോ അർദ്ധവർഷവും തുടർച്ചയായോ പലപ്പോഴായോ, 60 ദിവസം ജോലി/തൊഴിൽ ചെയ്യുമ്പോഴും ഒരു കമ്പനി അറുപത് ദിവസത്തിൽ കുറയാതെ ഇടപാട് നടത്തുമ്പോഴും ഒരുവ്യക്തി തൊഴിൽ, കല, ബിസിനസ്സ്, ജോലി എന്നിവയിലേതെങ്കിലും ഏർപ്പെടുമ്പോഴും വ്യക്തിക്ക് മുതൽ മുടക്കുകളിൽ നിന്ന് ആദായം ലഭിക്കുമ്പോഴും തൊഴിൽ നികുതിക്ക് വിധേയമാകുന്നതാണ്. ഗ്രാമപഞ്ചായത്തിലെ തൊഴിൽ നികുതിയുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന സ്ഥാപനങ്ങളുടെ സ്ഥാപന തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല.

| ക്രമ നം . | സ്ഥാപനത്തിന്റെ പേര് | സ്ഥാപന തൊഴിൽ നികുതി ലഭിക്കാനുള്ള കാലയളവ് |
|---|---|---|
| 1 | വ്യാപാര വ്യവസായി എംപ്ലോയിസ് വെൽഫെയർ കോ.ഓപ്പറേറ്റീവ് സൊസൈറ്റി | ഒന്ന് , രണ്ട് അർദ്ധ വർഷങ്ങൾ |
| 2 | ഗുഡ്‌വിൽ കൺസ്ട്രക്ഷൻ | ഒന്ന് , രണ്ട് അർദ്ധ വർഷങ്ങൾ |
| 3 | എ കെ കൺസ്ട്രക്ഷൻ | ഒന്ന് , രണ്ട് അർദ്ധ വർഷങ്ങൾ |

| | | |
|---|---|---|
| 4 | മണപ്പുറം ഫിനാൻസ് | ഒന്ന് , രണ്ട് അർദ്ധ വർഷങ്ങൾ |

കൂടാതെ പഞ്ചായത്ത് പരിധിയിലുള്ള പെട്രോൾ പമ്പ് , കള്ള് ഷാപ്പുകൾ , റേഷൻ കടകൾ , ക്ഷീരസംഘങ്ങൾ തുടങ്ങിയവയേയും തൊഴിൽ നികുതി പരിധിയിൽ ഉൾപ്പെടുത്തിട്ടില്ല. ഈ വിഷയത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.08/07.04.2022) മേൽ സൂചിപ്പിച്ച എല്ലാ സ്ഥാപനങ്ങൾക്കും നോട്ടീസ് നൽകിയിട്ടുണ്ടെന്ന് മറുപടി നൽകി . കേരള പഞ്ചായത്ത് രാജ് ആക്റ്റ് 204,205 വകുപ്പുകൾ , കേരള പഞ്ചായത്ത് രാജ് തൊഴിൽ നികുതി ചട്ടങ്ങൾ എന്നിവ പ്രകാരം തൊഴിൽ നികുതി പരിധിയിൽ വരുന്ന എല്ലാ സ്ഥാപനങ്ങൾ /ട്രേഡേഴ്സ് നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതും മേൽപ്പറഞ്ഞ സ്ഥാപനങ്ങളിലെ 2020-21 വർഷത്തെ സ്ഥാപനതൊഴിൽ നികുതി ഈടാക്കി വിവരങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ് .

1-20 തൊഴിൽ നികുതി ലഭിച്ചതിൽ കുറവ്

2020-21 ലെ വിവിധ വകുപ്പുകളിൽ സേവനം അനുഷ്ഠിക്കുന്ന ജീവനക്കാരുടെ തൊഴിൽ നികുതി അസ്സസ്മെന്റ് ഫോറം ( ജോലി ചെയ്യുന്ന സ്ഥാപനത്തിൽ നിന്ന് ലഭ്യമാക്കുന്നത് ) പരിശോധിച്ചതിൽ അർദ്ധ വാർഷിക വരുമാനത്തിന് ഒപ്പം ബോണസ് / ഫെസ്റ്റിവൽ അലവൻസ് കൂട്ടാത്തതിനാൽ ലഭിക്കേണ്ട തൊഴിൽ നികുതിയിൽ കുറവ് സംഭവിച്ചതായി കാണുന്നു . വിശദ വിവരം ചുവടെ ചേർക്കുന്നു .

2020-21 ഒന്നാം അർദ്ധ വാർഷം

| സ്ഥാപനത്തിന്റെ പേര് | ജീവനക്കാരന്റെ പേര് | ലഭ്യമാക്കിയ തൊഴിൽ നികുതി അസ്സസ്മെന്റ് ഫോറം പ്രകാരം അർദ്ധ വാർഷിക വരുമാനം | ഈടാക്കിയ നികുതി | ബോണസ് / ഫെസ്റ്റിവൽ അലവൻസ് ചേരുമ്പോൾ അർദ്ധ വാർഷിക വരുമാനം | ഈടാക്കേണ്ട നികുതി | കുറവ് |
|---|---|---|---|---|---|---|
| വി ഇ ഒ ഓഫീസ് | അനീസ എ | 123283 | 1000 | 126033 | 1250 | 250 |
| വില്ലേജ് ഓഫീസ് | ദേവദാസ് എസ് | 123811 | 1000 | 126561 | 1250 | 250 |
| ആകെ | | | | | | 500 |

ഈ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് ( നം - 08/തീയതി-07/04/22 ) തൊഴിൽ നികുതിയിൽ കുറവ് വന്ന തുക ഈടാക്കുന്നതാണെന്ന് മറുപടി നൽകി . തൊഴിൽ നികുതിയിൽ കുറവ് വന്ന തുക ഈടാക്കി വിവരം അറിയിക്കേണ്ടതാണ് .

1-21 വ്യവസായങ്ങൾക്കും വ്യാപാര-ഫാക്ടറി സംരംഭക പ്രവർത്തനങ്ങൾക്കും ലൈസൻസ് - അപാകതകൾ.

1)ചട്ടപ്രകാരം ലൈസൻസ് പുതുക്കുന്നില്ല

1996 ലെ കേരള പഞ്ചായത്ത് രാജ് (വ്യവാസായങ്ങൾക്കും വ്യാപാര-ഫാക്ടറി സംരംഭക പ്രവർത്തനങ്ങൾക്കും ലൈസൻസ്) ചട്ടങ്ങളിലെ, ചട്ടം 10 പ്രകാരം ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷ ഏതൊരു വർഷവും അവസാനിക്കുന്നതിന് മുപ്പത് ദിവസം മുമ്പായി സമർപ്പിക്കേണ്ടതാണ്. കൂടാതെ, ചട്ടം 8 പ്രകാരം ഏതൊരു ലൈസൻസിന്റേയും കാലാവധി ആ സാമ്പത്തിക വർഷം അവസാനിക്കുന്നതുമാണ്.

2020-21 വർഷത്തിൽ തൃക്കൊടിത്താനം ഗ്രാമപഞ്ചായത്തിലെ ലൈസൻസ് പുതുക്കുന്നതിനായുള്ള അപേക്ഷകളും രജിസ്റ്ററും പരിശോധിച്ചതിൽ, 265 സ്ഥാപനങ്ങൾ ലൈസൻസ് പുതുക്കുന്നതിനും, പുതിയ ലൈസൻസിനുമായി അപേക്ഷിച്ചിട്ടുണ്ട്. മേൽ ചട്ടം പ്രകാരം ഗ്രാമപഞ്ചായത്തിൽ നിലവിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ എല്ലാം ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷ 2020 ഫെബ്രുവരി-മാർച്ച് മാസത്തിൽ തന്നെ നൽകേണ്ടതായിരുന്നു. ഇവയിൽ 14 സ്ഥാപനങ്ങളാണ് ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷ ഫെബ്രുവരി/മാർച്ച് മാസങ്ങളിൽ നൽകിയത്. ബാക്കി സ്ഥാപനങ്ങൾ ഏപ്രിൽ മുതൽ മാർച്ച് വരെയുള്ള മാസങ്ങളിലായാണ് ലൈസൻസ്

പുതുക്കിയിട്ടുള്ളത്.

2) ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയത് അപൂർണ്ണം

2019-20 കാലയളവിൽ 372 സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകിയിട്ടുണ്ട് . 2020-21 കാലയളവിൽ 265 സ്ഥാപനങ്ങൾക്കാണ് ലൈസൻസ് നൽകിയിട്ടുള്ളത് . എന്നാൽ ട്രേഡേഴ്സ് രജിസ്റ്ററിൽ കേവലം 214 സ്ഥാപനങ്ങൾ മാത്രമാണ് ഉൾപ്പെട്ടിട്ടുള്ളത് . ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന മുഴുവൻ സ്ഥാപനങ്ങളുടെയും വിവരങ്ങൾ ഫീൽഡ് പരിശോധനയിലൂടെ കണ്ടെത്തി രജിസ്റ്റർ കാലികമാക്കുന്നില്ല എന്ന കാര്യം വ്യക്തമാണ്. ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന മുഴുവൻ സ്ഥാപനങ്ങളുടെയും വിവരങ്ങൾ അടങ്ങിയ വാർഡ് തിരിച്ചുള്ള ട്രേഡേഴ്സ് രജിസ്റ്റർ തയ്യാറാക്കാത്തതിനാൽ പഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കിയിട്ടുണ്ടോ എന്നത് ഫലപ്രദമായി പരിശോധിക്കാൻ സാധിച്ചിട്ടില്ല. അപേക്ഷ സമർപ്പിക്കുന്ന സ്ഥാപനങ്ങൾക്കു മാത്രം ലൈസൻസ് പുതുക്കി നൽകുക എന്ന രീതിയാണ് പഞ്ചായത്തിൽ നിലനിന്നു പോരുന്നത്.

3)ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതിന് സാധ്യത നിലനില്ക്കുന്നു

ഗ്രാമപഞ്ചായത്തിൽ നിന്ന് ലഭ്യമായ കണക്കുകൾ പ്രകാരം 31.03.2021 ന് വാണിജ്യാവശ്യങ്ങൾക്കായി നമ്പർ നൽകിയിട്ടുള്ള 1206 കെട്ടിടങ്ങൾ ഉണ്ടായിരിക്കെ 2020-21 സാമ്പത്തിക വർഷത്തിൽ പഞ്ചായത്തിൽ 265 പേർ മാത്രമാണ് ലൈസൻസ് എടുത്തിട്ടുള്ളത് . ധാരാളം പേർ ലൈസൻസ് ഇല്ലാതെ വിവിധ ആവശ്യങ്ങൾക്കായി ബാക്കി കെട്ടിടങ്ങൾ ഉപയോഗിക്കുവാനുള്ള സാധ്യത നിലനിൽക്കുന്നുണ്ട് എന്ന കാര്യം വ്യക്തമാണ്.

പഞ്ചായത്ത് പരിധിയിൽ വരുന്ന പെട്രോൾ പമ്പ് , റേഷൻ കടകൾ , ഷാപ്പുകൾ , ക്ഷീര സംഘങ്ങൾ തുടങ്ങിയവയിൽ നിന്നും 2020-21വർഷങ്ങളിൽ ലൈസൻസ് ഫീസ് ഈടാക്കിയതായി കാണുന്നില്ല .

പഞ്ചായത്തിന് ലഭ്യമാകേണ്ടിയിരുന്ന വരുമാനം നഷ്ടപ്പെടുന്ന അവസ്ഥയാണ് ഉള്ളത്. ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ വാർഡ് തലത്തിൽ പരിശോധന നടത്തി കണ്ടെത്തി നടപടി സ്വീകരിക്കേണ്ടതാണ്. ഇക്കാര്യത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

4). കുറഞ്ഞ ലൈസൻസ് ഫീ ഈടാക്കുന്നതിനാൽ നഷ്ടം സംഭവിക്കുന്നു .

1996-ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും മറ്റ് സംരംഭ പ്രവർത്തനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പരിഷ്കരിച്ചത് 2018 വർഷം മുതൽ നിലവിലുള്ളതാണ്. പുതുക്കിയ ചട്ടങ്ങൾ പ്രകാരം 500/- രൂപ മുതൽ 15,000/- രൂപ വരെ വിവിധ വാണിജ്യ വ്യവസായങ്ങൾക്ക് ക്യാപ്പിറ്റൽ ഇൻവെസ്റ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ ഉൽപാദന/സേവന മേഖല തിരിച്ച് പരമാവധി ഫീസ് ചുമത്താവുന്നതാണ്.

ഫാക്ടറികൾക്കും വ്യാപാരികൾക്കും സംരംഭപ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകുന്നതിനുള്ള 2018 ലെ ഭേദഗതി നിയമത്തിലെ ചട്ടപ്രകാരം 7 ലെ പട്ടിക II പ്രകാരം ഉത്പാദനമേഖലയിൽ 25 ലക്ഷത്തിൽ കൂടാത്തതും, സേവന മേഖലയിൽ 10 ലക്ഷത്തിൽ കൂടാത്തതുമായ മൂലധന നിക്ഷേപമുള്ള സ്ഥാപന ത്തിന്റെ വാർഷിക ലൈസൻസ് ഫീസ് 500/- രൂപ വരെ ഈടാക്കാവുന്നതാണ്. എന്നാൽ അപേക്ഷകൾ, രജിസ്റ്റർ എന്നിവ പരിശോധിച്ചപ്പോൾ പല സ്ഥാപനങ്ങളു ടെയും ലൈസൻസ് ഫീ ഈടാക്കിയതിൽ കുറവുള്ളതായി ബോദ്ധ്യപ്പെട്ടു.പഞ്ചായത്ത് ഭരണസമിതി മേൽ ചട്ടങ്ങൾ ആധാരമാക്കി ക്യാപ്പിറ്റൽ ഇൻവെസ്റ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ വിവിധ സ്ലാബുകളിൽ ഫീസ് നിശ്ചയിച്ച് വിജ്ഞാപനം ചെയ്തിട്ടില്ല .

ആകെ 265 സ്ഥാപനങ്ങൾ തൻവർഷം ലൈസൻസ് പുതുക്കുകയോ/പുതിയ ലൈസൻസ് എടുക്കുകയോ ചെയ്തിട്ടുണ്ട്. എന്നാൽ ഇവയിൽ 1 സ്ഥാപനത്തിന് 10000/- രൂപാ വീതവും 2സ്ഥാപനങ്ങൾക്ക് ( തടിമിൽ , ഹോളോബ്രിക്സ് ) 1000/- രൂപാ വീതവും 8സ്ഥാപനങ്ങൾക്ക് 200/- രൂപാ വീതവും, 74 സ്ഥാപനങ്ങൾക്ക് 300/- രൂപാ വീതവും 43 സ്ഥാപനങ്ങൾക്ക് 400 രൂപ വീതവും 137 സ്ഥാപനങ്ങൾക്ക് 500 രൂപ വീതവും ആണ് ലൈസൻസ് ഫീ ഈടാക്കിയിട്ടുള്ളത്. ലൈസൻസ് ഫീ കുറച്ച് ഈടാക്കിയതുമൂലം ഗ്രാമപഞ്ചായത്തിന് തനത് വരുമാനത്തിൽ നഷ്ടം സംഭവിച്ചിട്ടുണ്ട്. സേവന മേഖലയിൽ വരുന്ന , 30 ലക്ഷം മൂലധന നിക്ഷേപമുണ്ട് എന്ന് അപേക്ഷയിൽ സൂചിപ്പിച്ച സ്ഥാപനത്തിൽ നിന്ന് പോലും (ജെസീക്ക ബിഗ് ഷോപ്പി-സൂപ്പർ മാർക്കറ്റ് ) കേവലം 500 രൂപയാണ് ഈടാക്കിയിരിക്കുന്നത് . സിമന്റ് വ്യാപാരം നടത്തുന്ന സ്ഥാപനത്തിൽ നിന്ന് 400 രൂപയാണ് ഈടാക്കിയിരിക്കുന്നത് . അതേ സമയം താരതമ്യേന ചെറിയ സ്ഥാപനമായ പുകപരിശോധനാ കേന്ദ്രത്തിൽ നിന്ന് 500 രൂപ ഈടാക്കിയിട്ടുമുണ്ട് . ലൈസൻസ് ഫീസ് നിർണ്ണയിക്കുന്ന ക്യാപ്പിറ്റൽ ഇൻവെസ്റ്റ്മെന്റ് മൂല്യം അനേകം അപേക്ഷകളിൽ രേഖപ്പെടുത്തിയിട്ടില്ല. സ്ഥലപരിശോധന റിപ്പോർട്ടുകളിലും പ്രസ്തുത വിവരങ്ങൾ

രേഖപ്പെടുത്തിയിട്ടില്ല എന്ന് കാണുന്നു. ലൈസൻസ് ഫീസ് ചട്ടപ്രകാരമല്ല നിശ്ചയിച്ചത് എന്ന് വ്യക്തമാണ്.

5). ലൈസൻസ് രജിസ്റ്റർ സൂക്ഷിപ്പിലെ അപാകത

2020-21 കാലയളവിലെ DCB പത്രിക / വാർഷിക കണക്ക് എന്നിവ പ്രകാരം ലഭിച്ച ലൈസൻസ് ഫീസ് 135100 രൂപയാണ് . എന്നാൽ ലൈസൻസ് രജിസ്റ്റർ പ്രകാരം ആകെ ലഭിച്ചിരിക്കുന്നത് 121500 രൂപയാണ് . രജിസ്റ്ററിൽ വിവരങ്ങൾ പൂർണ്ണമായും ഉൾപ്പെടുത്താത്തതിനാലാണ് പ്രസ്തുത വ്യത്യാസം ഉണ്ടായത് എന്ന് സെക്രട്ടറി മറുപടി നൽകി . രജിസ്റ്റർ കൃത്യമാക്കി സൂക്ഷിക്കേണ്ടതാണ് .

മേൽ അപാകതകൾക്ക് വിശദീകരണം നൽകണമെന്ന് ആവശ്യപ്പെട്ടു കൊണ്ട് നൽകിയ അന്വേഷണക്കുറിപ്പിന് ( നം- 2/05.04.2022) ട്രേഡേഴ്സ് രജിസ്റ്റർ കാലികമാക്കുന്നതാണെന്നും എല്ലാ സ്ഥാപനങ്ങളേയും ലൈസൻസിന്റെ പരിധിയിൽ കൊണ്ടുവരുന്നതാണെന്നും അപാകതകൾ പരിഹരിക്കുന്നതാണെന്നും മറുപടി നൽകി . ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ വാർഡ് തലത്തിൽ പരിശോധന നടത്തി കണ്ടെത്തി നടപടി സ്വീകരിക്കേണ്ടതാണ്. ധനകാര്യ സ്റ്റാന്റിങ് കമ്മിറ്റിയുടെയും ഭരണ സമിതിയുടെയും പ്രത്യേകശ്രദ്ധ മേൽ വിഷയങ്ങളിൽ ഉണ്ടാകേണ്ടതാണ്.

1-22 ക്ഷേമ പെൻഷൻ മരണ തീയതിക്കു ശേഷമുള്ള മാസങ്ങളിലും പെൻഷണറുടെ ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തത് - 144900 രൂപ

22.09.2017 ലെ ധനകാര്യ വകുപ്പ് സർക്കുലർ SFCB1/71/2017 പ്രകാരം ഗുണഭോക്താക്കൾ മരണപ്പെടുന്ന സംഗതികളിൽ ക്ഷേമ പെൻഷൻ അനുവദിച്ചു നൽകിയ തദ്ദേശസ്ഥാപനത്തിൽ മരണം റിപ്പോർട്ട് ചെയ്യപ്പെടുന്ന പക്ഷം ആ ദിവസം തന്നെ പെൻഷൻ സസ്പെന്റ് ചെയ്യേണ്ടതാണെന്നും മരണം മറ്റ് തദ്ദേശസ്ഥാപനത്തിൽ റിപ്പോർട്ട് ചെയ്യപ്പെടുന്നുവെങ്കിൽ അതേ ദിവസം തന്നെ പെൻഷൻ അനുവദിച്ചു നൽകിയ തദ്ദേശസ്ഥാപനത്തിൽ റിപ്പോർട്ട് ചെയ്യേണ്ടതാണെന്നും നിർദ്ദേശിച്ചിരുന്നു . എന്നാൽ തൃക്കൊടിത്താനം ഗ്രാമ പഞ്ചായത്തിലെ 2020-21 കാലയളവിലെ സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണ രേഖകൾ പരിശോധിച്ചതിൽ നിന്നും മരണപ്പെട്ടവരുടെ പേരിലുള്ള പെൻഷൻ മരണ തീയതിക്കു ശേഷമുള്ള മാസങ്ങളിലും പെൻഷണറുടെ ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തതായി കാണുന്നു. ഗുണഭോക്താക്കളുടെ മരണ വിവരം പഞ്ചായത്തിൽ രജിസ്റ്റർ ചെയ്തിട്ടു പോലും ഓഡിറ്റ് നടക്കുന്ന തീയതി വരേയും പെൻഷൻ സസ്പെന്റ് ചെയ്തിട്ടുമില്ല . വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | പെൻഷൻ തരം | പെൻഷൻ ഐ.ഡി. | മരിച്ച തീയതി | മരണം രജിസ്റ്റർ ചെയ്ത തീയതി | അനർഹമായ കാലയളവ് | അനർഹമായ കാലയളവിൽ വിതരണം ചെയ്ത തുക |
|---|---|---|---|---|---|---|---|
| 1 | പി.റ്റി ചാക്കോ | വാർദ്ധക്യകാല പെൻഷൻ | 105590202260 | 06/01/20 | 17/01/20 | 2/20 മുതൽ 4/20- വരെ | 3700 |
| 2 | ജമീല ബീവി പി.എ | വിധവ പെൻഷൻ | 105590600687 | 04.01.20 | 28.01.20 | 2/20 മുതൽ 2/22- വരെ | 36600 |
| 3 | വി വി രാജു | വാർദ്ധക്യകാല പെൻഷൻ | 105590202890 | 09.02.20 | 24.02.20 | 3/20 മുതൽ 2/22- വരെ | 35400 |
| 4 | വിജയമ്മ വിജയപ്പൻ | വിധവ പെൻഷൻ | 105590600309 | 20.04.20 | 28.05.20 | 5/20 മുതൽ 2/22- വരെ | 32900 |
| 5 | ഏലിക്കുട്ടി | കർഷക തൊഴിലാളി പെൻഷൻ | 105590100326 | 25.05.20 | 09.06.20 | 6/20 മുതൽ 11/20- വരെ | 8100 |
| 6 | അബ്ദുൾറഹ്മാൻ | വാർദ്ധക്യകാല പെൻഷൻ | 105590202032 | 22.05.20 | 11.06.20 | 6/20 മുതൽ 08/20- വരെ & 10/20 | 5300 |

| | | | | | | | |
|---|---|---|---|---|---|---|---|
| 7 | ബാബു | വാർദ്ധക്യകാല പെൻഷൻ | 105590203023 | 05.06.20 | 29.06.20 | 7/20 മുതൽ 12/20- വരെ | 8200 |
| 8 | മത്തായി | കർഷക തൊഴിലാളി പെൻഷൻ | 105590100268 | 04.07.20 | 13.07.20 | 8/20 മുതൽ 12/20- വരെ | 6900 |
| 9 | വർക്കി ജോസഫ് | കർഷക തൊഴിലാളി പെൻഷൻ ( 600 രൂപ വീതം ) | 105590100254 | 10.08.20 | 04.09.20 | 5/21 മുതൽ 2/22- വരെ & 9/20 മുതൽ 11/20- വരെ | 7800 |
| ആകെ | | | | | | | 144900 |

പെൻഷൻ തുക സംബന്ധിച്ച വിശദവിവരം ചുവടെ ചേർക്കുന്നു .

| | 04/2019 മുതൽ 03/2020 വരെ | 04/2020 മുതൽ 08/2020 വരെ | 09/2020 മുതൽ 12/2020 വരെ | 01/2021 മുതൽ 03/2021 വരെ | 04/2021 മുതൽ 02/2022 വരെ |
|---|---|---|---|---|---|
| വാർദ്ധക്യകാല പെൻഷൻ (75 വയസിൽ കൂടുതൽ) | 1500 | 1500 | 1500 | 1500 | 1600 |
| മറ്റ് ക്ഷേമ പെൻഷനുകൾ | 1200 | 1300 | 1400 | 1500 | 1600 |

അപേക്ഷകരുടെ മരണ വിവരം പഞ്ചായത്തിൽ രജിസ്റ്റർ ചെയ്തിട്ടും തുടർന്നുള്ള മാസങ്ങളിലും ഇവർക്ക് പെൻഷൻ ബാങ്കിലേക്കയക്കുന്നത് അംഗീകരിക്കാൻ കഴിയുന്നതല്ല . ഓഡിറ്റ് ഇത് പരിശോധിക്കുന്ന വേളയിലും മേൽ സൂചിപ്പിച്ചവരുടെ പെൻഷൻ സ്റ്റാറ്റസ് സേവനയിൽ ആക്ടീവ് ആയി തുടരുകയുമാണ് . ഓഡിറ്റ് വേളയിൽ ലഭ്യമാക്കിയ വിവരങ്ങളുടെ അടിസ്ഥാനത്തിലുള്ള വിവരമാണ് മുകളിൽ ചേർത്തിട്ടുള്ളത്. ഓഡിറ്റ് കണ്ടെത്തിയ ഗുണഭോക്താക്കൾ തൃക്കൊടിത്താനം ഗ്രാമപഞ്ചായത്തിൽ 2020-21 വർഷം മരണം റിപ്പോർട്ട് ചെയ്യുകയും മരണ സർട്ടിഫിക്കറ്റ് പുറപ്പെടുവിക്കുകയും ചെയ്തവർ മാത്രമാണ്. മറ്റു തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ മരണപ്പെട്ട ഗുണഭോക്താക്കളുടെ വിവരങ്ങൾ ലഭ്യമായിട്ടില്ല. ആയതിനാൽ ഈ ലിസ്റ്റ് ഭാഗികമാണ്. ഈ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് ( നം - 01/തീയതി -05/04/22 ) പെൻഷൻ സസ്പെന്റ് ചെയ്യുന്നതിന് നടപടി സ്വീകരിച്ചതായും തുക തിരികെ ഈടാക്കാൻ നടപടി സ്വീകരിക്കുന്നതാണെന്നും മറുപടി നൽകി .

നിലവിൽ അനർഹമായി നൽകിയതായി കണ്ടെത്തിയ 144900/- രൂപ ബാങ്കിൽ നിന്നോ അനർഹർ കൈപ്പറ്റിയിട്ടുണ്ടെങ്കിൽ അവരിൽ നിന്നോ ഈടാക്കി സർക്കാരിലേക്ക് അടവാക്കേണ്ടതാണ് . ഇതേ രീതിയിൽ കൂടുതൽ പെൻഷണർമാർക്ക് മരണശേഷവും ബാങ്ക് അക്കൗണ്ടിലേക്ക് പെൻഷൻ വിതരണം ചെയ്തിട്ടുള്ളതായി കണക്കാക്കുന്നു. സൂക്ഷ്മ പരിശോധന നടത്തി ഈ രീതിയിലുള്ള പെൻഷൻ വിതരണം ഒഴിവാക്കേണ്ടതാണ് .

## 1-23 സർവ്വീസ് പെൻഷൻ/കുടുംബപെൻഷൻ കൈപ്പറ്റുന്നവർ അനർഹമായി സാമൂഹ്യ സുരക്ഷാപെൻഷൻ തുകയും കൈപ്പറ്റി

സർവ്വീസ് പെൻഷൻ/കുടുംബപെൻഷൻ കൈപ്പറ്റുന്നവർ അനർഹമായി സാമൂഹ്യ സുരക്ഷാപെൻഷൻ തുകയും കൈപ്പറ്റിയതായി രേഖകൾ പരിശോധിച്ചതിൽ നിന്നും ബോധ്യമാകുന്നു . വിശദവിവരം ചുവടെ ചേർക്കുന്നു .

| ക്രമ നമ്പർ | പേര് | പെൻഷൻ ഐ.ഡി | പെൻഷൻ തരം | അനർഹമായി കൈപ്പറ്റിയ തുക | ഇനി ഈടാക്കാൻ അവശേഷിക്കുന്ന തുക |
|---|---|---|---|---|---|
| 1 | ശാന്തമ്മ | 105590100545 | കർഷക | 55300 | 45300 |

| | | | | | |
|---|---|---|---|---|---|
| | പ്രഭാകരൻ | | തൊഴിലാളി പെൻഷൻ | | |
| 2 | സരോജിനി | 105590201144 | വാർദ്ധക്യകാല പെൻഷൻ | 19900 | 17900 |
| 3 | ഓമന ശശി | 105590400014 | ഡിസബിലിറ്റി പെൻഷൻ സ്കീം | 76600 | 66600 |
| 4 | ശാന്തമ്മാൾ | 105590600135 | വിധവ പെൻഷൻ | 54400 | 49400 |
| ആകെ | | | | | 179200 |

ഈ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് ( നം - 01/തീയതി-05/04/22 ) അനർഹമായി കൈപ്പറ്റിയ തുക ഗഡുക്കളായി തിരികെ ഈടാക്കി വരുന്നുണ്ടെന്ന് മറുപടി നൽകി .

മേൽ സൂചിപ്പിച്ച വ്യക്തികളിൽ നിന്നും അവർ സാമൂഹ്യസുരക്ഷാ പെൻഷൻ ഇനത്തിൽ അനർഹമായി കൈപ്പറ്റിയ തുക പൂർണ്ണമായും തിരികെ ഈടാക്കി സർക്കാരിൽ ഒടുക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. കൂടാതെ സാമൂഹ്യ സുരക്ഷാപെൻഷൻ അനുവദിക്കുമ്പോൾ സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങൾ കർശനമായി പാലിക്കാൻ ബന്ധപ്പെട്ട അധികാരികൾ ശ്രദ്ധിക്കേണ്ടതുമാണ് .

1-24 പെൻഷനറുടെ (ഡയറക്റ്റ് റ്റു ഹോം സ്കീം ) മരണ തീയതിക്കു ശേഷമുള്ള മാസങ്ങളിലും പെൻഷൻ തുക സഹകരണബാങ്കിന് നൽകുന്നു.

തൃക്കൊടിത്താനം പഞ്ചായത്തിലെ ഓഡിറ്റ് കാലയളവിലെ സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണ രേഖകൾ പരിശോധിച്ചതിൽ ഭൂരിഭാഗം വ്യക്തികളും ഡയറക്റ്റ് റ്റു ഹോം സ്കീം ( സഹകരണബാങ്കിൽ നിന്ന് നേരിട്ട് ലഭിക്കുന്നത് ) പ്രകാരം പെൻഷൻ കൈപ്പറ്റുന്നവർ ആണ് എന്ന് ബോധ്യമാകുന്നു . എന്നാൽ പെൻഷണർ മരണപ്പെടുന്ന സംഗതികളിൽ സേവനയിൽ യഥാസമയം പെൻഷൻ സസ്പെന്റ് ചെയ്യുന്നില്ല . ഇക്കാരണത്താൽ മരണ തീയതിക്കു ശേഷമുള്ള മാസങ്ങളിലും പെൻഷൻ നൽകുന്നതിനുള്ള തുക സഹകരണ ബാങ്കിന് ലഭിച്ചുകൊണ്ടേയിരിക്കുന്നു ( സഹകരണബാങ്ക് തുക ആർക്കും നൽകുന്നില്ല ). ഗുണഭോക്താക്കളുടെ മരണ വിവരം സഹകരണബാങ്ക് / പഞ്ചായത്ത് ന് യഥാസമയം ബോധ്യമായിട്ടും ഓഡിറ്റ് നടക്കുന്ന തീയതി വരേയും പെൻഷൻ സസ്പെന്റ് ചെയ്തിട്ടുമില്ല . ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു .

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | പെൻഷൻ തരം | പെൻഷൻ ഐ.ഡി. | മരിച്ച തീയതി | മരണം രജിസ്റ്റർ ചെയ്ത തീയതി |
|---|---|---|---|---|---|
| 1 | ശ്രീനിവാസൻ | കർഷക തൊഴിലാളി പെൻഷൻ | 105590100620 | 14.12.19 | 17.01.20 |
| 2 | കൃഷ്ണൻകുട്ടി | വാർദ്ധക്യകാല പെൻഷൻ | 105590201267 | 22.12.19 | 17.01.20 |
| 3 | പൊന്നമ്മ | വാർദ്ധക്യകാല പെൻഷൻ | 105590200427 | 08.01.20 | 20.01.20 |
| 4 | വസുമതി | വിധവ പെൻഷൻ | 105590600887 | 10.02.20 | 28.02.20 |
| 5 | ചാക്കോ വർഗ്ഗീസ് | കർഷക തൊഴിലാളി പെൻഷൻ | 105590100370 | 02.07.20 | 21.07.20 |

മരണ തീയതിക്കു ശേഷമുള്ള മാസങ്ങളിലും സാമൂഹ്യ സുരക്ഷാ പെൻഷൻ അനുവദിച്ചതിന് വിശദീകരണം

ലഭ്യമാക്കുവാനും സഹകരണ ബാങ്ക് , ഈ തുക തിരികെ ഒടുക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ ലഭ്യമാക്കുവാനും നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് ( നം - 01/തീയതി -05/04/22 ) പെൻഷൻ സസ്പെന്റ് ചെയ്യുന്നതിന് നടപടി സ്വീകരിച്ചതായും സർക്കാരിലേക്ക് തുക തിരികെ ഒടുക്കിയിട്ടുണ്ടെന്നും മറുപടി നൽകി . സഹകരണ ബാങ്കിൽ നിന്ന് ലഭ്യമാക്കിയ രേഖകൾ പ്രകാരം 2021 ഏപ്രിൽ 30 വരെ വിതരണം ചെയ്യുവാൻ ലഭിച്ച തുകയാണ് തിരിച്ചടച്ചിട്ടുള്ളത്. പിന്നീടുള്ള മാസങ്ങളിലെ തുക കൂടി തിരിച്ചടച്ചു എന്ന് സെക്രട്ടറി ഉറപ്പ് വരുത്തേണ്ടതാണ്. പെൻഷനറുടെ മരണവിവരം അറിയുമ്പോൾ തന്നെ പെൻഷൻ സസ്പെന്റ് ചെയ്യണം എന്ന കർശന നിർദ്ദേശം സഹകരണ ബാങ്കിന് നൽകേണ്ടതാണ് .

1-25 റോഡ് കട്ടിങ്ങ് റിസ്റ്ററേഷൻ ചാർജ്-ജി.എസ്.ടി. പഞ്ചായത്തിന്റെ വരവായി അക്കൗണ്ട് ചെയ്തു.

2020-21 വർഷം റോഡ് കട്ടിങ്ങ് റിസ്റ്റൊറേഷൻ ചാർജ് പഞ്ചായത്ത് ഫണ്ടിൽ അടവാക്കിയപ്പോൾ ജി.എസ്.ടി. ഉൾപ്പടെയുള്ള തുക റിസ്റ്റൊറേഷൻ ചാർജ് ശീർഷകത്തിൽ അക്കൗണ്ട് ചെയ്തു. ലഭിച്ച തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| തുക ഒടുക്കിയത് | പ്രവൃത്തി | എസ്റ്റിമേറ്റ് തുക |
|---|---|---|
| ജിയോ ഡിജിറ്റൽ ഫൈബർ പ്രൈ. ലിമിറ്റഡ് | തൃക്കൊടിത്താനം ഗ്രാമപഞ്ചായത്തിന്റെ വിവിധ റോഡുകളിൽ GI പോൾ സ്ഥാപിക്കുന്നതിനുള്ള റോഡ് കട്ടിങ്ങ് | 526206 |

PWD Roads ചീഫ് എഞ്ചിനീയറുടെ 30/03/2019 ലെ CE/R&B/GL-RC/2/2019 നം. സർക്കുലർ പ്രകാരമാണ് പഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയർ എസ്റ്റിമേറ്റ് തുക നിശ്ചയിച്ച് നൽകിയത്. പ്രസ്തുത സർക്കുലർ പ്രകാരമുള്ള ഇനങ്ങളുടെ നിരക്ക് കോസ്റ്റ് ഇൻഡെക്സ്, സെന്റേജ്, GST ഉൾപ്പടെയുള്ള തുകയാണ്. റോഡ് കട്ടിങ്ങ് റിസ്റ്റൊറേഷൻ ചാർജിന് 12% GST ചുമത്തി 03/07/2019 ലെ G.O.(Rt) No.1366/2019/LSGD പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. 469827 രൂപ റോഡ് കട്ടിങ്ങ് റിസ്റ്റൊറേഷൻ ചാർജും 56379 രൂപ GST യുമായി അക്കൗണ്ട് ചെയ്യേണ്ടിയിരുന്നതിന് പകരം 526206 രൂപയും 140700101 ശീർഷകത്തിലാണ് അക്കൗണ്ട് ചെയ്തത്. 56379 രൂപ GST സർക്കാരിലേക്ക് അടവാക്കേണ്ടതായിരുന്നു. അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ്(നം.03-തീയതി-06.04.2022) നൽകിയതിന് ജി.എസ്.ടി. അടവാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ് എന്നറിയിച്ചു. റവന്യൂ ശീർഷകത്തിൽ അക്കൗണ്ട് ചെയ്ത ജി.എസ്.ടി. തുക 56379 രൂപ ബാധ്യത ശീർഷകങ്ങളിലേക്ക് (SGST,CGST) അക്കൗണ്ടിങ്ങ് ക്രമീകരണം നടത്തിയശേഷം സർക്കാരിലേക്ക് അടവാക്കേണ്ടതാണ്. ജി.എസ്.ടി. അടവാക്കിയതിന്റെ വിശദാംശം ഓഡിറ്റിനെ അറിയിക്കേണ്ടതാണ് .

1-26 ബഡ്സ് സ്കൂളിന് വാങ്ങിയ ഉപകരണങ്ങൾ സ്റ്റോക്കിലെടുത്തില്ല.

2020-21 വർഷം അസിസ്റ്റന്റ് സെക്രട്ടറി നിർവഹണം നടത്തിയ ബഡ്സ് സ്കൂൾ സ്ഥാപിക്കൽ (പ്രോജക്ട് നം. 310 /21 ) എന്ന പ്രോജക്ട് പ്രകാരം 4,36,094/- രൂപ (വൗച്ചർ നം. -22000635 / 22.09.2020 ) ബഡ്സ് സ്കൂൾ സ്ഥാപിക്കുന്നതിന് കുടുംബശ്രീക്ക് അനുവദിച്ച 12,50,000/- രൂപയിൽ നിന്നും കെൽട്രോണിന് നൽകിയിട്ടുണ്ട്. അസിസ്റ്റന്റ് സെക്രട്ടറിയുടെ 17/09/2020 ലെ എ 5/286-2000 ഉത്തരവ് പ്രകാരം ബഡ്സ് സ്കൂളിലേക്കു ഉപകരണങ്ങൾ വാങ്ങിയതിന്റെ ബിൽ തുക (581459/- ) യിൽ പാർട്ട് ബില്ലായി 436094 /- രൂപ കെൽട്രോണിന് അനുവദിക്കുന്നതിനും ജി എസ് ടിയും ആദായനികുതിയും ബാക്കി നൽകാനുള്ള ബിൽ തുകയിൽ നിന്നും ഈടാക്കുന്നതിനും ഉത്തരവായിട്ടുണ്ട്. ഉപകരണങ്ങൾ സ്റ്റോക്കിലെടുത്തതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാനാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിയുടെ (നം.15 )മറുപടിയിൽ കോവിഡ് -19 ആയതിനാൽ ഉത്തരവാദപ്പെട്ടവർ സ്റ്റോക്ക് വേരിഫൈ ചെയ്തു തരാതിരുന്നതിനാലാണ് ബിൽ തുകയുടെ 75 ശതമാനമായ 436094/- രൂപ മാത്രം കെൽട്രോണിന് നൽകിയതെന്നും സ്റ്റോക്ക് വേരിഫൈ ചെയ്യാത്തതിനാലാണ് സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്താതിരുന്നതെന്നും ടി ഉപകരണങ്ങൾ ബഡ്സ് സ്കൂളിൽ ഉപയോഗിക്കുന്നുണ്ടെന്നും വ്യക്തമാക്കിയിട്ടുണ്ട്. സ്റ്റോക്ക് വെരിഫൈ ചെയ്ത് കെൽട്രോൺ ലഭ്യമാക്കിയ ബിൽ പ്രകാരമുള്ള ഉപകരണങ്ങളെല്ലാം ലഭിച്ചിട്ടുണ്ടെന്ന് നിർവഹണഉദ്യോഗസ്ഥ ഉറപ്പുവരുത്തേണ്ടതാണ്. സ്റ്റോക്ക് വെരിഫൈ ചെയ്യേണ്ടതും സ്റ്റോക്ക് രജിസ്റ്ററിൽ വിശദാംശങ്ങൾ രേഖപ്പെടുത്തേണ്ടതും ഉടർ നടപടികളുടെ വിശദാംശങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതുമാണ്.

1-27 മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) നിർവ്വഹണം നടത്തിയ മരുന്നുവാങ്ങൽ പ്രോജക്ടുകൾ-

മരുന്നുകൾ പൂർണ്ണമായും ലഭിച്ചിട്ടില്ല.

മെഡിക്കൽ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ മരുന്നുവാങ്ങൽ പ്രോജക്ടുകളിൽ മരുന്നുകളും ,ഹോംകെയർ കിറ്റിലേയ്ക്ക് ആവശ്യമായ സാധനങ്ങളും നാളിതുവരെ പൂർണ്ണമായി ലഭിച്ചിട്ടില്ല.വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം./പേര് | അടങ്കൽ | ചെലവഴിച്ച തുക/ബിൽ നം,തീയതി | ലഭിയ്ക്കാനുള്ള മരുന്ന്/ഉപകരണങ്ങളുടെ വില |
|---|---|---|---|
| S0225/21,മാരകമായ രോഗം ബാധിച്ചവർക്ക് മരുന്നുവാങ്ങൽ | 150,000 | 150,000<br>23/21 തീ26.3.21 | 79532 |
| S0040/21,പി.എച്ച്.സിയ്ക്ക് മരുന്നു വാങ്ങൽ | 600,000 | 600,000<br>ബിൽ നം.17/21തീ27.1.21 | 19188 |
| S0038/21,പെയിൻ ആന്റ് പാലിയേറ്റീവ് കെയർ | 716000 | 701345/-(250,000രൂപയുടെ മരുന്നും,ഹോം കെയർകിറ്റിലേയ്ക്ക് ആവശ്യമായ സാധനങ്ങൾ)<br>ബിൽ നം.2/21 തീ26.3.21 | 54722/-(ഹോം കെയർ കിറ്റിലേയ്ക്ക് ആവശ്യമായ സാധനങ്ങൾ) |
| | | ആകെ | 153442 |

മേൽ പരാമർശിച്ച പ്രോജക്ടുകളിൽ ഉൾപ്പെടുത്തി മരുന്നും,ഹോം കെയർ കിറ്റിലേയ്ക്ക് ആവശ്യമായ സാധനങ്ങളും വാങ്ങുന്നതിനായി കേരള മെഡിക്കൽ സർവീസ് കോർപ്പറേഷന് തുക നൽകിയിട്ടുണ്ടെങ്കിലും മരുന്നുകളും,ഉപകരണങ്ങളും പൂർണ്ണമായും നാളിതുവരെ ലഭിച്ചിട്ടില്ല.ആയതിനാൽ 153442/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-28 ദുരിതാശ്വാസനിധി രൂപീകരിച്ചിട്ടില്ല

2003 ലെ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും)ചട്ടങ്ങൾ പ്രകാരം തുക്കൊടിത്താനം ഗ്രാമപഞ്ചായത്തിൽ നാളിതുവരെ ദുരിതാശ്വാസനിധി രൂപീകരിച്ചിട്ടില്ല. പ്രസ്തുത ചട്ടങ്ങൾ ചട്ടം(3) പ്രകാരം പേമാരി, വെള്ള പൊക്കം, പ്രകൃതി ക്ഷോഭം, അഗ്നി ബാധ, കൊടുങ്കാറ്റ്, കടലാക്രമണം, അത്യാഹിതം, മാറാരോഗങ്ങൾ എന്നിവമൂലം ദുരിതമനുഭവിക്കുന്നവരും ഗ്രാമപഞ്ചായത്ത് പ്രദേശങ്ങളിൽ നിവസിക്കുന്നവരും നിർദ്ധനരുമായ വ്യക്തികൾക്ക് അവരുടെ ദുരിതനിവാരണാർത്ഥം അടിയന്തിര ധനസഹായം നൽകുന്നതിനായി ഓരോ ഗ്രാമപഞ്ചായത്തിനും ഒരു പ്രമേയം മൂലം ഗ്രാമപഞ്ചായത്തിന്റെ മറ്റു ഫണ്ടുകളിൽ നിന്ന് വേറിട്ട് സൂക്ഷിക്കുന്ന ഒരു ദുരിതാശ്വാസ നിധി രൂപീകരിക്കാവുന്നതാണ്. 2003ലെ കേരള പഞ്ചായത്ത് രാജ്(ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങൾ പ്രകാരമുള്ള ദുരിതാശ്വാസ നിധി രൂപീകരിച്ച് അർഹതപ്പെട്ടവർക്ക് ധനസഹായം നൽകാൻ വേണ്ട നടപടികൾ ഗ്രാമപഞ്ചായത്ത് കമ്മിറ്റി കൈക്കൊള്ളേണ്ടതാണ്.

1-29 ലൈഫ് ഭവനപദ്ധതി - ഭവനനിർമ്മാണം പൂർത്തിയായില്ല.

ലൈഫ് ഭവനപദ്ധതി പ്രകാരം മുൻവർഷങ്ങളിൽ തുക നൽകിയ ചുവടെ ചേർക്കുന്ന ഗുണഭോക്താക്കൾ ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.

| പേര് | നൽകിയ തുക |
|---|---|
| സുജാത പി കെ ,പ്ലാംപറമ്പിൽ | 360000/- |
| സന്ധ്യ ജി, ഉറവയിൽ | 40000/- |
| സോഫിയാമ്മ, വട്ടക്കേരി വീട് | 40000/- |
| മോളമ്മ ബേബി ,പോട്ടയിൽ പുതുപ്പറമ്പ് | 40000/- |

തുടർനടപടികൾ സ്വീകരിച്ച് ഭവനനിർമ്മാണം പൂർത്തീകരിച്ച് വിശദാംശങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

1-30 കന്നുകുട്ടി പരിപാലന പദ്ധതി- വിനിയോഗവിവരം ലഭ്യമാക്കിയിട്ടില്ല.

പ്രോജക്ട് നമ്പർ- 16/21

അടങ്കൽ- 250000/- (വികസനഫണ്ട്)

ചെലവ്- 250000/- (ബിൽ നമ്പർ- /20-21, തീയതി- 03/02/2021)

2020-21 വർഷം വെറ്ററിനറി സർജൻ നിർവഹണം നടത്തിയ പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി എന്ന പ്രോജക്ട് പ്രകാരം 250000/- രൂപ കന്നുകുട്ടിപരിപാലന പദ്ധതി അസിസ്റ്റന്റ് ഡയറക്ടറുടെ അക്കൗണ്ടിലേക്ക് നൽകിയിട്ടുണ്ട്. എന്നാൽ തുകയുടെ വിനിയോഗ വിവരം ലഭ്യമായിട്ടില്ല. പദ്ധതിക്കായി കൈമാറിയ തുകയുടെ വിനിയോഗ വിശദാംശങ്ങൾ ലഭ്യമാക്കി ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

## 1-31 ഒരേ ദിവസം അവിദഗ്ധ-വിദഗ്ധ പ്രവൃത്തികൾ നിർവ്വഹിച്ചതായി രേഖപ്പെടുത്തി തൊഴിലാളികൾക്ക് വേതനം അനുവദിച്ചു

മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കിയ കാലിത്തൊഴുത്ത് , ആട്ടിൻ കൂട്, കോഴിക്കൂട് തുടങ്ങിയ അവിദഗ്ധ ,വിദഗ്ധ തൊഴിൽ ആവശ്യമുള്ള പദ്ധതികളിൽ ഒരേ തൊഴിലാളികൾ തന്നെ ഒരേ ദിവസത്തിൽ രണ്ടുതരം പ്രവർത്തികളും ചെയ്തതായി ഹാജർ രേഖപ്പെടുത്തി, വേതനം അനുവദിച്ചത്, മസ്റ്റർ റോൾ, പെയ്മെന്റ് എഫ്.ടി.ഒ എന്നിവ പരിശോധിച്ചതിൽ ബോധ്യപ്പെട്ടു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രവർത്തിയുടെ പേര് | ഗുണഭോക്താവിന്റെ പേര് | വാർഡ് നമ്പർ | MB നം | ആളിന്റെ പേര് | തൊഴിൽ കാർഡ് നമ്പർ/ രജി. നമ്പർ | വർക്ക് കോഡ് | മസ്റ്റർ റോൾ ആരംഭിച്ച തീയതി | മസ്റ്റർ റോൾ അവസാനിച്ച തീയതി | മസ്റ്റർ റോൾ നമ്പർ | SK/SSK/ USK (സ്കിൽഡ്/ സെമി സ്കിൽഡ്/ അൺ സ്കിൽഡ് ) | തുക | അനർഹമായി അനുവദിച്ച തുക |
|---|---|---|---|---|---|---|---|---|---|---|---|---|---|
| 1 | ആട്ടിൻ കൂട് നിർമ്മാണം | ലിസ്സി ജോയി | 4 | 32 | ലിസ്സി ജോയി | KL-10-006-003-004/291 | 161000603/ IF/504301 | 12/09/20 | 18/09/20 | 4654 | USK | 1746 | |
| | | | | | ലിസ്സി ജോയി | ,, | | 12/09/20 | 18/09/20 | 4657 | SK | 4500 | 4500 |
| 2 | കാലി ത്തൊഴുത്ത് നിർമ്മാണം | ലാലപ്പൻ പി ജി | 14 | 36 | ലാലപ്പൻ പി ജി | KL-10-006 -003-014/208 | 161000603/ IF/459021 | 07/10/20 | 13/10/20 | 6107 | USK | 1746 | |
| | | | | | ലാലപ്പൻ പി ജി | ,, | | 07/10/20 | 13/10/20 | 6213 | SK | 4500 | 4500 |
| 3 | കാലി ത്തൊഴുത്ത് നിർമ്മാണം | ജോബി മോൻ ജോയി | 7 | 30 | ജോബി മോൻ ജോയി | KL-10-006-003-007/195 | 161000603/ IF/485842 | 11/06/20 | 17/06/20 | 1535 | USK | 1746 | |
| | | | | | ജോബിമോൻ ജോയി | ,, | | 11/06/20 | 17/06/20 | 1538 | SK | 4500 | 4500 |

ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (ഓഡിറ്റ് എൻക്വയറി നം -5/22.02.2022) ആസ്തി നിർമ്മാണത്തിൽ ഉൾപ്പെടുന്ന വ്യക്തികൾക്ക് തന്നെയാണ് വേതനം നൽകിയിട്ടുള്ളത് എന്നും അനർഹർക്ക് വേതനം നൽകിയിട്ടില്ലായെന്നും അപാകതകൾ ആവർത്തിക്കുകയില്ല എന്നും മറുപടി നൽകി.

ഒരേ തൊഴിലാളികൾ തന്നെ ഒരേ ദിവസത്തിൽ രണ്ടുതരം പ്രവർത്തികളും ചെയ്തതായി ഹാജർ രേഖപ്പെടുത്തി വേതനം അനുവദിച്ചത് അംഗീകരിക്കാൻ കഴിയുന്നതല്ല . ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ മേൽനോട്ട ചുമതലയുള്ള അസി.സെക്രട്ടറിയുടെയും, ബ്ലോക്ക് തലത്തിലുള്ള ഉദ്യോഗസ്ഥരുടെയും മേൽനോട്ടം ഒരു ഘട്ടത്തിലും ഉണ്ടാകാതിരുന്നതാണ് ഇത്തരം അപാകതയ്ക്ക് പ്രധാന കാരണമായി ഓഡിറ്റ് വിലയിരുത്തുന്നത്. കൂടാതെ ഇത്തരം അപാകതകൾ ആവർത്തിക്കുകയാണെങ്കിൽ അക്രഡിറ്റഡ് എഞ്ചിനീയർ , ഓവർസീയർ എന്നിവരുടെ വ്യക്തിപരമായ ബാധ്യത ആകുന്നതാണ് . ഭാവിയിൽ ഇത്തരത്തിലുള്ള ന്യൂനതകൾ വരാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-32 നിർമ്മാണ സാധനസാമഗ്രികൾ ആർജിക്കുന്നതിൽ സർക്കാർ ഉത്തരവ് പാലിക്കുന്നില്ല.

എം ജി എൻ ആർ ഇ ജി എസ് പദ്ധതി പ്രകാരം ഓഡിറ്റ് വർഷത്തിൽ മെറ്റീരിയൽ പ്രവൃത്തികൾക്കായി 471966 രൂപ

വിനിയോഗിച്ചിട്ടുണ്ട്. പ്രവൃത്തികൾക്കാവശ്യമായ വിവിധങ്ങളായ മെറ്റീരിയൽ ലഭിക്കുന്നതിന് ഓരോ പ്രവൃത്തിയും ടെണ്ടർ ചെയ്യുകയും, കുറഞ്ഞ തുക ക്വോട്ട് ചെയ്ത കരാറുകാരുമായി കരാർ വച്ച് സാധനങ്ങൾ ശേഖരിക്കുകയുമാണ് ചെയ്തിരിക്കുന്നത്. ലഭ്യമാക്കിയ പ്രവൃത്തികളുടെ ഫയൽ പരിശോധിച്ചതിൽ എല്ലാ പ്രവൃത്തികൾക്കും രണ്ട് ടെണ്ടർ മാത്രം ലഭിച്ചതായും കുറഞ്ഞ ടെണ്ടർ തുക എസ്റ്റിമേറ്റ് നിരക്കായതിനാൽ, എസ്റ്റിമേറ്റ് നിരക്കിൽ എല്ലാ പ്രവൃത്തികളും കരാർ വച്ച് കൈമാറിയതായും ബോധ്യപ്പെട്ടിട്ടുണ്ട് .

മേല്പറഞ്ഞതിൽ നിന്നും മെറ്റീരിയൽ പ്രവൃത്തികൾക്ക് സാധനങ്ങൾ ശേഖരിക്കപ്പെട്ടത് മത്സരാധിഷ്ഠിതമായല്ലെന്ന് കാണാം. മെറ്റീരിയൽ പ്രവൃത്തികൾ എപ്രകാരം നിർവ്വഹിക്കണമെന്ന് നിർദ്ദേശിച്ചു കൊണ്ടുള്ള 31.1.2012 ലെ 93/2012/തസ്വഭവ നമ്പർ ഉത്തരവിൽ നിഷ്കർഷിക്കുന്ന വിധത്തിൽ സാധനങ്ങൾ സമാഹരിക്കാത്തതാണ് ഇതിലേക്ക് നയിച്ചതെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. ലേബർ ബജറ്റും വാർഷിക കർമ്മപദ്ധതിയും അന്തിമമായി ജില്ലാ തലത്തിൽ അംഗീകരിച്ചു കഴിഞ്ഞാൽ ഓരോ അർദ്ധവർഷത്തിൽ/മാസത്തിൽ സാധന സാമഗ്രികൾ/വിദഗ്ധ, അർദ്ധവിദഗ്ധ തൊഴിലാളികൾ എന്നിവ ഉപയോഗിച്ച് നിർവ്വഹിക്കേണ്ട പദ്ധതികളുടെ മുൻഗണന, പഞ്ചായത്തിൽ ഇതിനായി നിയോഗിച്ച സബ്കമ്മിറ്റി നിശ്ചയിക്കേണ്ടതാണെന്ന് മേൽ ഉത്തരവിൽ നിഷ്കർഷിക്കുന്നുണ്ട്. ഗ്രാമപഞ്ചായത്ത് പ്രവൃത്തികൾ അംഗീകരിച്ച് കഴിഞ്ഞാൽ ഉടനെ പ്രവത്തികളുടെ വിശദമായ എസ്റ്റിമേറ്റ്, ഇതിനായി നിയോഗിക്കപ്പെട്ട എഞ്ചിനീയറിംഗ് വിംഗ് തയ്യാറാക്കേണ്ടതും, ഓരോ പ്രവൃത്തിക്കും ആവശ്യമായ സാധനങ്ങളുടേയും മനുഷ്യദിനങ്ങളുടേയും അളവ്/എണ്ണം എന്നിവ ഈ എസ്റ്റിമേറ്റ് അടിസ്ഥാനപ്പെടുത്തി കണക്കാക്കേണ്ടതുമാണെന്നും ഉത്തരവിൽ നിഷ്കർഷിക്കുന്നു. ഈ രണ്ട് നടപടികളും പൂർത്തീകരിക്കുമ്പോൾ ഓരോ മാസവും ആവശ്യമായ സാധനങ്ങളുടേയും മനുഷ്യദിനങ്ങളുടേയും വ്യക്തമായ കണക്ക് ലഭിക്കുന്നതാണ്. സാധനങ്ങളുടെ ആവശ്യകത കണക്കാക്കിയതിനു ശേഷം ഇവ ആറുമാസകാലയളവിലേക്ക് വിതരണം ചെയ്യുന്നവരെ തെരെഞ്ഞെടുക്കുന്നതിന്, അവശ്യമായ പരസ്യം നല്കി ക്വട്ടേഷൻ/ടെണ്ടർ നടപടികൾ സ്വീകരിക്കേണ്ടതും വിതരണക്കാരെ തെരെഞ്ഞെടുക്കേണ്ടതുമാണ്. കൂടുതൽ മത്സരക്ഷമതയുള്ള ടെണ്ടർ ലഭിക്കുന്നതിന് ഇ ടെണ്ടർ നടപടികൾ സ്വീകരക്കാവുന്നതുമാണ്. ഓരോ മാസവും വിതരണം ചെയ്യേണ്ട സാധനങ്ങളുടെ അളവ്, സ്ഥലം, സ്പെസിഫിക്കേഷൻ, തീയതി ഉടങ്ങിയ കാര്യങ്ങൾ സെക്രട്ടറി, ആ മാസം ടുടങ്ങുന്നതിനുമുമ്പുള്ള ഒരാഴ്ചയ്ക്കകം തന്നെ തെരെഞ്ഞെടുത്ത സ്ഥാപനങ്ങളെ അറിയിക്കേണ്ടതും, സാധനങ്ങൾ വിതരണം ചെയ്താൽ എഞ്ചിനീയർ അവ ഏറ്റുവാങ്ങി അളവെടുക്കേണ്ടതുമാണ്. വളരെ സുതാര്യമായതും പരമാവധി സാമ്പത്തിക മെച്ചം ലഭിക്കുന്നതുമായ മേൽ നടപടിക്രമം സ്വീകരിക്കാതെ, ഓരോ പ്രവൃത്തിക്കും ആവശ്യമായ മുഴവൻ സാധനങ്ങളും ഓരോ കരാറുകാരിൽ നിന്നും എസ്റ്റിമേറ്റ് നിരക്കിൽ വാങ്ങിയത് ഉത്തമസാമ്പത്തിക താല്പര്യത്തോടെയല്ല. അർദ്ധ വർഷത്തിൽ ആവശ്യമായ മൊത്തം സാധനങ്ങൾ വിതരണം ചെയ്യുന്നതിന് ടെണ്ടർ ക്ഷണിക്കുമ്പോൾ ക്വാറി ഉടമകൾ/അംഗീകൃത ഏജൻസികൾ ഓരോ ഇനത്തിനും ഏറ്റവും കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്യാൻ സാധ്യതയുണ്ടെന്നിരിക്കെ, ഈ സാധ്യത പരിഗണിക്കാത്തത് അംഗീകരിക്കാവുന്നതല്ല . ആയതിനാൽ 2022-23 മുതൽ അർദ്ധവാർഷിക പ്രൊക്യുർമെന്റ് പ്ലാൻ തയ്യാറാക്കി മാർഗനിർദ്ദേശങ്ങൾക്കനുസൃതമായി മത്സരാധിഷ്ഠിത ടെണ്ടർ നടപടികളിലൂടെ സാധനസാമഗ്രികൾ ആർജിച്ച് പൊതുപ്പണത്തിന്റെ വിനിയോഗത്തിൽ മിതത്വം പാലിയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

### 1-33 ഇ-ടെണ്ടർ ഫീസ് പഞ്ചായത്തിന് ലഭ്യമായിട്ടില്ല

ഗ്രാമപഞ്ചായത്തിൽ ഇ- ടെണ്ടർ ഫീസ് നിക്ഷേപിക്കുവാനായി മാർച്ച് 2022 ൽ അക്കൗണ്ട് തുടങ്ങിയെങ്കിലും (അക്കൗണ്ട് നം –എസ് ബി ഐ 40800295938)ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ നാളിതുവരെ വരവ് വന്ന ഫീസുകൾ തിരികെ പ്രസ്തുത അക്കൗണ്ടിലേയ്ക്ക് ലഭിച്ചിട്ടില്ല. പഞ്ചായത്തിൽ സൂക്ഷിച്ചിരിക്കുന്ന കണക്ക് പ്രകാരം നാളിതുവരെ 4,33,337 രൂപ ഇ- ടെണ്ടർ ഫീസായി പഞ്ചായത്തിന് ലഭിക്കുവാനുണ്ട്. ആയത് ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ നിന്നും തിരികെ ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

### 1-34 നിക്ഷേപ പ്രവൃത്തികൾ നടപ്പാക്കാത്തത്

വാർഷികകണക്കുകൾ പ്രകാരം കേരള വാട്ടർ അതോറിട്ടിയിൽ 20620469/രൂപ,ഇലക്ട്രിസിറ്റി ബോർഡിൽ 1981761/,ഭൂജലവകുപ്പിൽ 1122380/എന്നിങ്ങനെ കുടിവെള്ള പദ്ധതികൾക്കായും ഇലക്ട്രിഫിക്കേഷൻ പോസ്റ്റ് ഷിഫ്റ്റിംഗ് പ്രവൃത്തികൾക്കുമായി വൻതുകകൾ മുൻ വർഷങ്ങളിലേതുൾപ്പെടെ നിക്ഷേപിച്ചിട്ടുണ്ട്.എന്നാൽ നാളിതുവരെ പ്രവൃത്തി പൂർത്തീകരിക്കാതെയും ഗ്രാമപഞ്ചായത്തിന് പ്രയോജനം ലഭിക്കാതെയും തുകകൾ നിഷ്ക്രിയാവസ്ഥയിൽ പ്രസ്തുത ഏജൻസികളുടെ അക്കൗണ്ടിൽ നില നില്കുന്നു.പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ ഭരണസമിതി അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്.

### 1-35 ആസ്തി പരിപാലനം

സർക്കാർ ഉത്തരവ് (ആർ റ്റി) 166/2017 എൽ എസ് ജി ഡി തീ 20-1-2017 പ്രകാരം അംഗീകരിക്കപ്പെട്ടതും തദ്ദേശ

സ്വയം ഭരണ സ്ഥാപനങ്ങൾക്ക് ബാധകവുമായ അസറ്റ് മാനേജ്മെന്റ് മാനുലിൽ നിർദ്ദേശിച്ചിരിക്കുന്ന അസറ്റ് മാനേജ്മെന്റ് പ്ലാൻ പ്രകാരമുള്ള മോണിറ്ററിംഗ് കമ്മറ്റി പഞ്ചായത്തിൽ രൂപീകരിച്ചിട്ടില്ല. പുതുതായി സൃഷ്ടിക്കപ്പെടുന്ന ആസ്തികൾ പൂർണ്ണമായും ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തുന്നുണ്ടോയെന്ന് ഉറപ്പ് വരുത്താൻ കഴിയുന്നില്ല. ആസ്തികളുടെ വാർഷിക സ്ഥിതി നിർണ്ണയം നടത്തുന്നില്ല. കാലഹരണപ്പെട്ടതും നിലവിൽ ഉപയോഗമില്ലാത്തതുമായ ആസ്തികൾ ഒഴിവാക്കുന്നതിനുള്ള നടപടികൾ മാനദണ്ഡങ്ങൾ പാലിച്ച് നടത്തുന്നില്ല. ആസ്തികളുടെ വാർഷിക അവലോകന റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല.

ആസ്തി സംരക്ഷണ മോണിറ്ററിംഗ് കമ്മറ്റി രൂപീകരിച്ച് ആസ്തി പരിപാലനത്തിനായി പഞ്ചായത്ത് സ്വീകരിച്ച തുടർ നടപടികളുടെ വിവരം അറിയിക്കേണ്ടതാണ്.

1-36 കരാറിലേർപ്പെടുന്നതിലെ കാലതാമസം - പിഴ ഈടാക്കിയിട്ടില്ല.

മരാമത്ത് പ്രവൃത്തി നടത്താൻ ചുമതലപ്പെട്ട കരാറുകാരൻ സെലക്ഷൻ നോട്ടീസ് കൈപ്പറ്റി പതിനാല് ദിവസത്തിനകം പഞ്ചായത്തുമായി കരാറിലേർപ്പെടേണ്ടതും അല്ലാത്തപക്ഷം 1% പിഴയോടുകൂടി പത്ത് ദിവസത്തിനകം കരാറിലേർപ്പെടേണ്ടതുമാണ്. നിശ്ചിത കാലയളവിൽ കരാറിലേർപ്പെടാത്ത കരാറുകാരുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് | സെലക്ഷൻ നോട്ടീസ് പ്രകാരം കരാറിലേർപ്പെടേണ്ടിയിരുന്ന തീയതി | കരാറിലേർപ്പെട്ട തീയതി | പി.എ.സി (രൂപ) | കരാറുകാരന്റെ പേര് | ഈടാക്കേണ്ടിയിരുന്ന ഫൈൻ |
|---|---|---|---|---|---|
| 99/21 , കടമാൻചിറ ഗവ.എൽ പി എസ് | 08/01/2020 | 19/01/2020 | 880644 | ശ്രീ.ജോസഫ് ഏബ്രഹാം | 8806 |
| 128/21, ഉറവ് കുളം നവീകരണം | 16/01/19 | 12/02/20 | 262441 | എ ജെ എന്റർപ്രൈസസ് , മാമ്മൂട് | 2624 |
| 109/21, കുട്ടികളുടെ പാർക്ക് നവീകരണം , ഇൻഡോർ സ്റ്റേഡിയം പൂർത്തീകരണം | 30/12/19 | 09/01/20 | 516196 | ബ്രൈറ്റ് മാർക്ക് എൻജിനീയേഴ്സ് & കോൺട്രാക്ടേഴ്സ് | 5162 |

പിഴ ഈടാക്കാത്തതിനുള്ള വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (13/09-04-2022) കരാറുകാരിൽ നിന്നും പിഴ ഈടാക്കുന്നതാണെന്നുള്ള മറുപടി ലഭ്യമാക്കി. പിഴ ഈടാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

1-37 കാലി ബാരൽ വിലയും ജി എസ് ടി യും തനത് ഫണ്ടിൽ സൂക്ഷിക്കുന്നു.

ഗ്രാമപഞ്ചായത്തിൽ 2020-21 വർഷം അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ റോഡ്ടാറിംഗ്/റീടാറിംഗ് പ്രവൃത്തികളിൽ ബാരൽ വില (238+18% GST) കിഴിച്ചുള്ള തുകയാണ് കരാറുകാരന് നൽകിയിട്ടുള്ളത് . ബാരൽ വില സെക്രട്ടറിയുടെ അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട് . എന്നാൽ സർക്കുലർ നം.59827/എഫ്എം/07/തസ്വഭവ/30.10.07 പ്രകാരം പ്രോജക്ട് പ്രകാരം ചെലവഴിച്ച ഫണ്ടിലേയ്ക്ക് തന്നെ ബാരൽ വില തിരിച്ചടവാക്കേണ്ടതാണ്. ഗ്രാമപഞ്ചായത്തിൽ ബാരൽ വില പൂർണ്ണമായും തനത് ഫണ്ടിലാണ് നിക്ഷേപിച്ചു വരുന്നത്. ബാരൽ വില പ്രോജക്ടിനായി ചെലവഴിച്ച ഫണ്ടുകളിലേയ്ക്കും, ജി എസ് റ്റി സർക്കാരിലേക്കും അടവാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

1-38 ലേല നടപടികൾ സ്വീകരിച്ച് തുക മുതൽകൂട്ടിയില്ല.

| | |
|---|---|
| പ്രോജക്ട് | 402/21 , കുട്ടികളുടെ പാർക്കിൽ നടപ്പാതയും ചുറ്റുമതിൽ നിർമ്മാണവും |
| ചെലവ് | 542575 രൂപ(വികസനഫണ്ട് (പൊതു)- 442575<br>ധനകാര്യകമ്മീഷൻ അവാർഡ് - 100000) |
| നിർവ്വഹണോദ്യോഗസ്ഥ | അസി.എഞ്ചിനീയർ |

പ്രവൃത്തി നിർവ്വഹണ സമയത്ത് പഴയ ചുറ്റുമതിൽ നിർമ്മാണത്തിനുപയോഗിച്ചിരുന്ന സാമഗ്രികൾ നീക്കം ചെയ്യുകയും ആയവ അസി.എഞ്ചിനീയർ സർവ്വെ റിപ്പോർട്ട് തയ്യാറാക്കി സ്റ്റാക്ക് ചെയ്തിട്ടുള്ളതുമാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | നിർണ്ണയിച്ച വില (രൂപ) |
|---|---|
| 35x35x5 Mm MS Angle | 6048 |
| 25x25x5 Mm MS Flat | 2796 |
| 25x5 Mm MS Flat | 2717 |
| 10 Cm Gl Welded Wire Mesh | 2578 |
| 12x12 Barbed Wire | 461 |
| ആകെ | 14600 |

ലേലനടപടികൾ സ്വീകരിച്ച് മേൽ സാമഗ്രികൾ നീക്കം ചെയ്ത് തുക പഞ്ചായത്തിന് ലഭ്യമാക്കേണ്ടതും വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.

1-39 പഞ്ചായത്ത് ഓഫീസ് ഫർണ്ണിഷിംഗ് - അളവ് രേഖപ്പെടുത്തലിലെ അപാകത മൂലം കരാറുകാരന് അധിക തുക നൽകി.

| | |
|---|---|
| പ്രോജക്ട് | 378/21 , പഞ്ചായത്ത് ഓഫീസ് ഫർണ്ണിഷിംഗ് |
| ചെലവ് | തനത് ഫണ്ട് -<br>1)8,91,708 രൂപ<br>(2019-20 ചെലവ്) - I St Bill<br>2)568970രൂപ- ചെക്ക് നം3939/11.11.2020 (SCB തൃക്കൊടിത്താനം) - Final Bill<br>ആകെ - 14,60,678 രൂപ |
| കരാറുകാരൻ | ശ്രീ ലിനു ജോബ് , ബ്രൈറ്റ് മാർക്ക് എൻജിനീയേഴ്സ് |
| നിർവ്വഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |

പഞ്ചായത്ത് ഓഫീസ് ഫർണ്ണിഷിംഗ് പ്രവൃത്തിയ്ക്കായി 09-01-20 ൽ ബ്രൈറ്റ് മാർക്ക് എൻജിനീയേഴ്സ് ചങ്ങനാശ്ശേരി എന്ന സ്ഥാപനവുമായി കരാറിൽ ഏർപ്പെടുകയും , പ്രവൃത്തി ആരംഭിക്കുകയും 16-10-20ൽ പൂർത്തീകരിച്ച് ഫൈനൽബിൽ നല്കുകയും ചെയ്തു. 61-ാം നമ്പർ അളവ് പുസ്തകം പേജ് 64 ൽ ' Providing & Fixing Aluminium Work For Doors ,Windows, Ventilators And Partitions With Extruded Built Up Sections ' എന്ന ഇനത്തിൽ 24.425 കി.ഗ്രാം ആണ് യഥാർത്ഥ അളവ്. എന്നാൽ 19.305 കി.ഗ്രാം തെറ്റായി കൂട്ടിചേർത്ത് 43.725 കി.ഗ്രാം ആകെ അളവായി കണക്കാക്കി കരാറുകാരന് തുക നൽകി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവൃത്തി | യഥാർത്ഥ അളവ് | തെറ്റായി രേഖപ്പെടുത്തിയ അളവ് | കരാറുകാരന് നൽകിയ തുക (രൂപ) | കരാറുകാരന് നൽകേണ്ടിയിരുന്ന തുക (രൂപ) | കൂടുതൽ നൽകിയ തുക (രൂപ) |
|---|---|---|---|---|---|
| Providing & Fixing Aluminium Work For Doors ,Windows, Ventilators And Partitions With Extruded Built Up Sections | 24.425 കി ഗ്രാം | 43.725 കി.ഗ്രാം | 43.725 X 530 / Kg = 23174.25 രൂപ | 24.425 X 530 / Kg = 12945.25 രൂപ | 10229 |

കൂടാതെ എം ബുക്ക് നം 61 പേജ് 70 ൽ ' For Shutters Of Doors Windows & Ventilators Including Providing And Fixing Hinges Pivots And Making Provision For Fixing Of Fittings ‘ എന്ന ഇനത്തിൽ ഉൾപ്പെട്ട 'L ‘Angle Sliding And Fixed എന്ന പ്രവൃത്തിയ്ക്ക് (2.8 M) Co-efficient 2.38 Kg/m എന്ന് കണക്കാക്കിയാണ് അളവുകൾ രേഖപ്പെടുത്തിയിരിക്കുന്നത്. . എന്നാൽ ഇതേ പ്രവൃത്തിയുടെ മറ്റിനങ്ങൾക്കെല്ലാം Co-efficient 0.238 Kg/m എന്ന് കണക്കാക്കിയാണ് അളവുകൾ രേഖപ്പെടുത്തിയിരിക്കുന്നത്. ഈയിനത്തിൽ അധികം അനുവദിച്ച തുക ചുവടെ ചേർക്കുന്നു.

| ഇനം | അളവ് | എം ബുക്ക് പ്രകാരം അളവ് | കണക്കാക്കേണ്ടിയിരുന്ന അളവ് | യഥാർത്ഥത്തിൽ നൽകേണ്ടിയിരുന്ന തുക | നൽകിയ തുക | അധികം നൽകിയ തുക |
|---|---|---|---|---|---|---|
| For Shutters Of Doors Windows & Ventilators Including Providing And Fixing Hinges Pivots And Making Provision For Fixing Of Fittings ‘. ‘L Angle Sliding And Fixed ‘ | 2.8 M | 2.8 X 2.38 Kg/m = 6.664 Kg | 2.8 X 0.238 Kg/m =.664 Kg | 0.664 X 613.72 =407.51 | 6.664 X 613.72=4089.83 | 3682.32 |

ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (21/11.04.2022) അധികം നൽകിയ 13911/- രൂപ കരാറുകാരനിൽ നിന്ന് ഈടാക്കുന്നതാണെന്ന മറുപടി നൽകി. തുക തിരികെ ഈടാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

1-40 ടോയ് ലറ്റ് ബ്ലോക്ക് നിർമ്മാണം - വിബിയുപി സ്കൂൾ - ജി എസ് ടി കോംപൻസേഷൻ ഇനത്തിൽ നൽകിയ തുക തിരികെ ഈടാക്കേണ്ടതാണ്.

| | |
|---|---|
| പ്രോജക്ട് | 399/21 , ദുരന്ത നിവാരണം - ടോയ് ലറ്റ് ബ്ലോക്ക് നിർമ്മാണം - വിബിയുപി സ്കൂൾ |
| ചെലവ് | 599013 (ധനകാര്യ കമ്മീഷൻ അവാർഡ്) |
| ബിൽ നം | 59/29.01.21 – 338745 രൂപ<br>99/17.03.21 - 260268 രൂപ |
| നിർവ്വഹണോദ്യോഗസ്ഥ | അസി.എഞ്ചിനീയർ |

(1) സ്കൂൾ പ്രധാനാധ്യാപികയായിരുന്ന ശ്രീമതി. മായാദേവി കെ ജി കൺവീനറായി ഗുണഭോക്തൃ സമിതി വഴി നടപ്പാക്കിയ പ്രസ്തുത പ്രവൃത്തിയുടെ ആകെ വേലമൂല്യമായ 534833 രൂപയ്ക്കൊപ്പം ജി എസ് ടി കോംപൻസേഷൻ തുകയായ 12% കൂടി ചേർത്താണ് ബിൽ തയ്യാറാക്കിയത്. 2 % ജി എസ് ടി സ്രോതസ്സിൽ കുറവ് ചെയ്തിട്ടുണ്ട് . അവശേഷിക്കുന്ന 10% തുക കൺവീനർ സർക്കാറിലേയ്ക്ക് അടവാക്കിയ രേഖകൾ ഹാജരാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| I St Bill | 2 Nd Bill |
|---|---|
| ആകെ വേലമൂല്യം - 302451<br>+ 12 % ജി എസ് ടി - 36294<br>ആകെ - 338745<br>(-) 2 % ജി എസ് ടി - 6050<br>അധികമായി കൺവീനർക്ക് നൽകിയ തുക – 30244 രൂപ | ആകെ വേലമൂല്യം - 232382<br>+ 12 % ജി എസ് ടി - 27886<br>ആകെ - 260268<br>(-) 2 % ജി എസ് ടി - 4648<br>അധികമായി കൺവീനർക്ക് നൽകിയ തുക – 23238 രൂപ (27886-4648) |
| കൺവീനർക്ക് അധികമായി നൽകിയ ആകെ തുക | 53 ,482 രൂപ |

അപാകതയിൽ വിശദീകരണം ആവശ്യപ്പെട്ട് നല്കിയ 6/06.04.22 -ാം നമ്പർ ഓഡിറ്റ് അന്വേഷണ കുറിപ്പിന് കൺവീനർക്ക് ജി.എസ്.ടി. രജിസ്ട്രേഷൻ ഇല്ല എന്ന് അറിയിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ ജി.എസ്.ടി. കോമ്പൻസേഷൻ ഇനത്തിൽ അധികമായി കൺവീനർക്ക് നൽകിയ 53,482 രൂപ തിരികെ ഈടാക്കി സർക്കാരിലടച്ച് വിവരം ലഭ്യമാക്കേണ്ടതാണ്.

(2) സർക്കുലർ നം. DB3-9058/17 CE/LSGD തീ. 16.03. 18 പ്രകാരം ഗുണഭോക്തൃ സമിതികൾ വഴി നടപ്പാക്കുന്ന പ്രവൃത്തികളിൽ 7.5% ഓവർ ഹെഡ് ചാർജ് ഉൾപ്പെട്ടിട്ടുണ്ട്. വാറ്റ് നിലവിൽ ഇല്ലാത്തതിനാലും ജി.എസ്.റ്റി അധിക വിഹിതം നല്കിയ തുകയിൽ നിന്നും ഈടാക്കുന്നതിനാലും 5% തുകകുറവ് ചെയ്യേണ്ടതും നികുതി അടച്ചതിന്റെ രേഖകൾ ഹാജരാക്കിയാൽ മാത്രം

കോമ്പൻസേഷനായി നല്കാവുന്നതുമാണ്.

| അനുവദനീയമായ വേലമൂല്യം | അളവുപുസ്തക പ്രകാരം വേലമൂല്യം | അധികം നല്കിയ തുക |
|---|---|---|
| 534833X105/110=<br>510522/- | 534833/- | 24311/- |

ഈ സാഹചര്യത്തിൽ ഓവർഹെഡ് ചാർജ് ഇനത്തിൽ അധികം നല്കിയ 5% തുകയായ 24311/- രൂപ തിരികെ

ഈടാക്കി സർക്കാരിലേക്ക് അടക്കേണ്ടതാണ്.

1-41 ക്വാറി മക്ക് ഫില്ലിംഗ്-തെറ്റായി കണക്കാക്കി കരാറുകാരന് അധികതുക നല്കിയത്.

അസി.എൻജിനീയർ നിർവഹണ ഉദ്യോഗസ്ഥനായ 301ാം നമ്പർ ആഞ്ഞിലിവേലിക്കുളം നവീകരണം എന്ന പ്രവൃത്തി ബ്രൈറ്റ് മാർക്ക് എൻജിനീയേഴ്സ് & കോൺട്രാക്ടേഴ്സ് എന്ന സ്ഥാപനം കരാർ എടുക്കുകയും 09-01-20 ൽ കരാർവച്ച് പ്രവൃത്തി ആരംഭിച്ച് 14-01-21ൽ പൂർത്തീകരിച്ച് ഫൈനൽബിൽ നല്കുകയും ചെയ്തു.രണ്ട് പാർട്ട് ബില്ലുകളുൾപ്പെടെ അവസാനബിൽ നല്കിയപ്പോൾ പ്രവൃത്തിയുടെ മൂല്യം 832203/രൂപയും 99864 രൂപ(12%) ജി.എസ്.ടിയുമുൾപ്പെടെ ആകെ ചെലവ് 932067/രൂപയുമാണ്.(എം.ബുക്ക്-78/19-20 & 78(A)/19-20).

പ്രവൃത്തിയുടെ 4ാ മത്തെ ഇനം ക്വാറി മക്ക് ഫില്ലിംഗ് എന്നതാണ്.എം.ബുക്ക് പേജ് 19 ലെ, 78/19-20, രേഖപ്പെടുത്തൽ ചുവടെ ചേർക്കും പ്രകാരമാണ്.

19.20 X 3.60 X 0.20 = 69.12

4.43 X 7.70 X 0.20 =6.822

4.90 X 5.40 X 0.20 =5.29

14.45 X8.65 X 0.20 =24.99

3.80 X 7.25 X 0.20 =5.51

ആകെ 111.73 M3

എന്നാൽ 19.20 X 3.60 X 0.20 യഥാർഥത്തിൽ 13.824 M3 മാത്രമാണ്. അതു പ്രകാരം കണക്കാക്കിയാൽ ആകെ ക്വാറിമക്ക് ഫില്ലിംഗിന്റെ അളവ് 56.436m3 ആണ്. എന്നാൽ 111.73m3 ൽ 99.99 M3 ന് 890 രൂപ നിരക്കിൽ 88992.88 രൂപയും ബാക്കിയുള്ള 11.738 M3 ന് 866 രൂപ നിരക്കിൽ 10167.33 രൂപയും ഉൾപ്പെടെ ആകെ 99160.21 രൂപ കരാറുകാരന് നല്കി. എന്നാൽ യഥാർത്ഥത്തിൽ നല്കേണ്ടിയിരുന്നത് 56.436 X 890 = 50228/ രൂപയായിരുന്നു.

തെറ്റായി കണക്കാക്കിയതുമൂലം അധികം നല്കിയത് =48932/ (991607-50228) രൂപയാണ്.

കൂടാതെ ഇതിനൊപ്പം12%ജി.എസ്.ടി കൂടെ അനുവദിച്ചതുമൂലം ചെയ്യാത്ത പ്രവൃത്തിയിലൂടെയുണ്ടായ അധികചെലവിന്റെ വിവരം ചുവടെ ചേർക്കുന്നു.

പ്രവൃത്തിയുടെ അളവ് കൃത്യമായികണക്കാക്കുന്നതിലുണ്ടായ വീഴ്ച മൂലം കരാറുകാരന് നല്കിയ അധികതുക തിരികെ ഈടാക്കി സർക്കാരിലേക്കടയ്ക്കേണ്ടതാണ്.

| അർഹമായത് | നല്കിയത് | അധികം |
|---|---|---|
| പ്രവൃത്തിമൂല്യം -783271/ (832203-48932) | പ്രവൃത്തിമൂല്യം - 832203/ | 48932/ |
| ജി.എസ്.ടി 12% -93993/ | ജി.എസ്.ടി 12% - 99864/ | 5871 |
| ആകെ ബിൽതുക - 877264/ | ആകെ ബിൽതുക -932067/ | 54803/ ബ്ലോക്ക് പഞ്ചായത്ത് വിഹിതം,വികസനഫണ്ട്. |

ബില്ലുകളുടെ വിവരം

1.20080452008100124015/04-05-20 – 427550/

2.200804520081100503371/07-09-20 -369612/

3.20080452008100942550/14-01-21 -134905/

ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം.9/08-04-22 ന് ലഭ്യമാക്കിയ മറുപടിയിൽ അധികതുക കരാറുകാരനിൽ നിന്ന് ഈടാക്കുന്നതാണെന്ന് അറിയിച്ചു . അധികമായി നല്കിയ 54803/- രൂപ തിരികെ ഈടാക്കി സർക്കാരിലടച്ച് രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

1-42 ബില്ലിൽ തെറ്റായ ഇനം ഉൾപ്പെടുത്തി അധിക തുക നല്കി.

ബ്രൈറ്റ് മാർക്ക് എൻജിനീയേഴ്സ് & കോൺട്രാക്ടേഴ്സ് എസ്റ്റിമേറ്റിൽ നിന്ന് 2.01 % കുറഞ്ഞ നിരക്കിൽ 09-01-20 ൽ

കരാർ വച്ച് ഏറ്റെടുത്ത അസി.എൻജിനീയർ നിർവഹണ ഉദ്യോഗസ്ഥനായ അമ്പലം തെക്കേനട ആഞ്ഞിലിവേലിക്കുളം റോഡ് പുനരുദ്ധാരണം എന്ന പ്രവൃത്തിയുടെ ബില്ലിൽ 7 ാമത്തെ ഇനമായി എം.ബുക്ക് 13 A യിലെ,42,43 പേജുകളിൽ 18 ാം പേജിൽ നിന്ന് കാരി ഫോർവേഡ് ചെയ്ത് സെന്ററിംഗ് & ഷട്ടറിംഗ് എന്ന ഇനത്തിന്റെ ആകെ രേഖപ്പെടുത്തിയിരിക്കുന്ന 50.873 M2 ലുൾപ്പെടുത്തിയ 3.155 M2 അളവ് യഥാർത്ഥത്തിൽ ഇല്ലാത്തതും തെറ്റായി ചേർത്തിട്ടുള്ളതുമാണ്.എം.ബുക്ക് പ്രകാരം 50.873 M2 ന് 267.52/m2 നിരക്കിൽ 13609.54/രൂപ കണക്കാക്കിയാണ് കരാറുകാരന് ആകെ ബിൽ തുക അനുവദിച്ചിട്ടുള്ളത്.3.155 M2 ന് നല്കിയത് ,3.155 X 267.52 = 844/

വിശദവിവരം ചുവടെ ചേർക്കുന്നു.

| അർഹമായത് | അനുവദിച്ചത് | അധികം |
|---|---|---|
| പ്രവൃത്തിമൂല്യം = 416394<br>2.01% ടെന്റർ കുറവിന് ശേഷം =<br>416394 - 8370 = 408024<br>ജി.എസ്.ടി12% കൂട്ടുക<br>408024 + 48963 =456987<br>കുറയ്ക്കുക.<br>ആദായനികുതി 1% = 4080<br>നിർമ്മാണതൊഴിലാളി ക്ഷേമനിധി 1% = 4080<br>ജി.എസ്.ടി 2% =8160<br>കരാറുകാരന് = 440667 | പ്രവൃത്തിമൂല്യം =417238<br>2.01% ടെന്റർ കുറവിന് ശേഷം =<br>417238 - 8386 = 408852<br>ജി.എസ്.ടി12% കൂട്ടുക<br>408852 + 49062 = 457914<br>(457909/-രൂപയിൽ പരിമിതപ്പെടുത്തി)<br>കുറയ്ക്കുക.<br>ആദായനികുതി 1% = 4088<br>നിർമ്മാണതൊഴിലാളി ക്ഷേമനിധി 1% = 4088<br>ജി.എസ്.ടി 2% =8176<br>കരാറുകാരന് =441562 | 457909-456987=922/- |

ബില്ലുകളുടെ വിവരം

1.20080452008100942018/14-01-21 = 336117/

2.20080452008100942018/14-01-21 = 121792/

ആകെ = 457909/

അധികം പിൻവലിച്ച 922/- രൂപ ഈടാക്കി സർക്കാരിലേക്ക് അടവാക്കേണ്ടതാണ്.(കരാറുകാരനിൽ നിന്ന് തുക ഈടാക്കുന്നതാണെന്ന് ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറി 7/07-04-22 ന് മറുപടി നല്കി)

1-43 അങ്കണവാടി - കേന്ദ്രസഹായം പൂർണ്ണമായും വിനിയോഗിച്ചില്ല.

തൃക്കൊടിത്താനം ഗ്രാമപഞ്ചായത്തിൽ ആകെ 34 അങ്കണവാടികൾ ഉള്ളതിൽ 12 അങ്കണവാടികൾ നിലവിൽ വാടകകെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. പൂരകപോഷകാഹാര പരിപാടിയ്ക്കായി ഗ്രാമപഞ്ചായത്തിന് ലഭിച്ച തുകയിൽ 31.3.2021 ൽ 922714/- രൂപ നീക്കിയിരുപ്പുണ്ടെന്ന് വാർഷികകണക്കുകൾ വ്യക്തമാക്കുന്നു. (B4ഷെഡ്യൂൾ പ്രകാരം). സ.ഉ.നം.39033/ഡി.സി.2/2010/ത.സ്വ.ഭ.വ.തീ.3.9.2010 പ്രകാരം പൂരക പോഷകാഹാര പരിപാടിയ്ക്ക് (എസ്.എൻ.പി) ലഭ്യമാക്കുന്ന കേന്ദ്ര സഹായത്തിലെ ശേഷിക്കുന്ന തുകവിനിയോഗിച്ച് സ്വന്തമായി കെട്ടിടമില്ലാത്ത അങ്കണവാടികൾക്ക് സ്ഥലം വാങ്ങി കെട്ടിടം നിർമ്മിക്കുന്നതിനും , അങ്കണവാടികളിൽ കുടിവെള്ളം, വൈദ്യുതി മുതലായ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും കളിക്കോപ്പുകൾ, ഭക്ഷണം പാകം ചെയ്യുന്നതിന് പാത്രങ്ങൾ/സംഭരണികൾ മുതലായവ വാങ്ങുന്നതിനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുൻഗണന നൽകേണ്ടതാണ്. ഗ്രാമപഞ്ചായത്തിൽ അവശേഷിക്കുന്ന കേന്ദ്രസഹായം അങ്കണവാടികളുടെ ഭൗതികസാഹചര്യ

മെച്ചപ്പെടുത്തുന്നതിന് ഉപയോഗിക്കുന്നതിന് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

### 1-44 കോവിഡ് 19 പ്രതിരോധ നടപടികൾ.

ഗ്രാമപഞ്ചായത്തിൽ കോവിഡ് 19 പ്രതിരോധനടപടികൾ കാര്യക്ഷമമായി നടന്നുവെന്നാണ് ഇതുസംബന്ധിച്ച് ഓഡിറ്റിന് ലഭ്യമാക്കിയ രേഖകളിൽ നിന്ന് വ്യക്തമാവുന്നത്. 2020-21 ൽ കോവിഡ് കെയർ സെന്ററുകളുടെ പ്രവർത്തനത്തിനായി 09-07-20 മുതൽ 04-10-20 വരെ 186704/ രൂപയും DCC യുടെ പ്രവർത്തനങ്ങൾക്കായി 954420/രൂപയും, കോവിഡുമായി ബന്ധപ്പെട്ട ബ്രേക്ക് ദ ചെയിൻ ചെലവുകൾ, സുരക്ഷാ ഉപകരണങ്ങൾ, ശുചീകരണ സാമഗ്രികൾ, ആരോഗ്യവകുപ്പ്, പോലീസ് തുടങ്ങിയവരുടെ നിർദ്ദേശപ്രകാരമുള്ള ചെലവുകൾ എന്നിവയ്ക്കായി 90561/ രൂപ, സാമൂഹ്യ അടുക്കള, ഭക്ഷണവിതരണം, ഇനത്തിൽ 44804/രൂപയും തനത് ഫണ്ടിൽ നിന്ന് ചെലവഴിക്കുകയുണ്ടായി. അതായത് കോവിഡ് 19 പ്രതിരോധ നടപടികൾക്കായി ഗ്രാമപഞ്ചായത്ത് 2020-21ൽ ചെലവഴിച്ച തുക 1276489/രൂപ.ജില്ലാദുരന്തനിവാരണ അതോറിട്ടിയിൽ നിന്ന് സി.എഫ് എൽ.ടി.സി യുടെ രൂപീകരണത്തിനായി മുൻകൂർ ലഭിച്ച 2 ലക്ഷം രൂപയും, കോവിഡ് ചെലവുകളുടെ രേഖകൾ നല്കിയതിൻ പ്രകാരം അനുവദിച്ച 227214/രൂപയുമുൾപ്പെടെ ആകെ 427214/രൂപ ലഭിക്കുകയുണ്ടായി. സാമൂഹ്യ അടുക്കളയുടെ നടത്തിപ്പിനായി പൊതുജനങ്ങളിൽ നിന്ന് സംഭാവനയായി 60860/രൂപയും അരി, ഭക്ഷ്യോല്പന്നങ്ങൾ ഉൾപ്പെടെ സാധനങ്ങളും ലഭിക്കുകയുണ്ടായി. പണമായി ലഭിച്ച തുകകൾ സാംഖ്യരസീതു പ്രകാരം ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിക്ഷേപിക്കുകയാണുണ്ടായത്. ഇപ്രകാരം കോവിഡ് പ്രതിരോധപ്രവർത്തനങ്ങൾ പൊതുജന പങ്കാളിത്തത്തോടെ ഏകോപിപ്പിക്കുന്നതിനും കാര്യക്ഷമമായി നടപ്പിലാക്കുന്നതിനും സാധിച്ചിട്ടുണ്ട്.

ഡോമിസിലിയറി കെയർ സെന്ററിലേക്ക് വാങ്ങിയ കട്ടിലുകളുൾപ്പെടെ പുനരുപയോഗയോഗ്യമായ ഇനങ്ങൾ നശിച്ചുപോകാതെ പ്രയോജനപ്പെടുത്തുന്നതിനാവശ്യമായ നടപടികൾ ഭരണസമിതി, ഉദ്യോഗസ്ഥതലത്തിൽ കൂടിയാലോചിച്ച് കൈക്കൊള്ളേണ്ടതാണ്.

### 1-45 സെക്രട്ടറി നിർവഹണം നടത്തിയ പദ്ധതികൾ - വിനിയോഗ സാക്ഷ്യപത്രം ലഭിച്ചില്ല

(I) താഴെപ്പറയുന്ന പ്രോജക്ടുകൾക്കായി വിവിധ ഏജൻസികളിൽ തുക നിക്ഷേപിച്ചെങ്കിലും പ്രവൃത്തി പൂർത്തിയായതായോ വിനിയോഗ സാക്ഷ്യപത്രം ലഭിച്ചതായോ കാണുന്നില്ല.

| ക്രമ നം. | പ്രോജ. നം., പേര് | ചെലവഴിച്ച തുക, ഫണ്ട്, ബിൽ നം./വൗച്ചർ നം. | തുക ലഭിച്ച സ്ഥാപനം |
|---|---|---|---|
| 1. | 111/21, എസ്.സി കോളനികളിൽ സ്ട്രീറ്റ് ലൈൻ നീട്ടലും ലൈറ്റ് സ്ഥാപിക്കലും | 260376/-(എസ്.സി.പി) 4000028104/11.4.2020 | കെ.എസ്.ഇ.ബി തുക്കൊടിത്താനം |
| 2. | 296/21, എ.ബി.സി പ്രോഗ്രാം | 200000/- (തനത് ഫണ്ട്) 22001763/30.3.2021 | കുടുംബശ്രീ ജില്ലാ മിഷൻ |
| 3. | 160/21, കുടിവെള്ള പൈപ്പ് ലൈൻ - സ്ഥാപിക്കലും മാറ്റി സ്ഥാപിക്കലും | 500000/-(എസ്.സി.പി) 29/05.03.2021 | കേരള വാട്ടർ അതോറിറ്റി, തിരുവല്ല |
| 4. | 389/21കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ - 2 | 300000/-(ധന.കമ്മീ.) 44/30.3.2021 | കേരള വാട്ടർ അതോറിറ്റി, തിരുവല്ല |
| 5. | 286/21, കുടിവെള്ള പൈപ്പ് ലൈൻ സ്ഥാപിക്കൽ | 100000/-(ധന. കമ്മീ.) 40/25.3.2021 | കേരള വാട്ടർ അതോറിറ്റി, തിരുവല്ല |
| 6. | 321/21, ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ(സ്പിൽ ഓവർ) | 210229/-(തനത് ഫണ്ട്) 22000253, 254, 645, 856, 857, 858, 859, 901, 902, 1109, 1110 | കെ.എസ്.ഇ.ബി, തുക്കൊടിത്താനം |

| | | | |
|---|---|---|---|
| 7. | 9/21, ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 96200/-(തനത് ഫണ്ട്) 22001124, 1125/15.1.21,1159,1160,1340,1341,1369,1370,1446,1447 /25.3.21 | കെ.എസ്.ഇ.ബി, തൃക്കൊടിത്താനം |

വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ ക്രമ നം. 1 മുതൽ 7 വരെയുള്ള ഡെപ്പോസിറ്റ് പ്രവൃത്തികളുടെ ചെലവ് (1666805) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

(Ii) മറ്റ് അക്രഡിറ്റഡ് ഏജൻസികൾക്ക് നൽകിയ ഡിപ്പോസിറ്റുകൾ

| | | | |
|---|---|---|---|
| 8. | 162/21, പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം - കെട്ടിട നിർമ്മാണം | 1500000/-(ധന. കമ്മീ.) 36/22.3.2021 | ജില്ലാ നിർമ്മിതി കേന്ദ്രം |

(Iii) മറ്റ് മുൻകൂറുകൾ

| | | | |
|---|---|---|---|
| 1. | 265/21, പി.എച്ച്.സി കെട്ടിടം ഫർണീഷിംഗ് | 650000/-(റോഡിതരം) 7/18.8.2020 | ഡിസ്ട്രിക്ട് ഹെൽത്ത് & ഫാമിലി വെൽഫെയർ സൊസൈറ്റി, ആരോഗ്യ കേരളം |
| 2. | 8/21, പി.എച്ച്.സി കെട്ടിട നിർമ്മാണം | 502015/-(ധന. കമ്മീ.) 32/18.3.2021 | ഡിസ്ട്രിക്ട് ഹെൽത്ത് & ഫാമിലി വെൽഫെയർ സൊസൈറ്റി |
| 3. | 284/21, പി.എച്ച്.സി കോമ്പൗണ്ട് സൗന്ദര്യവൽക്കരണവും അടിസ്ഥാന സൗകര്യ വികസനവും | 650000/-(റോഡിതരം) 12/4.9.2020 | ഡിസ്ട്രിക്ട് ഹെൽത്ത് & ഫാമിലി വെൽഫെയർ സൊസൈറ്റി |

ആർദ്രം മിഷന്റെ ഭാഗമായി ക്രമ നം. 1, 2, 3 എന്നിവയിലെ പ്രോജക്ടിന്റെ ഭാഗമായി ഡിസ്ട്രിക്ട് ഹെൽത്ത് & ഫാമിലി വെൽഫയർ സൊസൈറ്റിയ്ക്ക് ജില്ലാ നിർമ്മിതി കേന്ദ്രം നൽകിയ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ മുൻകൂർ നൽകിയ പ്രവൃത്തി ക്രമപ്രകാരമല്ല. പ്രവൃത്തി സംബന്ധിച്ച മോണിട്ടറിംഗ് റിപ്പോർട്ട്, വിനിയോഗ പൂർത്തീകരണ റിപ്പോർട്ട് എന്നിവ ഓഡിറ്റിൽ ഹാജരാക്കിയിട്ടില്ല.

ക്രമ നം. 3 'പി.എച്ച്.സി കോമ്പൗണ്ട് സൗന്ദര്യവൽക്കരണവും അടിസ്ഥാന സൗകര്യ വികസനവും' എന്ന പ്രോജക്ടിൽ പി.എച്ച്.സി യ്ക്ക് വാങ്ങി നൽകിയ ഫർണീച്ചറുകൾ യഥാസമയം നമ്പരിട്ട് പി.എച്ച്.സിയുടെ സ്റ്റോക്കിൽ ചേർത്തതായി കാണുന്നില്ല. ടി വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.16/11.4.2022) സ്റ്റോക്ക് എൻട്രി വരുത്തി ലഭ്യമാകുന്ന ഉപകരണങ്ങളിൽ നമ്പരിട്ട് സൂക്ഷിക്കാൻ മെഡിക്കൽ ഓഫീസറോട് ആവശ്യപ്പെട്ടിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. പഞ്ചായത്ത് വാങ്ങി നൽകുന്ന ഉപകരണങ്ങൾ യഥാസമയം പി.എച്ച്.സിയുടെ സ്റ്റോക്കിൽ ചേർത്ത് ഫർണീച്ചറുകളിലും ഉപകരണങ്ങളിലും നമ്പരിട്ട് സൂക്ഷിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

(Iv) എസ്റ്റിമേറ്റിൽ നിന്ന് വിഭിന്നമായി പ്രവൃത്തി നടപ്പാക്കി

പ്രോജക്ട് നം. 328/21, എയറോബിക് കമ്പോസ്റ്റ് യൂണിറ്റ്

ചെലവ് – 343000/-(സ്വച്ഛഭാരത് മിഷൻ)

ബിൽ നം./വൗച്ചർ നം. 22001105/07.01.2021

'എയറോബിക് കമ്പോസ്റ്റ് യൂണിറ്റ്' എന്ന പ്രോജക്ടിന്റെ നിർവഹണ ഏജൻസിയായി സോഷ്യോ ഇക്കണോമിക് യൂണിറ്റ് ഫൗണ്ടേഷനെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്. സോഷ്യോ ഇക്കണോമിക് യൂണിറ്റ് ഹാജരാക്കിയ എസ്റ്റിമേറ്റിൽ കുന്നംപുറം എച്ച്.എസ്.എസിൽ 3 ബിന്നുള്ള ഒരു യൂണിറ്റും മറ്റ് 7 സ്ഥലങ്ങളിൽ 2 ബിന്നുള്ള യൂണിറ്റുകളുടേയും നിരക്കാണ് രേഖപ്പെടുത്തിയിരുന്നത്. എസ്റ്റിമേറ്റ് പ്രകാരം 2 ബിന്നുള്ള ഒരു യൂണിറ്റിന് 206481/-

രൂപയും 3 ബിന്നുള്ള ഒരു യൂണിറ്റിന് 266600/- രൂപയുമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ എൽ.എസ്.ജി.ഡി അസി.എഞ്ചിനീയറുടെ പൂർത്തീകരണ റിപ്പോർട്ടിൽ കുന്നംപുറം എച്ച്.എസ്.എസിൽ 3 ബിന്നിനു പകരം 2 ബിന്നുള്ള യൂണിറ്റാണ് സ്ഥാപിച്ചതായി രേഖപ്പെടുത്തിയിട്ടുള്ളത്. അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.16/11.4.2022) എൽ.എസ്.ജി.ഡി അസി.എഞ്ചിനീയറോട് റിപ്പോർട്ട് ആവശ്യപ്പെട്ടുവെന്നും ലഭ്യമാകുന്ന മുറയ്ക്ക് അറിയിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. പ്രോജക്ട് സ്പിൽ ഓവറായി തുടരുന്നതിനാൽ ആവശ്യമായ പരിശോധന നടത്തി തുടർ വർഷങ്ങളിൽ തുക ക്രമീകരിക്കാനാവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്.

(V) ഫ്രണ്ട് ഓഫീസ് അനുബന്ധ റൂം നവീകരണം -പൂർത്തീകരണ രേഖകൾ ലഭ്യമല്ല

പ്രോജക്ട് നം. 338/21, ഫ്രണ്ട് ഓഫീസ് അനുബന്ധ റൂം നവീകരണം(സ്പിൽ ഓവർ)

ചെലവ് - 423774/-(തനത് ഫണ്ട്)

വൗച്ചർ നം. 22000591/4.9.2020

'ഫ്രണ്ട് ഓഫീസ് അനുബന്ധ റൂം നവീകരണം' എന്ന പ്രോജക്ട് 2019-20 ലെ പ്രോജക്ടിൽ ഉൾപ്പെടുകയും 15 ലക്ഷം രൂപ അടങ്കലായി തുക വകയിരുത്തുകയും ചെയ്തിരുന്നു. ഇതിൽ 500000/- രൂപ 2019-20 ൽ തന്നെ നിർവഹണ ഏജൻസിയായ ആർകോയ്ക്ക് മുൻകൂർ നൽകിയിരുന്നു. പ്രോജക്ട് പൂർത്തിയാകാതിരുന്നതിനാൽ ടി പ്രോജക്ട് സ്പിൽ ഓവറാവുകയും ബാക്കി 10 ലക്ഷം രൂപ 2020-21 ൽ വകയിരുത്തുകയും ചെയ്തു. തനത് ഫണ്ടിൽ നിന്നുള്ള തുക മാത്രമാണ്(423774/-) തൻവർഷം ചെലവഴിച്ചിട്ടുള്ളത്. ആർട്കോയിൽ നിന്നുള്ള ബിൽ പ്രകാരം ആകെ പ്രവൃത്തിമൂല്യം 1323774/- രൂപയാണ്. എന്നാൽ മുൻ വർഷവും തൻവർഷവും കൂടി ആകെ 923774/- രൂപ (500000+423774)ചെലവഴിച്ചിട്ടുണ്ട്. ബാക്കി 4 ലക്ഷം രൂപ ആർട്കോയ്ക്ക് നൽകിയതായതായോ പ്രവൃത്തി പൂർത്തീകരിച്ചതായോ രേഖയില്ല. ഫയലിൽ മോണിട്ടറിംഗ് സമിതി റിപ്പോർട്ട് , വിനിയോഗ സാക്ഷ്യപത്രം, മറ്റ് പൂർത്തീകരണ രേഖകൾ ഇവയില്ല. അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.16/11.4.2022) പ്രവൃത്തി പൂർത്തിയായിട്ടുണ്ടെന്നും ആർട്കോയിൽ നിന്നും വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കുമെന്നും അറിയിച്ചിട്ടുണ്ട്. തൻവർഷത്തെ ചെലവ് തുക (423774/-) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. അപാകത പരിഹരിക്കേണ്ടതും വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റിൽ ഹാജരാക്കേണ്ടതുമാണ്.

1-46 പബ്ലിക് ലൈബ്രറി ഫർണീച്ചർ വാങ്ങൽ - ഫർണീച്ചർ കൈപ്പറ്റിയതായി രേഖയില്ല.

പ്രോജ. നം.329/21, പബ്ലിക് ലൈബ്രറി ഫർണീച്ചർ വാങ്ങൽ

അടങ്കൽ- 150000/-

ചെലവ് - 42964/-(തനത് ഫണ്ട്)

വൗച്ചർ നം.22001714/30.3.2021

പ്രസ്തുത പ്രോജക്ടിൽ രണ്ട് ലൈബ്രറികൾക്ക് റീഡിംഗ് ടേബിളും കസേരയും (Arm Chair)സിഡ്കോ വഴി വാങ്ങുന്നതിനായി തുക ചെലവഴിച്ചെങ്കിലും ഫ്രണ്ട്സ് യംഗ് മെൻസ് ക്ലബ് എന്ന ഒരു ലൈബ്രറി മാത്രമാണ് ഫർണീച്ചർ (1 Reading Table+10 Arm Chair) കൈപ്പറ്റിയതായി രേഖയുള്ളത്. ബാക്കി ഒരു റീഡിംഗ് ടേബിളും 10 കസേരയും മറ്റ് ലൈബ്രറികളൊന്നും കൈപ്പറ്റിയതായി രേഖയില്ല. ലഭിച്ച ഫർണീച്ചർ സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത് വിതരണം ചെയ്തതായും കാണുന്നില്ല. ടി വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.16/11.4.2022) ഫർണീച്ചർ പൂർണ്ണമായി ലഭിച്ചുവെന്നും 2 ലൈബ്രറികൾക്കായി അവ വിതരണം ചെയ്തുവെന്നും കൈപ്പറ്റ് രസീത് ഉടൻ ലഭ്യമാക്കുമെന്നും അറിയിച്ചിട്ടുണ്ട്. അപാകത പരിഹരിച്ച് രേഖാമൂലം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-47 പകൽ വീട് - ഭൗതിക സാഹചര്യങ്ങൾ വർദ്ധിച്ചെങ്കിലും പ്രവർത്തനക്ഷമമായില്ല

പ്രോജ നം.342/21, പകൽ വീട് അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ

അടങ്കൽ - 550000/-

ചെലവ് - 281601/-(ജില്ലാ പഞ്ചായത്ത്)

പ്രസ്തുത പ്രോജക്ടിൽ പകൽ വീടിനായി ടി.വി, ഫ്രിഡ്ജ് തുടങ്ങിയ ഗൃഹോപകരണങ്ങൾ ഉൾപ്പെടെ ധാരാളം ഉപകരണങ്ങൾ തൻവർഷം വാങ്ങിയിട്ടുണ്ട്. കൂടാതെ പകൽ വീടിന്റെ ഭൗതിക സാഹചര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനായി തനത് ഫണ്ട് കൂടാതെ പ്ലാൻ ഫണ്ടിൽ നിന്ന് തുക വകയിരുത്തി മറ്റ് പ്രോജക്ടുകൾ വഴിയും ധാരാളം തുക ചെലവഴിച്ചിട്ടുണ്ട്. എന്നാൽ പകൽ വീട് പ്രവർത്തനക്ഷമമായില്ല. ടി വിഷയം സംബന്ധിച്ച് നൽകിയ

ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.16/11.4.2022) ഫണ്ട് ലാപ്സാകാതിരിക്കാനാണ് അടിയന്തിരമായി ഫർണീച്ചർ വാങ്ങിയതെന്നും കോവിഡ് സാഹചര്യം മാറിയതിനാൽ ഉടൻ പ്രവർത്തനം ആരംഭിക്കുമെന്നും അറിയിച്ചിട്ടുണ്ട്. സമൂഹത്തിൽ ഒറ്റപ്പെട്ടവർക്കും വയോധികർക്കും ഏറെ പ്രയോജനപ്പെടുന്ന ഇത്തരം പകൽ വീടുകൾ തുറന്ന് പ്രവർത്തിക്കേണ്ടത് ആവശ്യമായതിനാൽ ഇക്കാര്യത്തിൽ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്. വിഷയത്തിൽ ക്ഷേമ കാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-48 തെരുവ് വിളക്ക്, പൊതു ടാപ്പുകൾ - സംയുക്ത പരിശോധന നടത്തിയില്ല

തനത് ഫണ്ട് വഴിയും പ്ലാൻ ഫണ്ട് വഴിയും ധാരാളം തുക കെ.എസ്.ഇ.ബി യിൽ വിവിധ നിക്ഷേപ പ്രവർത്തികൾക്കായി ഒടുക്കിയിട്ടുണ്ട്. എന്നാൽ തെരുവ് വിളക്കുകളുടെ വൈദ്യുത ചാർജ്ജ് കൃത്യമായി നിർണ്ണയിക്കുന്നതിനായി വൈദ്യുത പോസ്റ്റുകളിൽ ഓട്ടോമിറ്റിക് മീറ്ററിംഗ് സംവിധാനം പൂർണ്ണമായി ഏർപ്പെടുത്തിയിട്ടില്ല. പഞ്ചായത്ത് പരിധിയിൽ പ്രവർത്തനക്ഷമമായ തെരുവ് വിളക്കുകളെ സംബന്ധിച്ച് നാളിതുവരെ കെ.എസ്.ഇ.ബി യും പഞ്ചായത്തും സംയുക്ത പരിശോധന നടത്തിയതായി രേഖയില്ല. നിലവിലുള്ള ലൈറ്റുകളിൽ ബഹുഭൂരിപക്ഷവും ഊർജ്ജക്ഷമതയുള്ള എൽ.ഇ.ഡി ലൈറ്റുകളായി മാറിയെങ്കിലും സംയുക്ത പരിശോധനയുടെ അഭാവത്തിൽ കെ.എസ്.ഇ.ബി നൽകുന്ന വൈദ്യുതി ചാർജ്ജിന്റെ കൃത്യത ഉറപ്പാക്കാനായിട്ടില്ല. ആയതിനാൽ തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ്ജിനത്തിൽ ഉപയോഗിക്കാത്ത വൈദ്യുതിയ്ക്കും ഓരോ മാസവും പഞ്ചായത്തിൽ നിന്നും തുക ചെലവഴിക്കാനിടയാകുന്നു.

പൊതു ടാപ്പുകളുടെ വാട്ടർ ചാർജ്ജിനത്തിൽ ഓരോ മാസവും 88375/- രൂപ പഞ്ചായത്തിൽ നിന്നും കേരള വാട്ടർ അതോറിറ്റിയിൽ ഒടുക്കുന്നുണ്ട്. എന്നാൽ പ്രവർത്തനക്ഷമമായ ടാപ്പുകൾ സംബന്ധിച്ച് പഞ്ചായത്തും വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തിയിട്ടില്ല. വാട്ടർ അതോറിറ്റി ഓരോ മാസവും നൽകുന്ന ബില്ലിൽ 202 ടാപ്പുകളുടെ വാട്ടർ ചാർജ്ജാണ് (ഒരു ടാപ്പിന് ഒരു വർഷം 5250/-) ഉൾപ്പെടുത്തിയിട്ടുള്ളത്. കൃത്യമായി കണക്കെടുക്കാത്തതിനാൽ മേൽപ്പറഞ്ഞ രീതിയിൽ പഞ്ചായത്തിന്റെ പണം ഗണ്യമായ തോതിൽ വിവിധ ഏജൻസികൾക്ക് നൽകാനിടയാകുന്നു. അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.17/11.04.2022) കെ.എസ്.ഇ.ബി, വാട്ടർ അതോറിറ്റി എന്നീ ഏജൻസികളുമായി ചേർന്ന് സംയുക്ത പരിശോധന നടത്തുന്നതാണെന്നും അപാകത പരിഹിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. അപാകത പരിഹരിച്ച് ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-49 വാഹനത്തിന്റെ ലോഗ് ബുക്കിൽ മാസാന്ത്യം സംക്ഷിപ്തം തയ്യാറാക്കുന്നില്ല

പഞ്ചായത്ത് വാഹനത്തിന്റെ (KL 33K 3554) ലോഗ് ബുക്കിൽ മാസാന്ത്യം തുടക്കത്തിലെ റീഡിംഗ്, മാസാന്ത്യ റീഡിംഗ്, ആ മാസം ആകെ ഓടിയ കിലോമീറ്റർ, ഉപയോഗിച്ച ഡീസൽ, ടാങ്കിൽ അവശേഷിക്കുന്ന ഡീസൽ തുടങ്ങിയ വിശദാംശങ്ങളടങ്ങിയ സംക്ഷിപ്തം തയ്യാറാക്കി സൂക്ഷിക്കുന്നില്ല. വിശദാംശങ്ങൾ രേഖപ്പെടുത്തി അപാകത പരിഹരിച്ച് ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

# ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

# ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 3-1 പഞ്ചായത്ത് ഓഫീസ് ഫർണ്ണിഷിംഗ് - അളവ് രേഖപ്പെടുത്തലിലെ അപാകത മൂലം കരാറുകാരന് അധിക തുക നൽകി.

| | |
|---|---|
| പ്രോജക്ട് | 378/21 , പഞ്ചായത്ത് ഓഫീസ് ഫർണ്ണിഷിംഗ് |
| ചെലവ് | തനത് ഫണ്ട് -<br>1)8,91,708 രൂപ<br>(2019-20 ചെലവ്) - I St Bill |

| | |
|---|---|
| | 2)568970രൂപ- ചെക്ക് നം3939/11.11.2020 (SCB തുക്കൊടിത്താനം) - Final Bill<br>ആകെ - 14,60,678 രൂപ |
| കരാറുകാരൻ | ശ്രീ ലിനു ജോബ് , ബ്രൈറ്റ് മാർക്ക് എൻജിനീയേഴ്സ് |
| നിർവ്വഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |

പഞ്ചായത്ത് ഓഫീസ് ഫർണ്ണിഷിംഗ് പ്രവൃത്തിയ്ക്കായി 09-01-20 ൽ ബ്രൈറ്റ് മാർക്ക് എൻജിനീയേഴ്സ് ചങ്ങനാശ്ശേരി എന്ന സ്ഥാപനവുമായി കരാറിൽ ഏർപ്പെടുകയും , പ്രവൃത്തി ആരംഭിക്കുകയും 16-10-20ൽ പൂർത്തീകരിച്ച് ഫൈനൽബിൽ നല്കുകയും ചെയ്തു. 61-ാം നമ്പർ അളവ് പുസ്തകം പേജ് 64 ൽ ' Providing & Fixing Aluminium Work For Doors ,Windows, Ventilators And Partitions With Extruded Built Up Sections ‘ എന്ന ഇനത്തിൽ 24.425 കി.ഗ്രാം ആണ് യഥാർത്ഥ അളവ്. എന്നാൽ 19.305 കി.ഗ്രാം തെറ്റായി കൂട്ടിചേർത്ത് 43.725 കി.ഗ്രാം ആകെ അളവായി കണക്കാക്കി കരാറുകാരന് തുക നൽകി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവൃത്തി | യഥാർത്ഥ അളവ് | തെറ്റായി രേഖപ്പെടുത്തിയ അളവ് | കരാറുകാരന് നൽകിയ തുക (രൂപ) | കരാറുകാരന് നൽകേണ്ടിയിരുന്ന തുക (രൂപ) | കൂടുതൽ നൽകിയ തുക (രൂപ) |
|---|---|---|---|---|---|
| Providing & Fixing Aluminium Work For Doors ,Windows, Ventilators And Partitions With Extruded Built Up Sections | 24.425 കി ഗ്രാം | 43.725 കി.ഗ്രാം | 43.725 X 530 / Kg = 23174.25 രൂപ | 24.425 X 530 / Kg = 12945.25 രൂപ | 10229 |

കൂടാതെ എം ബുക്ക് നം 61 പേജ് 70 ൽ ' For Shutters Of Doors Windows & Ventilators Including Providing And Fixing Hinges Pivots And Making Provision For Fixing Of Fittings ‘ എന്ന ഇനത്തിൽ ഉൾപ്പെട്ട 'L ‘Angle Sliding And Fixed എന്ന പ്രവൃത്തിയ്ക്ക് (2.8 M) Co-efficient 2.38 Kg/m എന്ന് കണക്കാക്കിയാണ് അളവുകൾ രേഖപ്പെടുത്തിയിരിക്കുന്നത്. . എന്നാൽ ഇതേ പ്രവൃത്തിയുടെ മറ്റിനങ്ങൾക്കെല്ലാം Co-efficient 0.238 Kg/m എന്ന് കണക്കാക്കിയാണ് അളവുകൾ രേഖപ്പെടുത്തിയിരിക്കുന്നത്. ഈയിനത്തിൽ അധികം അനുവദിച്ച തുക ചുവടെ ചേർക്കുന്നു.

| ഇനം | അളവ് | എം ബുക്ക് പ്രകാരം അളവ് | കണക്കാക്കേണ്ടിയിരുന്ന അളവ് | യഥാർത്ഥത്തിൽ നൽകേണ്ടിയിരുന്ന തുക | നൽകിയ തുക | അധികം നൽകിയ തുക |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| For Shutters Of Doors Windows & Ventilators Including Providing And Fixing Hinges Pivots And Making Provision For Fixing Of Fittings '. 'L Angle Sliding And Fixed ' | 2.8 M | 2.8 X 2.38 Kg/m = 6.664 Kg | 2.8 X 0.238 Kg/m =.664 Kg | 0.664 X 613.72 =407.51 | 6.664 X 613.72=4089.83 | 3682.32 |

ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് ( 21 /11.04.2022) അധികം നൽകിയ 13911/- രൂപകരാറുകാരനിൽ നിന്ന് ഈടാക്കുന്നതാണെന്ന മറുപടി നൽകി. തുക തിരികെ ഈടാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

3-2 ടോയ് ലറ്റ് ബ്ലോക്ക് നിർമ്മാണം - വിബിയുപി സ്കൂൾ - ജി എസ് ടി കോംപൻസേഷൻ ഇനത്തിൽ നൽകിയ തുക തിരികെ ഈടാക്കേണ്ടതാണ്.

| | |
|---|---|
| പ്രോജക്ട് | 399/21 , ദുരന്ത നിവാരണം - ടോയ് ലറ്റ് ബ്ലോക്ക് നിർമ്മാണം - വിബിയുപി സ്കൂൾ |
| ചെലവ് | 599013 (ധനകാര്യ കമ്മീഷൻ അവാർഡ്) |
| ബിൽ നം | 59/29.01.21 – 338745 രൂപ<br>99/17.03.21 - 260268 രൂപ |
| നിർവ്വഹണോദ്യോഗസ്ഥ | അസി.എഞ്ചിനീയർ |

(1) സ്കൂൾ പ്രധാനാധ്യാപികയായിരുന്ന ശ്രീമതി. മായാദേവി കെ ജി കൺവീനറായി ഗുണഭോക്തൃ സമിതി വഴി നടപ്പാക്കിയ പ്രസ്തുത പ്രവൃത്തിയുടെ ആകെ വേലമൂല്യമായ 534833 രൂപയ്ക്കൊപ്പം ജി എസ് ടി കോംപൻസേഷൻ തുകയായ 12% കൂടി ചേർത്താണ് ബിൽ തയ്യാറാക്കിയത്. 2 % ജി എസ് ടി സ്രോതസ്സിൽ കുറവ് ചെയ്തിട്ടുണ്ട് . അവശേഷിക്കുന്ന 10% തുക കൺവീനർ സർക്കാറിലേയ്ക്ക് അടവാക്കിയ രേഖകൾ ഹാജരാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| I St Bill | 2 Nd Bill |
|---|---|
| ആകെ വേലമൂല്യം - 302451<br>+ 12 % ജി എസ് ടി - 36294<br>ആകെ - 338745<br>(-) 2 % ജി എസ് ടി - 6050<br>അധികമായി കൺവീനർക്ക്<br>നൽകിയ തുക – 30244 രൂപ | ആകെ വേലമൂല്യം - 232382<br>+ 12 % ജി എസ് ടി - 27886<br>ആകെ - 260268<br>(-) 2 % ജി എസ് ടി - 4648<br>അധികമായി കൺവീനർക്ക്<br>നൽകിയ തുക – 23238 രൂപ |

| | |
|---|---|
| | (27886-4648) |
| കൺവീനർക്ക് അധികമായി നൽകിയ ആകെ തുക | 53 ,482 രൂപ |

അപാകതയിൽ വിശദീകരണം ആവശ്യപ്പെട്ട് നല്കിയ 6/06.04.22 -ാം നമ്പർ ഓഡിറ്റ് അന്വേഷണ കുറിപ്പിന് കൺവീനർക്ക് ജി.എസ്.ടി. രജിസ്ട്രേഷൻ ഇല്ല എന്ന് അറിയിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ ജി.എസ്.ടി. കോമ്പൻസേഷൻ ഇനത്തിൽ അധികമായി കൺവീനർക്ക് നൽകിയ 53,482 രൂപ തിരികെ ഈടാക്കി സർക്കാരിലടച്ച് വിവരം ലഭ്യമാക്കേണ്ടതാണ്.

(2) സർക്കുലർ നം. DB3-9058/17/CE/LSGD തീ. 16.03. 18 പ്രകാരം ഗുണഭോക്തൃ സമിതികൾ വഴി നടപ്പാക്കുന്ന പ്രവൃത്തികളിൽ 7.5% ഓവർ ഹെഡ് ചാർജ് ഉൾപ്പെട്ടിട്ടുണ്ട്. വാറ്റ് നിലവിൽ ഇല്ലാത്തതിനാലും ജി.എസ്.റ്റി അധിക വിഹിതം നല്കിയ തുകയിൽ നിന്നും ഈടാക്കുന്നതിനാലും 5% തുകകുറവ് ചെയ്യേണ്ടതും നികുതി അടച്ചതിന്റെ രേഖകൾ ഹാജരാക്കിയാൽ മാത്രം

കോമ്പൻസേഷനായി നല്കാവുന്നതുമാണ്.

| അനുവദനീയമായ വേലമൂല്യം | അളവുപുസ്തക പ്രകാരം വേലമൂല്യം | അധികം നല്കിയ തുക |
|---|---|---|
| 534833X105/110= 510522/- | 534833/- | 24311/- |

ഈ സാഹചര്യത്തിൽ ഓവർഹെഡ് ചാർജ് ഇനത്തിൽ അധികം നല്കിയ 5% തുകയായ 24311/- രൂപ തിരികെ ഈടാക്കി സർക്കാരിലേക്ക് അടക്കേണ്ടതാണ്.

3-3 ക്വാറി മക്ക് ഫില്ലിംഗ്-തെറ്റായി കണക്കാക്കി കരാറുകാരന് അധികതുക നല്കിയത്.

അസി.എൻജിനീയർ നിർവഹണ ഉദ്യോഗസ്ഥനായ 301ാം നമ്പർ ആഞ്ഞിലിവേലിക്കുളം നവീകരണം എന്ന പ്രവൃത്തി ബ്രൈറ്റ് മാർക്ക് എൻജിനീയേഴ്സ് & കോൺട്രാക്ടേഴ്സ് എന്ന സ്ഥാപനം കരാർ എടുക്കുകയും 09-01-20 ൽ കരാർവച്ച് പ്രവൃത്തി ആരംഭിച്ച് 14-01-21ൽ പൂർത്തീകരിച്ച് ഫൈനൽബിൽ നല്കുകയും ചെയ്തു.രണ്ട് പാർട്ട് ബില്ലുകളുൾപ്പെടെ അവസാനബിൽ നല്കിയപ്പോൾ പ്രവൃത്തിയുടെ മൂല്യം 832203/രൂപയും 99864 രൂപ(12%) ജി.എസ്.ടിയുമുൾപ്പെടെ ആകെ ചെലവ് 932067/രൂപയുമാണ്.(എം.ബുക്ക്-78/19-20 & 78(A)/19-20).

പ്രവൃത്തിയുടെ 4ാം മത്തെ ഇനം ക്വാറി മക്ക് ഫില്ലിംഗ് എന്നതാണ്.എം.ബുക്ക് പേജ് 19 ലെ, 78/19-20, രേഖപ്പെടുത്തൽ ചുവടെ ചേർക്കും പ്രകാരമാണ്.

19.20 X 3.60 X 0.20 = 69.12

4.43 X 7.70 X 0.20 =6.822

4.90 X 5.40 X 0.20 =5.29

14.45 X8.65 X 0.20 =24.99

3.80 X 7.25 X 0.20 =5.51

ആകെ 111.73 M3

എന്നാൽ 19.20 X 3.60 X 0.20 യഥാർഥത്തിൽ 13.824 M3 മാത്രമാണ്. അതു പ്രകാരം കണക്കാക്കിയാൽ ആകെ ക്വാറിമക്ക് ഫില്ലിംഗിന്റെ അളവ് 56.436m3 ആണ്. എന്നാൽ 111.73m3 ൽ 99.99 M3 ന് 890 രൂപ നിരക്കിൽ 88992.88 രൂപയും ബാക്കിയുള്ള 11.738 M3 ന് 866 രൂപ നിരക്കിൽ 10167.33 രൂപയും ഉൾപ്പെടെ ആകെ 99160.21 രൂപ കരാറുകാരന് നല്കി. എന്നാൽ യഥാർത്ഥത്തിൽ നല്കേണ്ടിയിരുന്നത് 56.436 X 890 = 50228/ രൂപയായിരുന്നു.

തെറ്റായി കണക്കാക്കിയതുമൂലം അധികം നല്കിയത് =48932/ (991607-50228) രൂപയാണ്.

കൂടാതെ ഇതിനൊപ്പം12%ജി.എസ്.ടി കൂടെ അനുവദിച്ചതുമൂലം ചെയ്യാത്ത പ്രവൃത്തിയിലൂടെയുണ്ടായ അധികചെലവിന്റെ വിവരം ചുവടെ ചേർക്കുന്നു.

പ്രവൃത്തിയുടെ അളവ് കൃത്യമായികണക്കാക്കുന്നതിലുണ്ടായ വീഴ്ച മൂലം കരാറുകാരന് നല്കിയ അധികതുക തിരികെ ഈടാക്കി സർക്കാരിലേക്കടയ്ക്കേണ്ടതാണ്.

| അർഹമായത് | നല്കിയത് | അധികം |
|---|---|---|

| | | |
|---|---|---|
| പ്രവൃത്തിമൂല്യം -783271/ (832203-48932) | പ്രവൃത്തിമൂല്യം - 832203/ | 48932/ |
| ജി.എസ്.ടി 12% -93993/ | ജി.എസ്.ടി 12% - 99864/ | 5871 |
| ആകെ ബിൽതുക - 877264/ | ആകെ ബിൽതുക -932067/ | 54803/ ബ്ലോക്ക് പഞ്ചായത്ത് വിഹിതം,വികസനഫണ്ട്. |

ബില്ലുകളുടെ വിവരം

1.20080452008100124015/04-05-20 – 427550/

2.20080452008110050337l/07-09-20 -369612/

3.20080452008100942550/14-01-21 -134905/

ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം.9/08-04-22 ന് ലഭ്യമാക്കിയ മറുപടിയിൽ അധികതുക കരാറുകാരനിൽ നിന്ന് ഈടാക്കുന്നതാണെന്ന് അറിയിച്ചു . അധികമായി നല്കിയ 54803/- രൂപ തിരികെ ഈടാക്കി സർക്കാരിലടച്ച് രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

3-4 ബില്ലിൽ തെറ്റായ ഇനം ഉൾപ്പെടുത്തി അധിക തുക നല്കി.

ബ്രൈറ്റ് മാർക്ക് എൻജിനീയേഴ്സ് & കോൺട്രാക്റ്റേഴ്സ് എസ്റ്റിമേറ്റിൽ നിന്ന് 2.01 % കുറഞ്ഞ നിരക്കിൽ 09-01-20 ൽ കരാർ വച്ച് ഏറ്റെടുത്ത അസി.എൻജിനീയർ നിർവഹണ ഉദ്യോഗസ്ഥനായ അമ്പലം തെക്കേനട ആഞ്ഞിലിവേലിക്കുളം റോഡ് പുനരുദ്ധാരണം എന്ന പ്രവൃത്തിയുടെ ബില്ലിൽ 7 ാമത്തെ ഇനമായി എം.ബുക്ക് 13 A യിലെ, 42, 43 പേജുകളിൽ 18 ാം പേജിൽ നിന്ന് കാരി ഫോർവേഡ് ചെയ്തു സെന്ററിംഗ് & ഷട്ടറിംഗ് എന്ന ഇനത്തിന്റെ ആകെ രേഖപ്പെടുത്തിയിരിക്കുന്ന 50.873 M2 ലുൾപ്പെടുത്തിയ 3.155 M2 അളവ് യഥാർഥത്തിൽ ഇല്ലാത്തതും തെറ്റായി ചേർത്തിട്ടുള്ളതുമാണ്.എം.ബുക്ക് പ്രകാരം 50.873 M2 ന് 267.52/m2 നിരക്കിൽ 13609.54/രൂപ കണക്കാക്കിയാണ് കരാറുകാരന് ആകെ ബിൽ തുക അനുവദിച്ചിട്ടുള്ളത്. 3.155 M2 ന് നല്കിയത് ,3.155 X 267.52 = 844/

വിശദവിവരം ചുവടെ ചേർക്കുന്നു.

| അർഹമായത് | അനുവദിച്ചത് | അധികം |
|---|---|---|
| പ്രവൃത്തിമൂല്യം = 416394<br>2.01% ടെന്റർ കുറവിന് ശേഷം =<br>416394 – 8370 = 408024<br>ജി.എസ്.ടി12% കൂട്ടുക<br>408024 + 48963 =456987<br>കുറയ്ക്കുക.<br>ആദായനികുതി 1% = 4080<br>നിർമ്മാണതൊഴിലാളി ക്ഷേമനിധി 1% = 4080<br>ജി.എസ്.ടി 2% =8160<br>കരാറുകാരന് = 440667 | പ്രവൃത്തിമൂല്യം =417238<br>2.01% ടെന്റർ കുറവിന് ശേഷം =<br>417238 – 8386 = 408852<br>ജി.എസ്.ടി12% കൂട്ടുക<br>408852 + 49062 = 457914<br>(457909/-രൂപയിൽ പരിമിതപ്പെടുത്തി)<br>കുറയ്ക്കുക.<br>ആദായനികുതി 1% = 4088<br>നിർമ്മാണതൊഴിലാളി ക്ഷേമനിധി 1% = 4088<br>ജി.എസ്.ടി 2% =8176 | 457909-456987=922/- |

| | | |
|---|---|---|
| | കരാറുകാരന് =441562 | |

ബില്ലുകളുടെ വിവരം

1.20080452008100942018/14-01-21 = 336117/

2.20080452008100942018/14-01-21 = 121792/

ആകെ = 457909/

അധികം പിൻവലിച്ച 922/- രൂപ ഈടാക്കി സർക്കാരിലേക്ക് അടവാക്കേണ്ടതാണ്.(കരാറുകാരനിൽ നിന്ന് തുക ഈടാക്കുന്നതാണെന്ന് ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറി 7/07-04-22 ന് മറുപടി നല്കി)

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യ പത്രിക-ഓഡിറ്റ് സർട്ടിഫിക്കറ്റുകളുടെ വിവരം

തുക്കൊടിത്താനം ഗ്രാമപഞ്ചായത്തിന്റെ 2020-21 വാർഷിക ധനകാര്യപത്രിക പഞ്ചായത്ത് ഭരണസമിതി 14/06/2021-ലെ 8(1) നം. തീരുമാന പ്രകാരം അംഗീകരിച്ച് എയിംസ് സോഫ്റ്റ് വെയർ മുഖേന ഓൺലൈനായി നിയമപരമായ സമയപരിധിക്കുള്ളിൽ ഓഡിറ്റിന് ഹാജരാക്കിയിരുന്നു. ധനകാര്യ പത്രിക ഓഡിറ്റ് സമയത്ത് ( 06/04/22 ൽ) പരിശോധിച്ച് വിശേഷണങ്ങളോട് കൂടിയ സാക്ഷ്യപത്രം അനുബന്ധം-1 ആയി നല്കിയിട്ടുണ്ട്. ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീപ്റ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, 31/03/2021-ലെ ബാലൻസ് ഷീറ്റ് എന്നിവ യഥാക്രമം അനുബന്ധം-3,4,5 ആയി ചേർത്തിരിക്കുന്നു.

### 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | ലഭിച്ച തിയതി | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 260000 | 2020-21 | ലൈഫ് ഭവന പദ്ധതി ( എസ് സി പി ) | 260000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 300000 | 2020-21 | അങ്കണവാടി അനുപൂരക പോഷകാഹാര പദ്ധതി | 300000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 500000 | 2020-21 | ഭിന്നശേഷി കുട്ടികൾക്ക് സ്കോളർഷിപ്പ് | 500000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 100000 | 2020-21 | വയോജനങ്ങൾക്ക് കട്ടിൽ | 100000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 199999 | 2020-21 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 199999 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 199550 | 2020-21 | കറവപ്പശുക്കൾക്ക് കാലിത്തീറ്റ വിതരണം | 199550 | 0 |
| ആകെ | 1559549 | | | 1559549 | 0 |
| ജില്ലാ പഞ്ചായത്ത് | 800000 | 2020-21 | ലൈഫ് ഭവന പദ്ധതി ( എസ് സി പി ) | 800000 | 0 |

| | | | | | |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 1320000 | 2020-21 | ലൈഫ് ഭവന പദ്ധതി - ലോൺ തിരിച്ചടവ് | 1320000 | 0 |
| ജില്ലാ പഞ്ചായത്ത് | 411000 | 2020-21 | ഭിന്നശേഷി കുട്ടികൾക്ക് സ്കോളർഷിപ്പ് | 411000 | 0 |
| ആകെ | 2531000 | | | 2531000 | 0 |

സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച തുക വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല

## 4-3 ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| ക്രമ നം. | നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| 1 | ജില്ലാ നിർമ്മിതി കേന്ദ്രം | 162/21, പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം - കെട്ടിട നിർമ്മാണം | 1500000* | 0 | 1500000 |
| 2 | കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | 111/21, എസ്.സി കോളനികളിൽ സ്ട്രീറ്റ് ലൈൻ നീട്ടലും ലൈറ്റ് സ്ഥാപിക്കലും | 260376 | 0 | 260376 |
| 3 | കേരള വാട്ടർ അതോറിറ്റി | 160/21, കുടിവെള്ള പൈപ്പ് ലൈൻ - സ്ഥാപിക്കലും മാറ്റി സ്ഥാപിക്കലും | 500000 | 0 | 500000 |
| 4 | കേരള വാട്ടർ അതോറിറ്റി | 389/21കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ - 2 | 300000 | 0 | 300000 |
| 5 | കേരള വാട്ടർ അതോറിറ്റി | 286/21, കുടിവെള്ള പൈപ്പ് ലൈൻ സ്ഥാപിക്കൽ | 100000 | 0 | 100000 |

*അക്രഡിറ്റഡ് ഏജൻസികളെ ഏൽപ്പിക്കുന്ന പ്രവൃത്തികളിൽ ആദ്യ ഘട്ടത്തിൽ 20% തുക മാത്രം മാനദണ്ഡപ്രകാരം കൈമാറാമെന്നിരിക്കെ അടങ്കലിന്റെ 75% തുക തൻവർഷം കൈമാറിയിട്ടുണ്ട്.

## 4-4 മൊബിലൈസേഷൻ അഡ്വാൻസ്

തൻവർഷം മൊബിലൈസേഷൻ അഡ്വാൻസ് ഇനത്തിൽ പഞ്ചായത്ത് ഫണ്ടിൽ നിന്നും തുകകൾ ഒന്നും നല്കിയിട്ടില്ല.

## 4-5 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 1720000 രൂപ വരവുണ്ട്. മുൻബാക്കി 10236349/- രൂപയടക്കം 11956349/-രൂപയിൽ 1390549/-രൂപ തിരിച്ചടച്ചിട്ടുണ്ട്. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ

തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം ലഭിച്ച തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവനം കെയു ആർ ഡി എഫ് സി | ജി ഒ (എം എസ്) 68/2018 തീ 18-5-2018 | 10236349 | 1720000 | 1390549 | | 10565800 |

മുൻ ബാക്കിയിൽ പലിശ വരവ് ഉൾപ്പെടെയുള്ള തുകയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

## 4-6 സ്ഥിര നിക്ഷേപങ്ങൾ

സ്ഥിരനിക്ഷേപങ്ങൾ ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

2020-21 വാർഷിക ധനകാര്യ പത്രിക പ്രകാരം ഓഡിറ്റ് റിക്കവറി ഇനത്തിൽ വരവില്ല. പഞ്ചായത്തിൽ ഓഡിറ്റ് റിക്കവറി രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. സാമ്പത്തിക വർഷം തിരിച്ച് ഓഡിറ്റ് റിക്കവറി ഇനത്തിൽ ലഭിക്കുന്ന തുകകളുടെ വിവരം രജിസ്റ്റർ തയ്യാറാക്കി റിക്കവറിക്ക് ആധാരമായ ഓഡിറ്റ് റിപ്പോർട്ട് വർഷം, ഖണ്ഡിക, ഒടുക്കിയ ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും, ഒടുക്കിയ രസീത് നം./തീയതി തുടങ്ങിയ എല്ലാ വിശദാംശവും ഉൾപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-വകുപ്പ പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2019-20 | 1-19 | 2020-21 | അനുബന്ധം 2 ക്രമ നം. 52 | മെഡിക്കൽ ഓഫീസർ പി.എച്ച്.സി നടപ്പാക്കിയ പ്രോജക്ടുകൾ | കമ്മിറ്റിയുടെ പരിഗണനയിലാണ് |

## 4-9 ചാർജ്/സർചാർജ് നടപടികളുടെ വിവരം

ചാർജ്/സർചാർജ് നടപടികൾ തുടരുന്ന ഖണ്ഡികകൾ ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പെടെ) | 160912650 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 141086796 |

| | |
|---|---|
| നീക്കിയിരിപ്പ് | 19825854 |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 147429 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 5546036 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 13911 | ശ്രീമതി.ലൈല ബി , അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-2 | 77793 | ശ്രീമതി.ലൈല ബി , അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-3 | 54803 | ശ്രീമതി.ലൈല ബി , അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-4 | 922 | ശ്രീമതി.ലൈല ബി , അസിസ്റ്റന്റ് എഞ്ചിനീയർ |
| ആകെ | 147429 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-27 | 153442 | ഡോ. ഷീജാ ഫിലിപ്പ്, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി |
| 1-45(i) | 1666805 | എൻ.ആർ.മുരളീധരൻ നായർ, സെക്രട്ടറി |
| 1-45(ii) | 1500000 | ,, |
| 1-45(iii) | 1802015 | ,, |
| 1-45(v) | 423774 | ,, |
| ആകെ | 5546036 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേര്, ഉദ്യോഗപ്പേര് | ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക വിലാസം | സ്ഥിര വിലാസം |
|---|---|---|
| ശ്രീമതി ലൈല ബി<br>അസിസ്റ്റന്റ് എഞ്ചിനീയർ | വിരമിച്ചു | ലൈലാ ബി<br>ആര്യ നിവാസ്<br>മൂലവിള<br>കാഞ്ഞിരംകുളം പി.ഒ<br>തിരുവനന്തപുരം |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ്റിപ്പോർട്ടുകളുടെ വിവരം

സംസ്ഥാന ഓഡിറ്റ് വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഓഡിറ്റ് റിപ്പോർട്ടുകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിശദാംശം ചുവടെ ചേർത്തിരിക്കുന്നു.

| റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1999-00 | കെ.എസ്.എ-കെ.ടി.എം.പി03-1447/2016 /28.12.2017 | 1 |
| 1998-99(Exp) | കെ.എസ്.എ-കെ.ടി.എം.പി10(അദാ-2018)/193(1)/2018/21.02.2018 | 1 |
| 2000-01&2001-02 | നം.എൽ.എഫ്.കെ.പി8-668/03 /14.11.2003 | 20 |
| 2003-04 ചെലവ് | കെ.എസ്.എ-കെ.ടി.എം.പി10(അദാ-2018)/193(4)/18/21.02.2018 | 1 |
| 2004-05 | കെ.എസ്.എ-കെ.ടി.എം.പി10(അദാ-2018)/193(7എ)/18/05.06.2018 | 4 |
| 2005-06വരവ് | കെ.എസ്.എ-കെ.ടി.എം.പി10(അദാ-2018)/193(6എ)/18/05.06.2018 | 1 |
| 2005-06 | കെ.എസ്.എ-കെ.ടി.എം.പി10(അദാ-2018)/193(6)/2018/21.02.2018 | 2 |
| 2006-07 | കെ.എസ്.എ-കെ.ടി.എം.പി10-606(1)/2018 /04.04.2018 | 8 |
| 2007-08 | കെ.എസ്.എ-കെ.ടി.എം.പി10(അദാ-2018)/193(8)/2018/21.02.2018 | 5 |
| 2008-09 | കെ.എസ്.എ-കെ.ടി.എം.പി10(അദാ-2018)/193(9)/18/21.02.2018 | 14 |
| 2009-10 | കെ.എസ്.എ-കെ.ടി.എം.പി10-606(2)/2018 /04.04.2018 | 9 |
| 2010-11 & 11-12 | കെ.എസ്.എ-കെ.ടി.എം.പി10-606(3)/2018 /04.04.2018 | 9 |
| 2012-13 | കെ.എസ്.എ-കെ.ടി.എം.പി10-2024/2017 /27.12.2017 | 8 |
| 2013-14 | കെ.എസ്.എ-കെ.ടി.എം.പി3-599/2015 /26.08.2016 | 4 |
| 2014-15 | കെ.എസ്.എ-കെ.ടി.എം.പി3-1452/2016/13.02.2017 | 21 |
| 2015-16 | കെ.എസ്.എ-കെ.ടി.എം.പി10-766/2017/05.01.2018 | 15 |
| 2016-17 | കെ.എസ്.എ-കെ.ടി.എം.പി.10-819/2017/04.12.2017 /16.06.2017 | 20 |

| | | |
|---|---|---|
| 2017-18 | കെ.എസ്.എ-<br>കെ.ടി.എം.പി.10-1436/2018<br>/17.10.2019 | 26 |
| 2018-19 | കെ.എസ്.എ-<br>കെ.ടി.എം.പി.10-1883/2019<br>/10.06.2020 | 34 |
| 2019-20 | കെ.എസ്.എ-<br>കെ.ടി.എം.പി.10-477/2021<br>/05.01.2022 | 25 |

അവശേഷിക്കുന്ന ഖണ്ഡികകൾക്ക് വ്യക്തമായ മറുപടി അനുബന്ധരേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഉൾപ്പടെ ഓഡിറ്റിൽ ഹാജരാക്കി ഖണ്ഡിക തീർപ്പാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.)
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കോട്ടയം ജില്ലയിലെ തൃക്കൊടിത്താനം ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോട്ടയം ജില്ലയിലെ തൃക്കൊടിത്താനം ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്